Vol VI.
പുസ്തകം ൬.

1926.
൧൧൦൧

No. 6
ലക്കം ൬.

# വിദൂഷകൻ




വരിസംഖ്യ ഒരു കൊല്ലത്തേക്ക്
൩ ക.

Subscription
Rs. 3

## The Malabar Punch

ഒരു ലക്കത്തിന്ന
൪-ണ.

പരസ്യത്തിന്ന
ചുരുങ്ങിയറേറ്റ്

Single Copy
As. 4.

## രത്നാഭരണങ്ങൾ

—*—



ഇവിടെ തനിപ്പവൻകൊണ്ടു വിചിത്രതരങ്ങളായ രത്നങ്ങൾ പതിച്ചു തുറന്നും മൂടിയും കെട്ടിയതുമായ അനേകവിധം മൂക്കുത്തി, മോതിരം, കാപ്പ്, നെക്ലേസ്, പതക്കം, ബ്രൂച്ച, കമ്മല്, ചങ്ങല മുതലായ നവീന പരിഷ്ക്കാരത്തിലുള്ള എല്ലാ ആഭരണങ്ങളും വില്പാൻ തയ്യാറുണ്ടു്. ഏതു മാതൃകക്കനുസരിച്ചും മിതമായ വിലവിന്മേൽ കൃത്യസമയത്തു പണിതീർത്തുകൊടുക്കും. അന്യദിക്കുകാർ വിലയിൽ പകുതി സംഖ്യ മുൻകൂറായി അയച്ചുതരേണ്ടതുമാണ്. വിദൂഷകനിലെ പരസ്യപ്രകാരം എന്നു, കത്തെഴുതുമ്പോൾ പ്രത്യേകം എഴുതാനപേക്ഷ.

ആഭരണങ്ങളുടെ മാതൃകയോടുകൂടിയ വിലവിവരപ്പട്ടികക്കു
സ്റ്റാമ്പ്സഹിതം ആവശ്യപ്പെടുക.

ഉണ്ണിയാട്ടിൽ കുട്ടൻമേനോൻ,
ആഭരണവ്യാപാരം,
൬ തക്കെനെടക്കാവ്,— തൃശ്ശിവപേരൂർ.

---

വലിയകൊട്ടാരം ഭാഗവതർ എസ്സ്. രംഗനാഥയ്യർ സ്വരപ്പെടുത്തിയ

# സംഗീതഗ്രന്ഥങ്ങൾ

### ൧ സംഗീതതരംഗം.

സപ്തസ്വരം, വരിശകൾ, അലങ്കാരങ്ങൾ, ഗീതങ്ങൾ, സ്വരജതികൾ, (ത്യാഗയ്യാ, പട്ടണം സുബ്രഹ്മണ്യയ്യർ മുതലായവരുടെ) വർണ്ണങ്ങൾ, കീർത്തനങ്ങൾ, ഉൾപ്പെടെ നൂറുകൃതികൾ അഭ്യാസക്രമമായി രീതിപ്പെടുത്തി സ്വരപ്പെടുത്തിയിട്ടുള്ള ഗ്രന്ഥപരമ്പര.

| | | |
|---|---|---|
| | | ചക്രം |
| ൧-ം ൨-ം ഭാഗങ്ങൾ | (൧-ം ൨-ം ക്ലാസ്സുകൾക്കു) | ൪ |
| ൩-ാംഭാഗം | ൩-ാം ക്ലാസ്സിലേക്കു | ൬ |
| ൪ " | ൪- " | ൮ |
| ൫ " | ൫- " | ൧൨ |
| ൬ " | ൬- " | ൧൪ |
| ൭ " | ൭- " | ൧൬ |

### ൨ ബാലാമൃതം

സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് കല്പിച്ചുണ്ടാക്കിയ സംഗീതകൃതികൾ (സ്വരജതികൾ, വർണ്ണങ്ങൾ, കീർത്തനങ്ങൾ, രാഗമാല, തില്ലാന, ഉത്സവപ്രബന്ധം. ഹിന്ദിഭാഷയിൽ ടപ്പാ. ടുമരി, ക്യാൽ. ധ്രുപദ് മുതലായവ) സംഗീതവിദ്യാഭ്യാസത്തിന്റെ പ്രഥമപാഠങ്ങളായ സരളിവരിശകൾ, ജണ്ഡവരിശകൾ, സപ്തതാള അലങ്കാരങ്ങൾ, ഗീതങ്ങൾ മുതലായവയും സംഗീതശാസ്ത്രതത്വങ്ങളും സഹിതം സ്വരപ്പെടുത്തിയതു്.

വില രൂപാ ൩. അണ. ൮.

### ൩ സംഗീതരാജരംഗം

(അതിമനോഹരമായ ഗാനകലാഭ്യാസ
സ്വയംബോധിനി)

ത്യാഗയ്യാ ദീക്ഷിതർ, പട്ടണം സുബ്രഹ്മണ്യയ്യർ മുതലായ പ്രസിദ്ധ സംഗീതവിദ്വാന്മാരുടെ വിശേഷതരമായ ൧൨൫-ഒന്നാന്തരം കൃതികൾ തിരഞ്ഞെടുത്തു താളങ്ങൾ മുതലായതിന്റെ പൂർണ്ണമായി സംജ്ഞകളും കൃതികൾക്കു അർത്ഥവും സഹിതം സ്വരപ്പെടുത്തിയതു്.

വില രൂപാ ൪- അണ ൮.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

☞ ടി. ആർ. ശങ്കരനാരായണയ്യർ,
സംഗീതതരംഗം ആഫീസ്, ദീക്ഷിതർതെരുവ്, കോട്ടയ്ക്കകം തിരുവനന്തപുരം.

# നല്ല സ്വർണ്ണാഭരണങ്ങൾവേണോ?

**എങ്കിൽ ഞങ്ങളോടാവശ്യപ്പെടുക.**

മിതമായവിലയ്ക്കും ചുരുങ്ങിയ പ്രതിഫലത്തിന്നും ചെയ്തുകൊടുപ്പാൻ തയ്യാർ.
തനിപ്പവൻ! അസ്സൽപ്പണി! ഒന്നാംതരം ഇമിറ്റേഷൻ കല്ല്! നല്ല രത്നങ്ങൾ പതിച്ചതും ഉണ്ട്.

ദിനേദിനേ മാറിക്കൊണ്ടിരിക്കുന്ന പുതിയപുതിയ ഫാഷനിൽഅവരവരുടെ ഇഷ്ടാനുസരണംഅതി വിശേഷമായ രീതിയിൽപണി ചെയ്ത കമ്മൽ, മാല, അഡ്ഢിയൽ, മൂക്കുത്തി, കടുക്കൻ, കാപ്പുമുതലായ ഏതുതരം ആഭരണങ്ങളും കല്ലുവച്ചതും വയ്ക്കാത്തതും ഞങ്ങളുടെപക്കൽ എപ്പോഴുംഉണ്ടായിരിക്കുന്നതാണ്.

വി. പി. അയയ്പ്പാനാവശ്യപ്പെടുന്നവർ അഡ്വാൻസ് അയച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്കു എഴുതുക.

പി. പൊടിയപ്പനാചാരി ആൻഡ് ബ്രദേഴ്സ്,
ആഭരണവ്യാപാരം, കമ്പോളം, കൊല്ലം — പറവൂർ.

---

## VAIDYA GOPINATH KRUSHNAJI KSHATRIYA.

KAYDEWADI, SADASHIV STREET,
POST GIRGAOM No. 4, BOMBAY.



3 GOLD, 4 SILVER, I BRONZE MEDALS & 8 DIPLOMAS OF HONOR AWARDED IN DIFFERENT EXHIBITIONS HELD IN DIFFERENT CITIES IN INDIA.

Internal & external Leprosy Emulsion (Red) 2 Bottles Rs. 7-8 Tonic Pills No. 1 (100) Rs. 4-2 Infantile convulsions Rs. 3-12-0. Anti Corpulence Rs. 3-2-0.

Piles oinment Piles powder Wind Killing oil, Emamogogue Pills AGUE SYRUP Ozena Remedy Rs. 2-8 per bottle.

Headache Remedy. Leucoderma Powder (white leprosy) internal and external, Guinea Worm Past Rs. 1-14-0 per bottle.

Diggestive Pills 100 Jaundice Powder, Hair Dye. G. Injection Rs. 1-9-0 bottle.

Tooth powder Wind killing on Rs. 0-5 0 per bottle.

Musk per Tola Rs. 32 & 10.

FEVER Dispeller, Fever Drod Fever Dispeller Pills Insect protector, Cough Syrup, Tonic Pills No. 2 Eye Drops G. cure & Pills HAIR Restorer, SARSODYEN Blood purifier Debilatory Powder Pills for painful menlsuration, Lime Surup Worm Powder, Oil Paper mint Medicine to keep in Vargina Ring-worm cakes 10 Rs. 1-4 0 per bottle.

Diarrhoea and CHOLERA Dispeller Cough Pills, Ear Drops. Scorpion sting Remedy, Dysentery mixture Rs 1-0-0.

Universal ointment, Chancer ointment, Headache powder Rs. 0-10-0.

RINGWORM ointment, small bottle price annas 5 for one dozen Rs. 2-8-0.

Purgative Pills, Itch ointment Essence Comphor, Ess: Pepperment Ess: Pudina Ess, Aniseed Rs 0-8-0.

BALAMRUT. Best infant Tonic price Re. 1-4 0 per bottle & Dozen bottles Rs. 12.

Packing and Postage Extra

**VAIDYA GOPINATH KRUSHNAJI KSHATRIA,**
SADASHIV STREET, GIRGAUM P. O., No. 4. BOMBAY.

# ആനന്ദരാമായണം.

(ഗദ്യം)

സംസ്കൃതത്തിൽനിന്നു് ലളിതമലയാളത്തിൽ പരിഭാഷപ്പെടുത്തിയതാണു് ഈ പുസ്തകം. സാധാരണ രാമായണങ്ങളിൽ കാണാത്ത അനവധി വിവരങ്ങൾ ഇതിൽ കൂട്ടതലുണ്ടു്. സീത, മണ്ഡോദരി ഇവരുടേയും, രാവണൻ, ഇന്ദ്രജിത്തു്, കുംഭകർണ്ണൻ, വിഭീഷണൻ, ബാലി, സുഗ്രീവൻ, അംഗദൻ, ഹനുമാൻ, ദശരഥൻ, ഇവരുടേയും പൂർവ്വചരിത്രങ്ങൾ ഇതിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ടു്. ശ്രീരാമന്റെ പരമപാവനവും, സർവ്വോത്തമവും, സർവ്വപാപഹരവുമായ ഈ ആനന്ദരാമായണം പ്രാണികളുടെ ഭാഗ്യവിശേഷം നിമിത്തം ലോകത്തിൽ പ്രചരിച്ചുകൊണ്ടിരിക്കും. ഇതിനെ പാരായണംചെയ്യുന്നതുകൊണ്ടു തന്നെ ജനങ്ങൾ സൽഗതിയെ പ്രാപിക്കും. മനുഷ്യർ ഈ രാമായണം പാരായണം ചെയ്യുന്നതുവരെ മാത്രമേ ബ്രഹ്മഹത്യാദികളായ പാപങ്ങൾ ജൃംഭിക്കയുള്ളൂ. ഈ രാമായണം വായിക്കുന്നതു കേൾക്കുന്നതു വരെ മാത്രമേ കലിയുടെ ഉത്സാഹം ലോകത്തിൽ പ്രവർത്തിക്കയുള്ളൂ. ആരു് ഒരുവൻ ഈ രാമായണം അന്യമുഖത്തുനിന്നു കേൾക്കുന്നുവോ, അവരും സർവ്വപാപങ്ങളിൽനിന്നും മോചിക്കും. ബ്രഹ്മഹത്യാദികളായ മഹാപാപങ്ങൾക്കു് പ്രായശ്ചിത്തം ചെയ്യേണമെന്നു വിചാരിക്കുന്നവർ ഈ രാമായണപാരായണം കൊണ്ടു് പാപമുക്തരായിഭവിക്കും. ഇതിന്റെ പാരായണത്താൽ മനുഷ്യനു സർവ്വകാമങ്ങളും കൈവരും. പുത്രനെ വേണ്ടവനു പുത്രനുണ്ടാകും; ധനം വേണ്ടവനു ധനം ലഭിക്കും. പതിയെ വേണ്ടവൾക്കു പതി ഉണ്ടാകും. എന്നല്ല, സർവ്വകാമങ്ങളും കൈവരും ഇപ്രകാരമാണു് ഇതിന്റെ മാഹാത്മ്യത്തെപ്പററി ഇതിൽതന്നെ വർണ്ണിച്ചിട്ടുള്ളതു്. ഡമ്മി സയിസ്സിൽ ൫൦൦ ഭാഗത്തോളം വലിപ്പമുള്ള ഈ പുസ്തകത്തിനു് വില ഉറുപ്പിക ൨.

## മററു പ്രസിദ്ധപുസ്തകങ്ങൾ.

| | | | | | |
|---|---|---|---|---|---|
| ശ്രീവേദവ്യാസൻ-ജീവചരിത്രം | | 0 8 0 | വീട്ടിലും പുറത്തും ഗദ്യം | | 1 8 0 |
| അമ്മയും മകളും-നോവൽ | | 1 4 0 | ശ്രീരാമഗീതാവ്യാഖ്യാനം | | 3 0 0 |
| പത്മാലയം | ടി | 3 0 0 | അഷ്ടപദി | ടി | 1 0 0 |
| മൃണാളിനി | ടി | 1 4 0 | ശ്രീരാമകൃഷ്ണപരമഹംസൻ | | 1 0 0 |
| ശിവാജി | ടി | 1 4 0 | രവികിരണം | ഗദ്യം | 0 8 0 |
| വിലാസിനി | ടി | 1 4 0 | ചിത്രാംഗദ | ടി | 0 8 0 |
| കാമശാസ്ത്രം | ഗദ്യം | 2 0 0 | ശൃംഗാരശതകം | ടി | 0 8 0 |
| രഘുരാമൻ | ടി | 0 10 0 | തപാൽകൂലി പുറമെ | | |

മാനേജർ, ജ്ഞാനസാഗരം പുസ്തകശാല
തൃശ്ശിവപേരൂർ.

---

## മഷി നന്നല്ലെങ്കിൽ

എഴുതാൻ തീരെ സുഖമില്ലെന്നെത്രപേരാണു് പറയുന്നതു്. അത്തരക്കാർക്കൊരു സുവർണ്ണാവസരം ഇതാ ലഭ്യമായിരിക്കുന്നു. നല്ല ഒന്നാന്തരം ബ്ളൂബ്ളാക്കു് മഷി ഞങ്ങളുടെ പക്കൽ വില്പാൻ തയ്യാർ. പൌഡറും ഉണ്ടു്. ഫൌണ്ടൻമഷി വേണമെങ്കിൽ അതും ഉണ്ടു്.

ഗുണത്തിൽ സംശയം വേണ്ട. അനേകം മഹാന്മാർ സർട്ടിഫിക്കററു തന്നിട്ടുണ്ടു്. ആവശ്യക്കാർ എഴുതിച്ചോദിക്കുക.

ശ്രീഗോപാൽ ഇങ്ക്‌വർക്ക്സ്, പാളയം—തിരുവനന്തപുരം.

ഇതേവരെ വെളിക്കു വന്നിട്ടില്ലാത്തതും അത്യത്ഭുതകരവുമായ

# ശ്രീരാമകൃഷ്ണദേവന്റെ ജീവചരിത്രം

**അപ്ടോൺപടങ്ങളോടുകൂടിയത്.**

ശിശുപ്രായത്തിൽതന്നെ മായാബന്ധങ്ങളെ ഖണ്ഡിച്ചു സ്വയമേവ മുക്തനാവുകയും അനവധി ജനങ്ങൾക്കു മുക്തിക്കു മാർഗ്ഗോപദേശം നൽകുകയും ചെയ്ത ശ്രീനാരായണാംശസംഭൂതനും മഹാപുരുഷനും സർവ്വത്ര പൂജ്യനും സമുദായപ്രഭുവും പരമഹംസപരിവ്രാജകാചാര്യോത്തംസവും ആയ ഭഗവാൻ ശ്രീരാമകൃഷ്ണന്റെ പരിപാവനവും വിശദവുമായ ഈ ജീവചരിത്രത്തിൽ അദ്ദേഹത്തിന്റെ പ്രപിതാമഹന്റെ ജനനം തുടങ്ങി ഭഗവാന്റെ സമാധിവരെയുള്ള സകല ചരിത്രങ്ങളും ലീലകളും അടങ്ങിയിട്ടുണ്ട്. ഇതുപോലെ വിശദവും വിശ്വസനീയവുമായ ഒരു ജീവചരിത്രം മറ്റൊരു ഭാഷയിലും ഇതേവരെയുണ്ടായിട്ടില്ല. ഗ്രന്ഥകർത്താവിനു ഭഗവാന്റെ പ്രധാനശിഷ്യന്മാർ പലരിൽനിന്നും ഉപദേശരൂപേണ സിദ്ധിച്ചിട്ടുള്ള അറിവുകളും രേഖകളും മറ്റും ആസ്പദമാക്കി നിർമ്മിച്ചിട്ടുള്ള ഈ മന്വന്തരത്തിലെ അത്യത്ഭുതകരമായ ഒരു അഭിനവഭാഗവതം ആണ് ഈ ഭക്തിസുധോദയമായ ജീവചരിത്രം. സരയൂനദിയിൽ ശരീരത്യാഗം ചെയ്ത രഘുവീരനായ ഭഗവാൻ രാമചന്ദ്രസ്വാമിയുടെ ആത്മാവും വൃന്ദാവനലീലാലോലനായ ശ്രീരാമകൃഷ്ണഭഗവാന്റെ മായാലീലകളും ശക്തിവൈഭവങ്ങളും ഒത്തിണങ്ങിയ ഒരു അവതാരമായിരുന്നു ഭഗവാൻ ശ്രീരാമകൃഷ്ണദേവനെന്നും പരമഭാഗവതനായ വായ്വംശസംഭൂതൻ ശ്രീമൽ ഹനുമാന്റെയും ഗീതോപദേശം വാങ്ങിയ അർജ്ജുനന്റേയും ഒന്നുചേർന്ന അവതാരമായിരുന്നു വിവേകാനന്ദസ്വാമികൾ എന്നും ഈ ജീവചരിത്രം വായിക്കുമ്പോൾ ആർക്കും ബോദ്ധ്യമാകും. അതുകൊണ്ടു രാമായണവും ഭാരതവും ഭാഗവതവും ഭഗവൽഗീതയും ഉപനിഷത്തുകളും മറ്റും വായിക്കുന്നതിനാൽ ഉണ്ടാവുന്ന ഭക്തിയും മുക്തിയും രസവും ജ്ഞാനവും ആനന്ദവും എല്ലാം ഈ ഏകഗ്രന്ഥത്തിന്റെ പാരായണത്തിൽനിന്നും ഉണ്ടാകുമെന്നുള്ള ഞങ്ങളുടെ അഭിപ്രായം ശരിയല്ലയോ എന്നു മഹാജനങ്ങൾ ഇതിൽ ഓരോ പുസ്തകം വരുത്തി വായിച്ചു പരിശോധിക്കുവിൻ! വായനക്കാരുടെ സൗകര്യത്തിനായി മൂന്നുഭാഗങ്ങളായി പിരിച്ചിരിക്കുന്നു.

ബാലകാണ്ഡം കിശോരഭാവം വില ണ ൮.
സുന്ദരകാണ്ഡം സാധകഭാവം വില ണ ൮.
ഉത്തരകാണ്ഡം ആചാര്യഭാവം വില ണ ൮.
എല്ലാം ഒന്നായിച്ചേർത്തു കാലിക്കോബയന്റു ചെയ്ത പുസ്തകത്തിനു വില ൨ ക. മാത്രം.

## നാണമ്മയുടെ പ്രാണഹാനി

അഥവാ

പുരുഷഹൃദയത്തിന്റെ ചാപല്യം.

ആഖ്യാനരീതിയിലുള്ള കരുണാമയവും, മർമ്മസ്പൃക്കുമായ ഒരു നവീനകഥ
അച്ചടിച്ചു വില്പനയ്ക്കു തയ്യാറായിരിക്കുന്നു. വില അണ ൩.

എസ്. റ്റി. റെഡ്യാർ ആൻഡ് സൺസ്, വി. വി പ്രസ്സ്, — കൊല്ലം.

---

നല്ല അവസരം! ഇന്നുതന്നെ അപേക്ഷിപ്പിൻ!

## ആയുർവേദീയബൃഹൽ

നപുംസകസംജീവിനി.

വൈദ്യന്മാർക്കും വൈദ്യവിദ്യാർത്ഥികൾക്കും എന്നല്ല, ശരീരാരോഗ്യത്തേയും ആയുസ്സിനേയും നിലനിർത്തുവാനാഗ്രഹിക്കുന്ന ഏവർക്കും ഒരു നല്ല അവസരം; ഹിന്ദിഭാഷയിൽമാത്രം പ്രചരിച്ചിരുന്നതായ ഒരു അപൂർവ്വ ആയുർവേദവൈദ്യഗ്രന്ഥം. വില അണ ൩ മാത്രം. തപാൽചാർജ്ജ് പുറമെ.

അപേക്ഷിക്കേണ്ടും മേൽവിലാസം:—പയിങ്ങാലിൽ പി. പരമേശ്വരൻനായർ,
വേദാന്തസാഗരം ബുക്കുഡിപ്പൊ, പള്ളിപ്പാട്ടു അകംകുടിമുറി,—ഹരിപ്പാട്ട്.

൧൦൮൭-ൽ സ്ഥാപിച്ചതു്.

കല്ലുപതിച്ചതും പതിക്കാത്തതുമായ

# സ്വർണ്ണാഭരണങ്ങൾ.

കെ. ഈശ്വരവാരിയർ ആൻഡ് ബ്രദേഴ്സ്.

ആഭരണവ്യാപാരം—തൃശ്ശിവപേരൂർ

തനിപ്പവൻ. ഇതാ തയ്യാർ. വിശേഷമായ പണിത്തരങ്ങൾ.



ഒററക്കൽമൂക്കുത്തി. ൧ ക. ൮-ണ മുതൽ ൩ ക. വരെ.
കൽകട്ടക്കൻജോടി ൧-ക്കു ൩ ക, ൮ ണ മുതൽ ൨൦ ക വരെ
പതക്കം ൮ ക. മുതൽ ൪൦ ക. വരെ.
ചെറിയസ്വർണ്ണക്കമ്മലുകൾ ൩ ക. ൮ ണ മു ൧൫ ക വരെ
മോതിരം ൮ ക. മുതൽ ൨൫ ക. വരെ.

മററു പലേമാതിരി വിശേഷപ്പെട്ട ആഭരണങ്ങളും ഞങ്ങളുടെ പക്കൽ തയ്യാറുണ്ട്. അധികവിവരം അറിവാൻ വിവിധമാതൃകകളോടുകൂടിയ പുതിയ വിലവിവരപ്പട്ടികക്കെഴുതുക.

N. B. മേൽത്തരം നൽപവിഴം ൪൮ എണ്ണം അടങ്ങിയ മാല ൧-ക്കു ൧ ക. ൮ ണ.

---

## ആഭരണശാല.

പരോപകാരത്തെയും പൊതുജനനന്മയേയും മുൻനിറുത്തി പ്രവർത്തിക്കുന്ന ഒരു നവീന.

### വ്യവസായമന്ദിരം.

ഇവിടെ രത്നംപതിച്ചതും പതിക്കാത്തതുമായ എല്ലാമാതിരി ആഭരണങ്ങളും മിതമായ കൂലിയിൽ ഹിതമായരീതിയിൽ കൃത്യസമയത്തു ചെയ്തുകൊടുക്കപ്പെടും. ഇവിടത്തെ പണിത്തരങ്ങൾ പെരുമാററങ്ങൾ മുതലായവയിലുള്ള നിഷ്കാപട്യം പരീക്ഷിച്ചറിയേണ്ടതാണു്.

രത്നാഭരണങ്ങൾക്കു നാലിൽ ഒന്നും സ്വർണ്ണാഭരണങ്ങൾക്കു നാലിൽ മൂന്നും വില മുൻകൂർ അടച്ചു ആവശ്യപ്പെടുന്നവർക്കു വി. പി.യായി അയച്ചുകൊടുക്കുവാനും ഞങ്ങൾ തയ്യാറാണു്.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

പി. മാടസ്വാമി ആചാരി,
ആൻഡ് ബ്രദേഴ്സ്,
വഞ്ചിയൂർ, തിരുവനന്തപുരം.

ഡാക്ടർ എം. എൻ. പിള്ളയുടെ

## ബി. &. എസ്. സൊലൂഷൻ.

നിങ്ങൾക്കു ശരീരത്തിനു ശക്തിയും ബുദ്ധിക്കു ഉന്മേഷവും പ്രവൃത്തിക്കു തന്റേടവും ശരീരത്തിനും തലച്ചോറിനും ആരോഗ്യവും പ്രത്യേകിച്ചു വിദ്യാർത്ഥികൾക്കു ഓർമ്മശക്തിയും ആവശ്യമുണ്ടെങ്കിൽ

ബി. ആൻഡ് എസ്. സൊലൂഷൻ
സേവിക്കുക.

ചെറുപ്പക്കാർക്കുണ്ടാകാറുള്ള ഇന്ദ്രിയസ്ഖലനത്തിനു് ഇതു ഒരു കൈകണ്ട ഔഷധമാണു്.

ഒരുമാസത്തേക്കുള്ള കുപ്പി ൧-നു രൂ. ൨.
ചെറിയകുപ്പിക്കു രൂ ൧.

### മസൂരിയെ

തടയുന്നതിനുള്ള സിദ്ധൌഷധം രൂപാ ൧.
മസൂരിരോഗത്തിനുള്ള സിദ്ധൌഷധം രൂ ൧.

ഡാക്ടർ എം. എൻ. പിള്ള,
എൽ. എം. എസ്. (ഹോമിയോ)
തിരുവനന്തപുരം.

# വിദൂഷകൻ.

# THE MALABAR PUNCH.

പുസ്തകം ൩. { ൧൧൦൧ } ലക്കം ൩.


## പ്രസാധകക്കുറിപ്പുകൾ

### പ്രജാസഭാപരിഷ്കാരം

—*—

"പ്രജാസഭ പരിഷ്കരിക്കേണം പരിഷ്കരിക്കേണം" എന്ന മുറവിളി ഏറെനാളായി കേട്ടുവരുന്നുണ്ട്. എങ്ങിനെയാണു പരിഷ്കരിക്കേണ്ടതെന്ന കാൎയ്യത്തിലേ വിഷമമുള്ളു. എങ്ങിനെ പരിഷ്കരിച്ചാലും വേണ്ടില്ലെന്നുള്ള അഭിപ്രായക്കാരും ധാരാളമുണ്ട്. പ്രജാസഭയെ അടിച്ചുടച്ച് ഒരു "കൊച്ചുപാർലമെൻറാ"ക്കി വാർത്തെടുത്താൽ കൊള്ളാമെന്നാണ് യോഗ്യന്മാരുടെ അഭിപ്രായം. പാർലമെൻറന്നോ കാൺഗ്രസ്സെന്നോ എന്തുപേരുവിളിച്ചാലും ഗവൎമ്മേൻറിൻെറ "പ്രെസ്റ്റിജി"ന്നു കോട്ടംതട്ടാത്തവിധത്തിലുള്ള പരിഷ്കൃതിക്കേ ഗവൎമ്മേൻറു സമ്മതിക്കയുള്ളു. പക്ഷെ കൂടുതൽ അധികാരവും അവകാശവും ലഭിക്കുന്ന പരിഷ്കാരത്തിലേ ജനങ്ങൾക്കു ആഗ്രഹമുള്ളു. ഈ നിലയിൽ എങ്ങിനെയാണു പരിഷ്കരിക്കേണ്ടതു്? എങ്ങിനെയാണു പരിഷ്കരിക്കേണ്ടതെന്നു നിശ്ചയമില്ലാഞ്ഞിട്ടാണു് ഗവൎമ്മേൻറു മിണ്ടാതിരിക്കുന്നതു്. ഗവൎമ്മേൻറിനെ സമ്മതിപ്പിച്ചു പരിഷ്കരിക്കേണ്ടതെങ്ങിനെയെന്നു വിവരമില്ലാഞ്ഞിട്ടാണു് ജനങ്ങൾ അനങ്ങാതിരിക്കുന്നതു്. ഇങ്ങിനെ ഈ വിഷയത്തിൽ ആരുമാരും മിണ്ടാതെ മിറുങ്ങാതെ ഇരിക്കുന്നതു ഉചിതമല്ലെന്നാണു് ഞങ്ങൾ വിചാരിക്കുന്നതു്. ആകയാൽ ഞങ്ങളൊരു പരിഷ്കാരപദ്ധതി നിർദ്ദേശിക്കുന്നു. ഗവൎമ്മേൻറും ജനങ്ങളുംകൂടി യോജിച്ചോ യോജിക്കാതെയോ എങ്ങിനെയായാലും ഇതു നടപ്പാക്കുവാൻ ശ്രമിച്ചാൽകൊള്ളാം. അത്രമാത്രമേ ഞങ്ങളിപ്പോൾ പറയുന്നുള്ളു. ഗവൎമ്മേൻറിനിഷ്ടമാവാത്ത നിലയിലുള്ള വലിയ പരിഷ്കാരത്തിനല്ല ഞങ്ങൾ ഉദ്ദേശിക്കുന്നതു്. പൊതുജനങ്ങൾക്കിഷ്ടമാവാത്ത വിധത്തിലുള്ള ചെറിയ പരിഷ്കാരവുമല്ല ഞങ്ങൾ നിർദ്ദേശിക്കുന്നതു്. അതെങ്ങിനെയാണെന്നുവെച്ചാൽ ഇപ്പോഴത്തെ രീതിയിൽനിന്നു വലിയ ഭേദഗതിയൊന്നുമില്ല. എന്നാൽ ചെറിയ ഭേദഗതിയൊന്നുമല്ലതാനും. മേലാൽ "പ്രജാസഭ, പ്രജാസഭ" എന്നുംപറഞ്ഞു് ദിവാൻജിയും ഉദ്യോഗസ്ഥന്മാരും മെമ്പ്രന്മാരും പത്രറിപ്പോർട്ടർമാരും കൂടെ ജൂബിലിഹാളിൽ ഒരു ഇരിപ്പിരുന്നു വിഷമിക്കേണമെന്നില്ല. ഇക്കൂട്ടർക്കു, ഒന്നരണ്ടാഴ്ചക്കാലത്തേക്കു ഇതുമൂലമുണ്ടാവുന്ന ബുദ്ധിമുട്ടും വിഷമവുമൊന്നും മേലാൽ അവർ സഹിക്കേണമെന്നില്ല. ഞങ്ങളുടെ പരിഷ്കാരപദ്ധതിയനുസരിച്ചാണെങ്കിൽ പ്രജാസഭ ഇപ്പോഴത്തേതിലും വലിയ ഭംഗിയായും വെട്ടപ്പാച്ചുമങ്ങു നടത്തുകയുംചെയ്യാം. അതിൻെറ ബുദ്ധിമുട്ടും സങ്കടവുമൊന്നും ആരും അനുഭവിക്കുകയുംവേണ്ട. പ്രജാസഭകൊണ്ടു ഇപ്പോഴുള്ള ഉപയോഗവും പ്രയോജനവുമൊക്കെ നാട്ടുകാൎക്കു റെഡിക്കു ലഭിക്കുകയുംചെയ്യും. ഇതിന്നു മറെറാന്നുംവേണ്ട. സാമാജികന്മാർ അവരവരുടെ വീട്ടിൽതന്നെ

ൂരുന്നുകൊണ്ടാൽമതി. പക്ഷേ കാലേക്കൂട്ടി അവരവരുടെ നിവേദനംമാത്രം ഗവമ്മേൻറിലേയ്ക്കു് അഞ്ചൽ വഴിയോ തപാൽ വഴിയോ റെജിസ്റ്റർ ചെയ്തയച്ചേക്കണം. നിവേദനങ്ങൾക്കുള്ള മറുവടി തയ്യാറാക്കി അച്ചടിപ്പിച്ചു് ഗവർമ്മെൻറു അതാതു സാമാജികന്മാർക്ക് അയച്ചുകൊടുക്കണം. ഇതുകൂടാതെ എല്ലാ നിവേദനങ്ങളുടേയും അവയ്ക്കുള്ള മറുവടികളുടേയും ചുരുക്കംകൂടി ഗവർമ്മെണ്ടിൽനിന്നുതന്നെ അച്ചടിപ്പിച്ചു വർത്തമാനപ്പത്രക്കാർക്കും കൂടി അയച്ചുകൊടുക്കണം. പിന്നീടു് അതിപ്രധാനമായ മറെറാരു സംഗതി സാമാജികന്മാർക്കുള്ള മൈലേജും പടിയുംമററും ഇപ്പോഴത്തേപ്പോലെതന്നെ അവർക്കുകൊടുത്തേക്കുകെ എന്നുള്ളതാണു്. പത്രപ്രതിനിധികൾക്കുള്ള കാപ്പിച്ചുകം അവർക്കും അവരുടെ കയ്യിൽവച്ചു കൊടുക്കുകയോ അയച്ചുകൊടുക്കുകയോ ചെയ്യണം. ഇങ്ങനെയായാൽ പിന്നെ ആർക്കുമാർക്കുമൊരു സങ്കടവുമില്ല; പരാതിയുമില്ല; വഴക്കുമില്ല; വയ്യാവേലിയുമില്ല. ഇങ്ങനെ സഭയൊന്നും കൂടാതെതന്നെ പ്രജാസഭാമഹോത്സവം മഹാമോടിയായും ബഹുവെടിപ്പായും ആഘോഷിക്കാവുന്നതാകുന്നു. ഈ ആഘോഷം ഇപ്പോഴത്തെ ആഘോഷത്തെക്കാൾ എത്രയും പ്രശംസനീയമായിരിക്കുമെന്നു തന്നെ ഇപ്പോഴത്തെ ആഘോഷം കണ്ടിട്ടുള്ളവരുംകൂടി തലകുലുക്കി സമ്മതിക്കാതിരിക്കുന്നതല്ല. ഈ പരിഷ്ക്കാരംമൂലം ഗവർമ്മെണ്ടിനു ബഹുസുഖവും സമാധാനവുമുണ്ടാകും. പ്രതിനിധികൾക്കു നല്ല ലാഭവും സന്തോഷവുമുണ്ടാകും. പത്രക്കാർക്കു വലിയ സൌകര്യവും സംതൃപ്തിയുമുണ്ടാകും. നാട്ടിനു വലിയ ഐശ്വര്യവും അഭിവൃദ്ധിയുമുണ്ടാകും. ഇങ്ങനെ നാനാവിധത്തിലും ഗുണകരവും ഉപയോഗപ്രദവുമായ ഈ പരിഷ്ക്കാരമനുസരിച്ചു തന്നെ വരുന്ന കൊല്ലംമുതലെങ്കിലും പ്രജാസഭ നടത്തണേ നടത്തണേ എന്നു ദിവാൻ സായിപ്പിനോടു വിദൂഷകൻ കാര്യമായും ഗൌരവമായും ശിപാർശ ചെയ്തുകൊള്ളുന്നു.

—*—

## ക്രിസ്ത്യാനികളാകുവിൻ

—*—

ക്രിസ്ത്യാനികൾക്കേ ഉദ്യോഗം കൊടുക്കുന്നുള്ളു കൊടുക്കുന്നുള്ളു എന്നു ഗവമ്മേൻറിന്റെ മേൽ വലിയ പരാതിയായിരിക്കുന്നു. മററുള്ളവരുടെ അവകാശങ്ങളെ ഹനനംചെയ്തും അവഗണിച്ചുംകൂടി ക്രിസ്ത്യാനികൾക്കേ ഉദ്യോഗം കൊടുക്കുന്നുള്ളു കൊടുക്കുന്നുള്ളുവെന്നു പരാതിക്കുമീതെ പരാതിയായിരിക്കുന്നു. ഈ പരാതിയെല്ലാം കേട്ടിട്ടു് ഞങ്ങൾക്കു മുട്ടൻചിരിയാണു വരുന്നതു്. വലിയ വലിയ പരീക്ഷയുണ്ടായിരുന്നാൽപോരാ; പൂർണ്ണയോഗ്യതയും അവകാശവും സർവീസുമൊക്കെക്കൂടി ഒരുമിച്ചുണ്ടായിരുന്നാലും പോരാ; ന്യായമായി അവരവർക്കു കിട്ടേണ്ടതു ശരിക്കു വാങ്ങുവാൻ തക്കതായ നയവും സാമർത്ഥ്യവും മററും മററും കൂടി മനുഷ്യർക്കത്യാവശ്യമാണു്. "എനിക്കു സർവീസുണ്ടു്; യോഗ്യതയുണ്ടു്; അവകാശമുണ്ടു്; അതുകൊണ്ടു പ്രമോഷനും ശമ്പളക്കൂടുതലും കൂടിതന്നെ താൻ വായിൽവന്നു വീണുകൊള്ളും" എന്നുമനപ്പായസവുംകുടിച്ചു കണ്ണുമടച്ചു വായുംപൊളിച്ചിരുന്നാൽ ആ വായ്ക്കകത്തു മണ്ണടിക്കുന്നതിലും ഈ "വാപൊളപ്പൻ" ഇരിക്കേണ്ടുന്നതസ്ഥാനത്തു ആണുങ്ങൾകേറി സ്ഥലംപിടിക്കുന്നതിലും ഒട്ടും അത്ഭുതപ്പെടുവാനില്ല. മററുള്ള മണ്ടന്മാരെന്തിനു ക്രിസ്ത്യാനികളെ പഴിക്കുന്നു? എന്തിനസൂയപ്പെടുന്നു? അവർ യോഗ്യന്മാർ; വിദ്വാന്മാർ; ആണുങ്ങൾ; ചുണക്കുട്ടികൾ. അവർക്കു കിട്ടേണ്ടതുവാങ്ങുവാൻ മാത്രമല്ല കിട്ടാത്തതുവാങ്ങുവാനുംകൂടി വേണ്ട വശമുണ്ടു്; കൌശലമുണ്ടു്; സൂത്രമുണ്ടു്; തന്ത്രമുണ്ടു്; സേവയുണ്ടു്; നയമുണ്ടു്; സാമർത്ഥ്യമുണ്ടു്; വേണ്ടുംപണവുമുണ്ടു്. മററുള്ളവർക്കു ഈ വകയെല്ലാം പൂജ്യം. പൂജ്യമേ പൂജ്യം. അതുകൊണ്ടു് ഉദ്യോഗം വേണമെന്നുള്ളവർ ഇനി ചെയ്യേണ്ടതു മററൊന്നുമല്ല. ക്രിസ്ത്യാനികളാവുകയാകുന്നു. ശുദ്ധമേ ക്രിസ്ത്യാനികളാവുകയാകുന്നു. ഉദ്യോഗംവേണമോ? വേണമോ? വേണമെങ്കിൽ ഉടനടി ക്രിസ്ത്യാനികളാകുവിൻ. ആകുവിൻ. അവരെപ്പോലെ നടക്കുവിൻ; അവരെപ്പോലെ കുടിക്കുവിൻ; അവരെപ്പോലെ കൊടുക്കുവിൻ; അവരെപ്പോലെകിടക്കുവിൻ; അവരെപ്പോലെ നോക്കുവിൻ; അവരെപ്പോലെനടിക്കുവിൻ; കുരിശുകെട്ടുവിൻ; പള്ളിക്കുപോകുവിൻ; കെട്ടുവിൻ, കെട്ടുവിൻ; പോകുവിൻ. പോകുവിൻ. ക്രിസ്ത്യാനികളാകുവിൻ; ക്രിസ്ത്യാനികളാകുവിൻ.

—*—

## പത്രക്കാരുടെനേരേ

—*—

ഇവിടത്തെ വർത്തമാനപ്പത്രക്കാരുടെനേരേ ഗവമ്മേൻറു ഓങ്ങിപ്പിടിച്ചിരിക്കുന്ന ചന്ദ്രഹാസം എത്രയും ജാജ്വല്യമാനമായിത്തന്നെ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ഒരു പത്രക്കാരനെ കൊലപ്പുള്ളിയോ

ട്ടംപോലും കാട്ടാത്ത രൌദ്രത്തോടുകൂടി പിടിച്ചപിടിയാലെ പിടിച്ച ജാമ്യത്തിൽപോലും വിടാതെ ശിക്ഷിച്ചു ജയലിലയച്ചു. മററൊരു പത്രക്കാരനെ ജാമ്യത്തിൽ വിട്ടെങ്കിലും ആ കേസ് ഇപ്പോഴും വിസ്താരത്തിലിരിക്കുന്നതേഉള്ളൂ. മൂന്നാമതൊരു പത്രത്തിന്റെമേൽ കേസെടുക്കുവാൻ ആലോചന പൂർത്തിയായിരിക്കുന്നു. ഇനി ബാക്കിയുള്ള പത്രക്കാരിൽ ആരുടെയെല്ലാം നേക്കാണ് ഈ ചന്ദ്രഹാസം പതിക്കുവാൻ പോകുന്നതെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ഈവക കേസുകളും നടവടികളുമെല്ലാം കണ്ടും കേട്ടും ഇവിടത്തെ വർത്തമാനപ്പത്രക്കാരെല്ലാം കിടുങ്ങിക്കോട്ടെ. നടുങ്ങിക്കോട്ടെ. അടങ്ങിക്കോട്ടെ. ഇപ്പോഴത്തെ ഗവമ്മേൻറിനെപ്പററിയോ മഹാറാണിതിരുമനസ്സിലെപ്പററിയോ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെപ്പററിയോ മററുസമുദായക്കാരെപ്പററിയോ അവരുടെയെല്ലാം ഗുണദോഷങ്ങളെപ്പററിയോ ഇനിയും ബാക്കിയുള്ള പത്രക്കാരെങ്കിലും മിണ്ടാതിരിക്കുമെന്നുതന്നെ ഞങ്ങൾ വിശ്വസിക്കുന്നു. അതല്ല വല്ലപത്രക്കാരും ഇനിയും വല്ല ബഹളങ്ങളും തുടങ്ങുകയാണെങ്കിൽ അവരുടെയൊക്കെപ്പേരിൽ കേസെടുക്കുകയും അവരെയൊക്കെ ജാമ്യത്തിൽ വിടാതെ "ആമ"ത്തിൽ വയ്ക്കുകയും അവരെയെല്ലാം ശിക്ഷിച്ചു ജയിലിലയക്കുകയും ചെയ്യാതിരിക്കുകയില്ലെന്നുംകൂടി ഞങ്ങൾ വിശ്വസിക്കുന്നു. ഏതെങ്കിലും ഈവക കേസുകളാൽ പ്രസിദ്ധരായിത്തീർന്ന പത്രാധിപന്മാരെയും അവരുടെ പ്രസിദ്ധിക്കു ഇടയാക്കിയ ഗവമ്മെണ്ടിനേയും ഞങ്ങൾ അനുമോദിക്കുന്നുവെങ്കിലും മേല്പടി കേസുകളുടെ ഫീസുവകയിൽ ദിവസമൊന്നിനു നൂറുരൂപ്പികവീതം വസൂലാക്കിക്കൊണ്ടിരിക്കുന്ന റിട്ടയേർഡ് നിയമവിദഗ്ദ്ധൻ മിസ്റ്റർ (ലാ) സുബ്ബയ്യരെ മററുള്ളവക്കൊപ്പമായും മററുള്ളവരെക്കാൾ കൂടുതലായും ഞങ്ങൾ അനുമോദിച്ചുകൊള്ളുന്നു. ഇനിയുമിനിയും സക്കാർ ഭാഗം പിടിച്ച് അനേകമനേകം പത്രക്കേസുകൾ നടത്തുവാൻ മിസ്റ്റർ സുബ്ബയ്യക്കും കൊടുക്കുവാൻ ഗവമ്മേൻറിനും ഭാഗ്യമുണ്ടാവട്ടെ ഉണ്ടാവട്ടെ എന്നുകൂടി ഒന്നുകൂടി ഞങ്ങൾ പ്രാത്ഥിക്കുകകൂടി ചെയ്തുകൊള്ളുന്നു.

— —

## ഉണ്ടയില്ലാത്ത വെടി.

— * —

തിരുവിതാംകൂറിലൊരു "റീജൻസികൌൺസിൽ" ഏപ്പെടുത്തുവാൻ ബ്രി. ഗവർമ്മേൻറ് ആലോചിച്ചുവരുന്നുണ്ടെന്നൊരു ഉണ്ടയില്ലാത്ത വെടി ഈയ്യിടെ ചില വർത്തമാനപ്പത്രക്കാർ കൂടി അടിച്ചു മുഴക്കിയിരുന്നുവല്ലോ. പഴയ രാജഗോപാലാചാരിതന്നെ പുതിയ കൌൺസിൽ പ്രസിഡണ്ടായിവരുന്നുണ്ടെന്നും കൂടികേട്ടപ്പോൾ ഇവിടത്തെ ചില പഴയ "അണ്ണ"ന്മാരും "മാമ"ന്മാരും മററും ഇളകിച്ചാടുവാൻ വട്ടംകൂട്ടിയിരിക്കുകയായിരുന്നു. രാജഭക്തിയിലെന്നല്ല, റാണി ഭക്തിയിലും കൂടി അടിതീയരായ ഈ രാജ്യവാസികൾ ബ്രി. ഗവർമ്മേൻറങ്ങിനെ വല്ലതും നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആ നിശ്ചയത്തെ പ്രബലമായി പ്രതിഷേധിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. വേണ്ടിവന്നാൽ നാനാജാതിമതസ്ഥന്മാരടങ്ങിയ ഒരു "ജാഥാ"പോയി വൈസറായിയെ സന്ദർശിക്കുവാനുംകൂടി തയ്യാറാകുന്നതാണ്. സത്യാഗ്രഹത്തിനും സത്യാഗ്രഹഭടന്മാക്കും യാതൊരു ക്ഷോഭവുമില്ലാത്ത ഈ രാജ്യത്ത് ഇക്കാലത്തു ഇവിടത്തെ ആഭ്യന്തരഭരണകാര്യങ്ങളിൽകയ്യിടുവാൻ ബ്രി. ഗവർമ്മേൻറുദ്ദേശിക്കുന്നുണ്ടെങ്കിൽ അതു് അവരുടെ മാനത്തിനും മര്യാദയ്ക്കും ഹാനികരമാണെന്നും മേൽപറഞ്ഞ ഉണ്ടയില്ലാത്തവെടിയിൽ വല്ല വാസ്തവകണികയുമുണ്ടെങ്കിൽ ബ്രി. ഗവർമ്മേൻറിന്റെ നേരെ സഹനസമരം തുടങ്ങുവാൻ തന്നെയും ഇവിടത്തെ മഹാറാണിഭക്തന്മാർ ചാടിപ്പുറപ്പെടുമെന്നുമുള്ള പരമാത്ഥം ബ്രി. ഗവർമ്മേൻറിന്റെയശസ്സിനെ കരുതിമാത്രം വിദൂഷകൻ മുൻകൂറായി അറിയിച്ചുകൊള്ളുന്നു.

## ശുദ്ധമേ വെടി.

— * —

### പുതിയ പ്രൊസീഡിങ്ങ്സ്?

തിരു: സർവീസിൽ ഉദ്യോഗമായിരിക്കുന്ന എത്ര വലിയ ആരോഗ്യവാന്മാരായ ആളുകളേയും ൫൫-ാമിക ഞാറ്റൊടനെ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിടുന്ന ചട്ടമാണിപ്പോൾ നടപ്പിലിരിക്കുന്നതെങ്കിലും തിരുവനന്തപുരം ലാക്കാളേജിലെ ഉദ്യോഗത്തിന് ൫൫-മുതൽ മേല്പോട്ടു ൱൫-വരെ വയസ്സുള്ള ആരെയും നിയമിച്ചുകൊള്ളുന്നതു നിയമവിരുദ്ധമാവുന്നതല്ലെന്നു ഇതിനിടെ ഉദ്ദേശം ൬൫-വയസ്സുള്ള മി. ഈ. ജേ. ജാണിനു ലാക്കാളേജ് പ്രിൻസിപ്പാലുദ്യോഗം കൊടുത്തതോടുകൂടി ഒരു പുതിയ പ്രൊസീഡിംഗ്സ് പാസാക്കുവാൻ തിരു: ഗവമ്മേണ്ടു നിശ്ചയിച്ചിരിക്കുന്നതായി കേൾക്കുന്നു.



നായർപ്രമാണികൾ
ആളോഹരിനക്രവക്ത്രഗഹ്വരത്തിൽകിടന്നു
സമുദായവേലചെയ്യുന്നതു്!

ദിവാൻ ബോർഡ്.

ഭക്തിവിലാസത്തിൽ കുന്നുകുന്നായി കൂട്ടിയിരിക്കുന്ന ഫൈലുകൾ വായിച്ചു് യഥോചിതം തീർച്ചപ്പെടുത്തുവാൻ ഒരാളുടെ കണ്ണും കയ്യുംകൊണ്ടുമാത്രം സാധിക്കാത്തതിനാൽ ഫൈലുകളെല്ലാം തീരുന്നതുവരെ ഡർബാർഫിസിഷനുദ്യോഗത്തിനെന്നപോലെ ദിവാനുദ്യോഗത്തിനുംകൂടി ഒരു ബോർഡ് ഏർപ്പെടുത്തുവാൻ പ്രബലമായ ആലോചനകൾ നടക്കുന്നതായി കേൾക്കുന്നതിൽ യാതൊരു പരമാർത്ഥവുമില്ലെന്നു തലസ്ഥാനലേഖകൻ കമ്പിയടിച്ചിരിക്കുന്നു.

* * *

സ്ഥലംമാററാത്ത ചെമ്പുതകിട്.

അമ്പലപ്പുഴ ദേവസ്വം അസി: കമ്മീഷണർ മി: നീലകണ്ഠയ്യരെ അദ്ദേഹം ഉദ്യോഗത്തിലിരിക്കുന്ന കാലത്തോളം ഗവമ്മെണ്ടിന്റെ സ്ഥലംമാററ ഏർപ്പാടുകളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളതും ഒരു പക്ഷെ മി. അയ്യർ ദേഹത്തു ധരിച്ചുകൊണ്ടു നടക്കാനിടയുള്ളതായി ഊഹിക്കപ്പെട്ടിരിക്കുന്നതുമായ ഒരു ചെമ്പുതകിട് ഈയിടെ അമ്പലപ്പുഴക്കാരൻ ഒരു പോററിക്കു കളഞ്ഞുകിട്ടിയിരിക്കുന്നതായി ടി. പോററി ആലപ്പുഴക്കാരൻ ഒരു വക്കീലിനോടു പ്രസ്താവിച്ചിരിക്കുന്നുവത്രെ.

* * *

തഹശീൽദാർക്കു പള്ളിപ്പണി.

മൂവാററുപുഴമുതലായ മലം താലൂക്കുകളിലെ തഹശീൽദാരന്മാർ സ്വന്ത ജോലികൾക്കു വിഘ്നം കൂടാതെ പള്ളിപണിയിപ്പിക്കുകയും കൂടി ചെയ്തുവരുന്നതു് ഗവമ്മേൻറിന്റെ വല്ല സ്പെഷ്യൽ ഉത്തരവുംപ്രകാരമാണെങ്കിൽ മുഹമ്മദീയരുടെ ആവശ്യത്തിലേക്കു ഏതാനും പള്ളികൾ കൂടി പണിയിക്കേണ്ടതു അത്യാവശ്യമായിത്തീർന്നിരിക്കുന്നതിനാൽ ആ കാര്യത്തിലേക്കു ഒരു മൂന്നാലു തഹശീൽദാരന്മാരെയെങ്കിലും കൂടി ഉടനടി ഏർപ്പെടുത്തിക്കിട്ടേണ്ടതാണെന്നു കാണിച്ചു് ഒരുക്കൻ മെമ്മോറിയൽ ഫൈറേഞ്ചു മുഹമ്മദീയർ കൂടി ഗവമ്മേൻറിലേക്കു സമർപ്പിക്കുവാനും ഒരു ഡിപ്യൂട്ടേഷൻ പോകാനും മററും തീർച്ചപ്പെടുത്തിയിരിക്കുന്നതായി ഒരു മലനാടൻ സ്വപ്നംകണ്ടിരിക്കുന്നുവത്രേ.

* * *

കോടതിയിൽ ചുരുട്ടുവലി.

മുൻസിപ്പന്മാർ, മജിസ്ട്രേട്ടന്മാർ മുതലായവർ കോടതിയിലിരുന്നു ചുരുട്ടുവലിക്കുന്നതിലും കറുപ്പു തിന്നുന്നതിലും ഗവമ്മെണ്ടിനു യാതൊരു വിരോധവുമില്ലെന്നു തീരുമാനിക്കാൻ ദയവുണ്ടാകുമൊ എന്നൊരു ചോദ്യം ഒരു ചുരുട്ടുവലിക്കാരൻ മജിസ്ട്രേട്ടിന്റെ ആവശ്യപ്രകാരം അയാളുടെ സ്നേഹിതനായ ഒരു സാമാജികൻ അടുത്ത നി. നി. സ. യോഗത്തിൽ ചോദിക്കുവാൻ പോകുന്നതായും ദിവാൻസായിപ്പും ചുരുട്ടുവലിയുടെ ആസ്വാദ്യത അനുഭവിച്ചറിയുന്ന ആളാകയാൽ അനുകൂലമായ മറുപടിതന്നെ പ്രതീക്ഷിക്കുന്നതായും മററും ഒരു ശ്രുതിയുണ്ടായിരിക്കുന്നു.. ഇനി ബ്രാണ്ടിയും വിസ്കിയും മാത്രമല്ല കള്ളും ചാരായവും കൂടി കച്ചേരിയിൽവെച്ചു വെള്ളംപോലെ കുടിച്ചുകൊള്ളുവാൻകൂടി ഗവമ്മേണ്ടനുവദിക്കുമോ എന്നായിരിക്കും അടുത്തുയരാൻപോകുന്ന ചോദ്യം!!

* * *

വിരിച്ചുകിടക്കാനും പാടില്ലേ?

കഠിനമായി ശിക്ഷിച്ചു ജയിലിലടയ്ക്കപ്പെട്ട ജന്മഭൂമിപ്പത്രാധിപർ മി. കെ. ജീ. നായരുടെ മേൽവിലാസത്തിൽ ചെല്ലുന്ന പത്രങ്ങളും മാസികകളും മററും തിരിച്ചയച്ചേക്കുവാൻ അസി: ജയിൽസൂപ്രേണ്ടു് അഞ്ചലധികൃതന്മാരോടു കല്പിച്ചിരിക്കുന്നതായി കേൾക്കുന്നതു വാസ്തവമാണെങ്കിൽ ഭയങ്കരമായ അന്യായവും അക്രമവുമാണെന്നും മേല്പടി പത്രങ്ങളും മാസികകളും മററും മി നായർ വായിക്കുന്നതു ഗവമ്മേൻറിനോ ജയിലധികൃതന്മാർക്കോ വിരോധമാണെങ്കിൽ അവയൊന്നും വായിക്കാതെ ജയിൽമുറിക്കകത്തു വിരിച്ചുകിടക്കാൻ ഉപയോഗിക്കുന്നതിലും കൂടി അവർക്കു വിരോധമുണ്ടോ എന്നു എഴുതിച്ചോദിക്കേണമെന്നും ഒരു ലേഖകൻ വിദൂഷകനു എഴുതിയിരിക്കുന്നു.

* * *

---

......"നമ്മുടെ പത്രാധിപരുസാറു് ഒരൊന്നാന്തരം മിത്രദായി ആണു് — അതറിയാമൊ?"

"ഏയ്! അദ്ദേഹം ഒരു വലിയ മക്കത്തായി ആണെന്നാണു് ഞാൻ കേട്ടിരിക്കുന്നതു്."

മൂന്നാമൻ — അദ്ദേഹം മക്കത്തായിയുമല്ല. മിത്രദായിയുമല്ല. നിങ്ങൾക്കു രണ്ടാൾക്കും തെററിപ്പോയി! അദ്ദേഹമൊരു വെറും 'സമ്പ്രദായി' മാത്രമാണു്.

* * *

സമുദായത്തേങ്ങാ

ഓരോ നായരും രണ്ടുമാസത്തിലൊരിക്കൽ ഓരോ തേങ്ങാ വീതം സമുദായംവകയ്ക്കായി സമ്പാദിക്കുന്ന പക്ഷം ഏഴുലക്ഷത്തിൽപരം ജനസംഖ്യയുള്ള നായർസമുദായത്തിൽ നിന്നും രണ്ടുലക്ഷം പേരെ പല തകരാറുകൾ കൊണ്ടു നീക്കി നിറുത്തുന്നപക്ഷവും ഒഴിഞ്ഞിന ൫-ലക്ഷം തേങ്ങാവീതം ലഭിക്കുന്നതാണെന്നും ഇങ്ങനെ ആറു ഒഴികളുള്ള ഒരാണ്ടിൽ യാതൊരു കുറവും കൂടാതെ മുപ്പതുലക്ഷം തേങ്ങാ സംഭരിക്കാവുന്നതാണെന്നും ഒരുലക്ഷത്തിനു കുറഞ്ഞതു നൂററിനു നാലുറുപ്പികവച്ചു കണക്കാക്കിയാലും ൪൦൦൦ഉറുപ്പികയും ൩-൦-ലക്ഷം തേങ്ങാക്കു ഈ കണക്കനുസരിച്ചു് ഒരുലക്ഷത്തിയിരുപതിനായിരം ഉറുപ്പികയും കിട്ടുന്നതാണെന്നും ഒരു സമുദായസേവകൻ കണക്കു കൂട്ടിയിരിക്കുന്നു. അഹോ! എത്രയോ വമ്പിച്ച തുക!! നാ. സ. സൊസൈററിക്കാരും ജെനറൽ കമ്മിററിക്കാരും കൂടി ഈ തുക കണ്ടു് പരസ്പരം ഒായിൽ കൂടി കുപ്പുലോടിക്കാതെ വുണക്കുട്ടികളാണെന്നു വച്ചാൽ അവരു് ഒററച്ചക്രഫണ്ടി'നു പുറമേ ഈ വലിയ സംഖ്യയുംകൂടി പിരിച്ചു വസൂലാക്കി എടുത്തുകൊള്ളുവാൻ സമുദായംമുഴുക്കെ തലകലുക്കി സമ്മതിച്ചിരിക്കുന്നു! മതിയോ??

* * *



ജയിലസ്ഥനായ ജന്മഭൂമി പത്രാധിപർ.

# പത്രാധിപർ കെ. ജി. നായർ

—*—

* ആളും ആദർശവും.

(ഒരു മഹാമാന്യലേഖകൻ)

എനിക്കു മി. കെ. ജി. നായരെ പരിചയമായിട്ട് അഞ്ചാറുകൊല്ലത്തിലധികമായിട്ടില്ല. അദ്ദേഹം സ്വന്തം ധ്യേയം അനുകരിക്കുന്നതിൽ വൈമുഖ്യമില്ലാത്ത ഒരാളായിട്ടാണ് എനിക്കു ലക്ഷീഭവിച്ചിട്ടുള്ളതു്. "പ്രവൃത്തി! പ്രവൃത്തി! പ്രവൃത്തി ചെയ്യുക. അതിന്റെ ഫലം ഗുണമായാലും ദോഷമായാലും നീ അതു ഗൌനിക്കേണ്ട" എന്നു ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനനോടും നി. വ. ദി. ശ്രീ മാർഗ്രിഗോറിയസ് മെത്രാപ്പോലീത്തതിരുമനസ്സുകൊണ്ടു ഒരവസരത്തിൽ കഞ്ഞിപ്പുഴ ശ്രുപതക്കാരോടും ഉപദേശിച്ചതനുസരിച്ചു അർജ്ജുനനെക്കാളും ടി ശ്രുപതക്കാരെക്കാളും ആ ഉപദേശം അക്ഷരംപ്രതി അനുഷ്ഠിച്ചതു്. മി. കെ. ജി. നായരായിരുന്നുവെന്നു സ്വപ്രവൃത്തികളാൽ അദ്ദേഹം വെളിപ്പെടുത്തിയിരിക്കുന്നു. തിരുവിതാംകൂറിലും ബ്രി. ഇൻഡ്യയിലും യൂറോപ്പിലും മററുമുള്ള അദ്ദേഹത്തിന്റെ അനവധി സ്നേഹിതന്മാർക്കും അഭ്യുദയാശംസികൾക്കും തിരു. ഗവർമ്മേൻറു അദ്ദേഹത്തെപ്പററി തയ്യാറാക്കിയിട്ടുള്ള വിജ്ഞാപനം ഏററവും ഉല്ക്കണ്ഠാജനകമായിരിക്കുന്നതാണ്. ഗവർമ്മേൻറു തന്റെ പേരിൽ കേസെടുത്തിരിക്കുന്നതായറിഞ്ഞതിൽ പിറകും അറെസ്റ്റിനുശേഷവും ഒരു കോടതിയിലും ജാമ്യം അനുവദിക്കാതിരുന്നിട്ടും വിസ്താരപ്രഹസനം കഴിഞ്ഞു കുററപത്രം കിട്ടിയിട്ടും കഠിനമായി ശിക്ഷിക്കപ്പെട്ടിട്ടും കൂടി വൈഷമ്യമുള്ള യാതൊരു രോഗബാധയ്ക്കും അദ്ദേഹം അധീനനായിഭവിച്ചില്ലെന്നുള്ള സംഗതി പ്രത്യേകം പ്രസ്താവയോഗ്യമാകുന്നു. മിസ്റ്റർ നായരുടെ കൃത്യം, ഉദ്ദേശം, ആദർശം ഇവയെപ്പററി ഒരു വിവരണം എഴുതുന്നതു ഈ ഘട്ടത്തിൽ എത്രയും അസമയോചിതമായിരിക്കുമെന്നു വിചാരിക്കുന്ന എന്റെ ഈ സാഹസത്തിനു അദ്ദേഹവും അദ്ദേഹത്തിന്റെ ബന്ധുക്കളും ഗവർമ്മേൻറും ഗവർമ്മേൻറിന്റെ ബന്ധുക്കളും എല്ലാവരും മാപ്പുതരുമെന്നു വിശ്വസിക്കുന്നു.

## പൂർവചരിത്രം

മിസ്റ്റർ കെ. ജി. നായർ ഒരു ഒന്നാന്തരം തിരുവിതാംകൂർകാരനാണ്. സർക്കാരുദ്യോഗത്തോടു അദ്ദേഹത്തിനുണ്ടായിരുന്ന സ്വതസ്സിദ്ധമായ വെറുപ്പു ഒന്നുകൊണ്ടു മാത്രമാണ് അദ്ദേഹം ഇതേവരെ യാതൊരുദ്യോഗത്തിലും പ്രവേശിക്കാതിരുന്നതു്. വഞ്ചിരാജകുടുംബത്തിന്റെ വിശ്വാസബഹുമാനങ്ങൾക്കു പണ്ടേക്കാലംമുതൽ പാത്രമായിത്തീർന്നിട്ടുള്ളതും പുരാതനത്വവും ആഭിജാത്യവും വലിയ വേഴ്ചകളുമുള്ളതുമായ ഒരു കുടുംബത്തിലാണ് അദ്ദേഹം ജനിച്ചതു്. അന്നത്തെ പണക്കൊഴുപ്പ് ഇന്ന് ഈ കുടുംബത്തിനില്ലാതായിഎങ്കിലും മി. നായരെപ്പോലെ നാട്ടിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്ന നല്ല ചുണക്കുട്ടികളെ നൽകുന്നതിനു അതിനുള്ള ശക്തിനാശിച്ചിട്ടില്ല. അല്പകാലംമുമ്പുവരെ മി. നായരുടെ കുടുംബത്തിലും ആ കുടുംബവുമായി ബന്ധമുള്ള മററു കുടുംബങ്ങളിലും ധാരാളം മജിസ്ട്രേട്ടന്മാരും പേഷ്ക്കാരന്മാരും തഹശീൽദാരന്മാരും മററും ഉണ്ടായിരുന്നതായും അദ്ദേഹത്തിന്റെ പൂർവികന്മാരിൽ ചിലർ അടുത്തകാലംവരെ പട്ടാളത്തിലും പോലീസിലും മററും ചേർന്നു സർക്കാരിനെ സേവിച്ചിരുന്നതായും കേട്ടിട്ടുണ്ട്. ജനനായപത്രപ്രവർത്തകൻ എന്നു ആരെയെങ്കിലും വിളിക്കാമെങ്കിൽ അങ്ങിനെ ഒന്നാമതായി വിളിക്കേണ്ട[illegible] മി. കെ. ജി. നായരെയാകുന്നു. മലയാളം [illegible]ത്തിലെ ചെറുക്ലാസുകളിൽ പഠിക്കുന്ന ക[illegible]ടി അദ്ദേഹത്തിന്റെ പത്രപ്രവർത്തനകല[illegible] കമായ അഭിരുചിയുണ്ടായിരുന്നുവെന്നു[illegible] സാമാനവും ഒപ്പാതിഞ്ഞോ മറേറാ [illegible] കടലാസുകളും കൂടി അദ്ദേഹം കൈയ്യ[illegible]

*ഒരു അനുകരണം.

### നായർമെത്രാൻ

തിരുവിതാംകൂറൊട്ടുക്കു കരയോഗം സ്ഥാപിക്കുന്ന ജോലിയും ആണ്ടുതോറും എല്ലാ നായന്മാരിൽ നിന്നും ഓരോ ചക്രം വീതം "പിരുപ്പിരിവു" പിരിച്ചു വസൂലാക്കി എടുത്തു് ഇഷ്ടംപോലെ ചെലവാക്കാനുള്ള അധികാരവും കൂടി ഒന്നിച്ചു് സ്പെഷ്യലായി സെൻട്രൽ കമ്മിററിയിൽ നിന്നു "നായർ സർവീസ് സൊസൈററി"ക്കു തന്നെ "മേധാവുറു" കൊടുത്തുകളയുന്നതു് നായന്മാരിൽ "ബാവാ"ക്കക്ഷിയും "മെത്രാക്ക"ക്ഷിയും വട്ടിപ്പണക്കേസും മററും ഉണ്ടാവാതിരിക്കുന്നതിനു ഒരുത്തമമാർഗ്ഗമായിരിക്കുമെന്നു ഒരു നായർസമുദായമെത്രാൻ അഭിപ്രായപ്പെട്ടിരിക്കുന്നുവത്രേ.

—*—

യി സൂക്ഷിക്കാറുണ്ടായിരുന്ന ഏകസങ്ഗതിതന്നെ ലക്ഷ്യമാകുന്നു. ക്രമേണ ലേഖകസ്ഥാനം സ്വീകരിച്ച് സ്വന്തതൊഴിലിലെ പ്രഥമപാഠങ്ങൾ അഭ്യസിച്ചിരുന്ന നമ്മുടെകഥാപുരുഷൻ മലയാളപള്ളിക്കൂടത്തിൽനിന്നും ഏട്ടുകെട്ടിയതോടുകൂടിതന്നെ മിക്കവാറും ആ ഉൽകൃഷ്ടതൊഴിലിനെ ജീവിതധർമ്മമായും ഉപജീവനമർമ്മമായും സ്വീകരിച്ചു. തനിക്കു പറയാനുള്ളതു ഇതു "പച്ച"യായിപ്പറയുന്ന പത്രാധിപന്മാർ വല്ലവരും ഇതിനുമുമ്പുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. ആ "പച്ച"യായിട്ടാണു ഏതുകാര്യത്തെക്കുറിച്ചും അദ്ദേഹം എഴുതിവിടാറുണ്ടായിരുന്നത്. ഈ വിഷയത്തിൽ പത്രപ്രവർത്തനാഭിലാഷികൾക്കു ഇദ്ദേഹം ഒരു "സാധനപാഠ"വും കൂടിയാകുന്നു.

## ജന്മഭൂമി.

മി. നായരുടെ ആധിപത്യത്തിൽ ജന്മഭൂമിയുടെ "കണ്ണുതിക്കണ്ണുകരം സൂര്യപ്രകാശം സന്ദർശിച്ച"തോടുകൂടി പുതിയപത്രത്തിന്റെ അഭൂതപൂർവ്വമായ പ്രവർത്തനപദ്ധതി പഴയ മട്ടിൽ പരിചയിച്ചവരെ ഏറെക്കുറെ പരിഭ്രമിപ്പിച്ചു. വലിയവലിയ സർക്കാരുദ്യോഗസ്ഥന്മാരുടെ നടപടികളെ ഒരു നാടകനിരൂപകന്റെ ലാഘവത്തോടും സ്വാതന്ത്ര്യത്തോടുംകൂടി താക്കീതുചെയ്യുന്ന ഒരു പത്രം പുറപ്പെട്ടിരിക്കുന്നു എന്നു ലോകപ്രസിദ്ധമായി. അതിന്റെ ഉത്തമാംശങ്ങളിലെല്ലാം മി. നായരുടെ കൈപെരുമാററം നല്ലപോലെ പ്രതിഫലിച്ചിരുന്നു. ഔദ്യോഗികമായ താന്തോന്നിത്തങ്ങളെ പരാമർശിച്ചുള്ള വിമർശങ്ങൾ കുറേ കടന്നവിധം ദാരുണമായിരുന്നു. വലിയവലിയ ഉദ്യോഗസ്ഥന്മാർക്കുപോലും മി. നായരെ വലിയ ഭയമായിരുന്നു. അദ്ദേഹത്തിനു കൂടെക്കൂടെ പല സമ്മാനങ്ങളും സംഭാവനകളും നൽകി പ്രോത്സാഹിപ്പിച്ചിട്ടുള്ളവരുടെകൂട്ടത്തിൽ പോ. കമ്മിഷണർ മി. പിററ് മുതലായ പല യോഗ്യന്മാരുടേയും പേരുകൾ പ്രസ്താവയോഗ്യമാകുന്നു. ഇങ്ങനെ കുറേക്കാലമായി [illegible]ദ്യോഗസ്ഥദ്വേഷിക്കു മി. നായരും "നായർദ്വേഷി"ക[illegible] [illegible]ദ്യോഗസ്ഥന്മാരും വിഷയമായിത്തീർന്നിരിക്ക[illegible] [illegible] മി. വാട്ട്സ് സായ്പു ദിവാൻജിയായി വന്ന[illegible] [illegible]ൽപിന്നിട്ട്, ജന്മഭൂമിപത്രാധിപരും മ[illegible] [illegible]പത്രാധിപരായ കേരളദാസൻ പ[illegible] [illegible]ടി അവരവരുടെ സമുദായത്തിനുവേ[illegible] [illegible]രവേലതുടങ്ങുകയും. ഒടുവിൽ അതു [illegible]സമരമായി കലാശിക്കുകയും ഈ സമരത്തിൽ ഗവർമ്മേൻറുകൂടി പങ്കുചേർന്നു രണ്ടുപേരുടേയുംപേരിൽ കേസെടുക്കുകയും മററും ചെയ്തിട്ടുള്ളതു ഈ അടുത്തകാലത്തു നടന്ന സംഭവങ്ങളാണല്ലോ. ഏതെങ്കിലും ജന്മഭൂമിപത്രാധിപർ മി. നായരെപ്പോലെ പത്രപ്രവർത്തനകലയിൽ പാണ്ഡിത്യവും സാമർത്ഥ്യവുമുള്ള മററാരെങ്കിലും ഇന്നു കേരളത്തിലുണ്ടെങ്കിൽ അതു കേരളദാസൻ പത്രാധിപർ മി. എം. എം. വർക്കി മാത്രമാകുന്നു. മി. വർക്കിയെപ്പോലെതന്നെ മി. നായർക്കും കാളേജ്‌വിദ്യാഭ്യാസത്തിനു സങ്ഗതിയായിട്ടില്ല. ഹൈസ്കൂൾവിദ്യാഭ്യാസവുംകൂടി ഉണ്ടായിട്ടില്ല. എന്നാൽ ഇതു അർത്ഥമില്ലാഞ്ഞിട്ടോ അവസരമില്ലാഞ്ഞിട്ടോ അല്ലായിരുന്നു. ഇപ്പോഴത്തെ വിലയില്ലാത്ത ഡിഗ്രിസമ്പാദിക്കുന്നതും ഗുണമില്ലാത്തഭാഷ (ഇംഗ്ലീഷ്) പഠിക്കുന്നതും അദ്ദേഹത്തിന്റെ സ്വതന്ത്രമനസ്ഥിതിക്കു കേവലം ഒരു സമയദുർവ്യയമായിട്ടാണു് തോന്നിയതു്. അതിനാൽ നിവർന്നുനിന്നു പണിയെടുക്കാനാണു് ഉത്സാഹഭരിതമായ തന്റെ പ്രകൃതി മി. നായരെ ഉദ്ബോധിപ്പിച്ചതു്. എങ്കിലും ഇതിനിടയ്ക്കു തനിക്കുവശപ്പെട്ടിരുന്ന ഇംഗ്ലീഷെല്ലാം അദ്ദേഹത്തിനു പച്ചവെള്ളംപോലെ സ്വാധീനമായിരുന്നു. അദ്ദേഹത്തിനു കിട്ടിയടത്തോളമുള്ള ഇംഗ്ലീഷിൽനിന്നു് അദ്ദേഹം എഴുതാറുണ്ടായിരുന്നതും പറയാറുണ്ടായിരുന്നതും മററും കാണ്മാനും കേൾക്കാനും ഭാഗ്യമുണ്ടായിട്ടുള്ളവരെയെല്ലാം അദ്ദേഹം അത്ഭുതപരതന്ത്രരാക്കീട്ടുണ്ടു്. ജന്മഭൂമിപ്പത്രാധിപർക്കും കേരളദാസൻ പത്രാധിപർക്കും തമ്മിൽ ചില ചില്ലറ സംഗതികളിലേ വ്യത്യാസമുണ്ടായിരുന്നുള്ളു. അതിലൊന്നു ഒരാളെ ജാമ്യത്തിൽവിട്ടു; മറെറയാളെ ജാമ്യത്തിൽവിട്ടില്ല. ഒരാൾക്കു ഗവർമ്മേൻറു കേസെടുത്തപ്പോൾ സുഖക്കേടുപിടിപെട്ടു; മറെറയാൾക്കു സുഖക്കേടു പിടിപെട്ടില്ല. ഒരാളുടെ കേസു കിടക്കുന്നതേയുള്ളു. ശിക്ഷിച്ചില്ല. മറെറയാളെ കഠിനമായിശിക്ഷിച്ചു. ഒരാൾക്കു പിന്താങ്ങായി സമുദായമുണ്ടു; മറെറയാൾക്കു പിന്താങ്ങായി സമുദായമില്ല. ഇങ്ങനെ ചില ചില്ലറ വ്യത്യാസങ്ങളൊഴിച്ചാൽ മി. എം. എം. വർക്കിയെപ്പോലെതന്നെ മി. കെ. ജി. നായരും ഇക്കാലത്തെ ധീരവീരപരാക്രമിയായ ഒരു മാതൃകാപ്പത്രാധിപർ തന്നെയാകുന്നു. അദ്ദേഹം സ്വയംവരിച്ചിട്ടുള്ള ശ്രേഷ്ഠകൃത്യം പൂർണ്ണമായി നിർവ്വഹിക്കുന്നതിനു മി. നായർ ചിരകാലം ജീവിച്ചിരിക്കുമാറാകട്ടെ.

—*—

# കാര്യമായ തമാശ

—*—

(കെ. സുകുമാരൻ ബി. ഏ.)

൧.

പെണ്ണുങ്ങൾ വിളിക്കുമ്പോൾ എനിക്കു ഒരു ശങ്കയാണ് — ഒരു വിവരിക്കാനൊക്കാത്ത ശങ്കയാണ്. പെണ്ണുങ്ങൾ, വിശ്വസിക്കാൻ കൊള്ളരുതാത്തവരാണെന്നു ഞാൻ പറയുകയില്ല. അങ്ങനെ പറവാൻതക്കവണ്ണം ഞാൻ ഒരു മനുവോ മുനിയോ അല്ല. ഞാൻ ഒന്നുകൊണ്ടും അവരെപ്പോലെ അത്ര നീചനല്ല. പിന്നെ എന്തിനാണാവോ ഈ ശങ്ക. ഒരു സമയം, പെണ്ണുങ്ങളേ എന്നോടു കണക്കിലേറെ വിശ്വസിച്ചുപോകുന്നതുകൊണ്ടായിരിക്കുമൊ? തന്നെയായിരിക്കണം. ദൂഷ്യമൊക്കെ എന്റെ തലയിൽത്തന്നെ കിടക്കട്ടെ. പെണ്ണുങ്ങളെ ദൂഷിക്കുക എന്നകാര്യം എനിക്കു വിചാരിച്ചുകൂടാ. ഒന്നുമില്ലെങ്കിൽ എന്റെ ഭാര്യയാകേണ്ടുന്ന ഭാഗ്യവതിയും ഒരു പെണ്ണായിരിക്കില്ലേ. പിന്നെ എന്താണ് എനിക്കിങ്ങനെ ഒരു ശങ്ക ജനിക്കുന്നതു് എന്നു നിങ്ങൾ ചോദിക്കുകയാണെങ്കിൽ എനിക്കു തുറന്നു പറയാതെയും നിവൃത്തിയില്ല. സ്വകാര്യമായിരിക്കട്ടെ. എനിക്കു തോന്നുന്ന ദുശ്ശങ്ക മറ്റൊന്നുമല്ല. ഏതുമാതിരി വികടത്തിലാണു ചെന്നുചാടുന്നതു എന്നു നമുക്കു ഗണിച്ചുകൂടാത്തതുകൊണ്ടുതന്നെ. ഇതു് ഒരിക്കലും ഒരു മതിയായ സമാധാനമല്ല എന്നു എനിക്കുതന്നെ ബോദ്ധ്യമുണ്ട്. കാരണം, പെണ്ണുങ്ങൾക്കു വേണ്ടി ഏതു അപകടത്തിലും ചെന്നുചാടുന്നതു് ഒരു മാനമായിട്ടാണു ഞാൻ കരുതുന്നതു്. "പെണ്ണു വിളിച്ചാലേതാണങ്ങൾ — ചെന്നാണയാത്തതു ചൊല്ലിത്തരുവിൻ" എന്നല്ലേ അഭിജ്ഞന്മാരുടെ മതം. വാസ്തവം പറയേണമെങ്കിൽ, പെണ്ണുങ്ങളെ വിളിച്ചുകൂട്ടി ആട്ടുകൂട്ടാറുള്ള എനിക്കു, പെണ്ണുങ്ങൾ വിളിക്കുമ്പോൾ ആട്ടിച്ചെല്ലാനാണു മോഹം. ശുമ്മാനില്ക്കുവാൻ തോന്നുന്നില്ല. എന്തുചെയ്യും. എന്റെ മനസ്സ് പട്ടുപോലെയുള്ള മനസ്സാണ്. പക ലേശമില്ല. ഞാൻ ഒരു തോഴനാണു്. ദുഷ്ഷന്തന്റെ തോഴരായിരുന്നുവെങ്കിൽ ഞാൻ ഒരു ശുദ്ധനാണെന്നു കൂടി അദ്ദേഹം സർട്ടിഫിക്കേറ്റു തരുമായിരുന്നു. അതൊക്കെ പറഞ്ഞിട്ടു ഫലമില്ല. ഞാൻ ഉള്ള കാര്യം പറയാം.

എന്നെ വിളിക്കാനയച്ചതു് ആന്തല്ലി ദേവകി അമ്മയാണ്. സുമാറു് നാൽപ്പതു വയസ്സുണ്ടു്. എന്നാൽ മകൾ ശിന്നമണിക്കു പതിനെട്ടു ആയിട്ടുള്ളൂ. (ഉള്ള അത്ര പറവാൻതന്നെ എന്തൊരു സുഖമാണ്) ആന്തല്ലിക്കാർ നല്ല സ്വത്തുകാരാണ്. ദേവകി അമ്മയെ വിവാഹം കഴിച്ചതു ഒരു നമ്പൂതിരിയുടെ കാര്യസ്ഥനായിരുന്നു. അദ്ദേഹം മരിക്കുംമുമ്പെ ഭാര്യക്കും കുട്ടിക്കും നല്ല വീടും, ഒരു പറമ്പും, രണ്ടായിരം പറ നെല്ലു വാരം വരാനുള്ള നിലങ്ങളും കൊടുത്തിരിക്കുന്നു. ഭർത്താവു് മരിച്ചപ്പോൾ ദേവകിയമ്മയും മകളും ഭർത്താവിനാൽ ദത്തമായ മിച്ചിളിക്കോട്ടുകളും എന്നു പറയുന്ന ആ വീട്ടിലാണു താമസിച്ചിരുന്നതു്. ഇതു തറവാട്ടുവീട്ടിൽനിന്നു അരനാഴികദൂരത്താണ്. ഞാൻ ഇവരുടെ സമീപസ്ഥനാണ്. എന്റെ അച്ഛനും അമ്മയും എന്റെ പത്തുവയസ്സിൽതന്നെ മരിച്ചിരിക്കുന്നു. എന്റെ ഗുണബാഹുല്യംകൊണ്ടു അസൂയാലുവായ ദേവേന്ദ്രൻ എന്റെ മാതാപിതാക്കന്മാർക്കു എന്നെപ്പോലെയുള്ള മറ്റൊരു സന്തതിയേയുംകൂടി കൊടുപ്പാൻ പാടില്ലെന്നു വിചാരിച്ചു അവരെ സ്വർഗ്ഗലോകത്തേക്കു കൊണ്ടുപോയ്ക്കളഞ്ഞു എന്നാണു എന്റെ സംശയം. വാസ്തവം പറഞ്ഞാൽ എന്റെ കഷ്ടകാലത്തിനു അവർ ഇരുവരും പോയി. ഉള്ളാലേ, എന്നോടു ഇഷ്ടമുള്ളവർ അവരുടെ വീട്ടിൽ ചെന്നു ആരും അറിയാതെ എന്റെ വ്യസനത്തിൽ സങ്കടപ്പെടുകയും സഹതപിക്കുകയും ചെയ്തുപോലെ, പുറമേമാത്രം, എന്നോടിഷ്ടമുണ്ടെന്നു നടിക്കുന്നവർ, എന്റെ വീട്ടിൽ കയറിവന്നു, കണക്കിലേറെ കരയുകയും, കണക്കിൽ സാപ്പിട്ടുപോകുകയും ചെയ്തു. മാതാപിതാക്കളുടെ ഏകസന്തതിയായ ഞാൻ ശത്രുക്കളുടെ ഭാഗ്യംകൊണ്ടും എന്റെ കഷ്ടംകൊണ്ടും പരിതപിച്ചു. എന്നാൽ നിർഭാഗ്യനായ എനിക്കും ഒരു ചില്ലറ ഭാഗ്യം ഉണ്ടായില്ലെന്നില്ല. എന്തുകൊണ്ടെന്നാൽ എന്റെ അച്ഛനും എന്നെ വെറുതെ വിട്ടുകളഞ്ഞിട്ടില്ല. കവിതാവാസനയും, രാജസവും, സംഗീതവും കൂടാതെ കാലക്ഷേപാർത്ഥം അയ്യായിരംപറനെല്ലു് വാരം വരാനുള്ള പാടങ്ങളും അഞ്ഞൂറു ഉറുപ്പിക ആദായം കിട്ടുന്ന പറമ്പുകളും എന്റെ അട്ടിപ്പേർ ജന്മമാക്കിത്തന്നിട്ടുണ്ട്. മദ്യപാനവും അധരപാനവും ഇല്ലാത്തതുകൊണ്ട് എന്റെ സ്വത്തുക്കളായ വൃക്ഷങ്ങളിന്മേൽ കടങ്ങളാകുന്ന ഇത്തിക്കണ്ണികൾ ഊന്നിപ്പിടിച്ചിട്ടുണ്ടായിരുന്നില്ല.

സ്വത്തുക്കൾക്കു യാതൊരുബാധയും നേരിട്ടിട്ടുണ്ടായിരുന്നില്ലെങ്കിലും എന്റെ മനസ്സിനു അല്പം ഒരുബാധ നേരിട്ടിരുന്നു എന്നു പറയാതെയും നിവൃത്തി

യില്ല. ശകുന്തള പറഞ്ഞതുപോലെ ജന്തുവൃത്താന്തം പലരും അറിയാനിടയുള്ളതുകൊണ്ടു എന്റെ സ്വകാര്യം നിങ്ങളും അറിയുന്നതിനും എനിക്കു വിരോധമില്ല. എന്റേതു ഒരു വല്ലാത്ത അനുഭവം തന്നെ ആയിപ്പോയി. എല്ലാകാര്യത്തിന്റേയും ഉള്ളിൽ ഒരു പെണ്ണില്ലാതെ ഇരിക്കയില്ല. പടച്ചവന്റെ ആ പടപ്പു് പിടിച്ചപോലെ വളയുകയുമില്ല. ഞാൻ ശിന്നമണിയെകണ്ടുതുടങ്ങീട്ടു കാലം ഇറ്റ്ലിയായി. ചെറുപ്പത്തിൽ അവളുടെഒന്നിച്ചു ഞാൻ കളിച്ചിട്ടുണ്ടു്. സ്ക്കൂളിൽ പോകുമ്പോൾ അവളോടു ഞാൻ ചിരിച്ചിട്ടുമുണ്ടു. അവളുടെ മച്ചിനൻ ഭാസ്കരമേനവനെപ്പോലെതന്നെ രണ്ടുമൂന്നുകൊല്ലമായി ഞാൻ അവളുടെവീട്ടിൽ നിത്യം ചെല്ലാറുണ്ടു്. എന്നാൽ അപ്പോളൊന്നും അവൾ എന്നോടു ലോഹ്യം പറവാൻ നില്ക്കാറില്ല. വേണ്ടതിലേറെ ലജ്ജയും വേണ്ടതിലധികം പുഞ്ചിരിയും വേണ്ടെന്നു തോന്നാത്ത വെളുപ്പും, വേണ്ടാണ്ടുള്ള സൌന്ദര്യവും അവളുടെ സഹജഗുണങ്ങളാണു്. അവളെകാണുന്നപുരുഷരെ, മാരൻ പ്രഹരിച്ചില്ലെങ്കിൽ ആ കാണുന്നവർ മാരനെ പ്രഹരിക്കേണ്ടതാണു്. ഞാൻ അവളുടെ വീട്ടിൽ നിത്യേന ചെല്ലാറുണ്ടു്. ചെല്ലുമ്പോളൊക്കെ അവളെ ഓരോ നോക്കു കാണാറുണ്ടു്. കാണുമ്പോളൊക്കെ പിന്നേയും കാണേണമെന്നു തോന്നാറുണ്ടു്. കണ്ടുകണ്ടു മടുത്തുപോകുന്നതിനുപകരം കണ്ടതൊന്നും പോരെന്നു തോന്നിത്തുടങ്ങിയപ്പോൾ എന്റെ ഹൃദയം ഒരു പരമാനന്ദത്തിരച്ചാട്ടത്തിൽ ഉൾപ്പെട്ടു തുടങ്ങി. കാണാതാകുമ്പോൾ കണ്ടാൽമാത്രം മതി എന്നായി. കാണുമ്പോൾ വിവാഹംകഴിച്ചാലേ മതിയാവു എന്നുമായി. ഇങ്ങിനെ എന്റെ ദേഹത്തിൽ അനേകായിരം പ്രസൂനാസ്ത്രങ്ങളെ ദർപ്പകൻ അർപ്പകനായികൊണ്ടുതന്നെ മൂന്നുസംവത്സരങ്ങളും കഴിഞ്ഞു. അതോടുകൂടി, ദേവകളുടെ എന്നും പതിനാറിൽനിന്നു എനിക്കു ഒമ്പതുംകൂടികഴിഞ്ഞു. വിവാഹം ഇതിനുമുമ്പേകഴിഞ്ഞുപോയില്ലല്ലോ എന്ന പശ്ചാത്താപവും പിണഞ്ഞു. ഇനിയെങ്കിലും ഒട്ടുംവൈകാൻ പാടില്ലെന്നു ഞാൻ ഉറച്ചു. ഈ കാര്യത്തിൽ എനിക്കു മദ്ധ്യസ്ഥൻ ആവശ്യമില്ലെന്നുവെച്ചു ഞാൻതന്നെ ദേവകിയമ്മയോടു എന്റെഉദ്ദേശം അറിയിപ്പാൻതീർച്ചയാക്കി. ജനനാൽതന്നെ ഒരു കവിസാർവ്വഭൌമനായിരിക്കകൊണ്ടു് ഈ കാര്യത്തിലും ഒരു നവീനമനോധർമ്മം അവതരിപ്പിക്കേണമെന്നുവെച്ചു ഞാൻ നെററിമേൽ കയ്യുംവെച്ചു കുറെ ആലോചിച്ചു മരങ്കൊത്തി പൊള്ളയായ മരത്തടിമേൽ കൊത്തി പുഴുക്കളെ പുറത്തേക്കു ക്ഷണിക്കുംപോലെ ഞാനും എന്റെ നെററിമേൽ വിരൽകൊണ്ടു രണ്ടുമൂന്നുമുട്ടി നവീനമനോധർമ്മങ്ങളെ സൂത്രധാരൻ നടിയെ വിളിക്കുമ്പോലെ വിളിച്ചു. അപ്പപ്പാ, ഇതിനൊക്കെ എനിക്കു വലിയപ്രയാസമുണ്ടോ? അമ്പലത്തിലെ കമ്പത്തിന്മേൽനിന്നു എലിബാണങ്ങൾ പൊട്ടിവരുമ്പോലെ, തീമലയിൽനിന്നു കല്ലും മററും തെറിച്ചുവരുമ്പോലെ, വക്കീൽമാരുടെ നാവിൽനിന്നു വാഗ്വാദങ്ങൾ ഇറങ്ങുംപോലെ, വൈക്കം പ്രമാണികളുടെ വായിൽനിന്നു ഹാശബ്ദത്തിരമാലകൾ തെള്ളിവരുമ്പോലെ എന്റെ തലയിൽനിന്നു നവീനാശയങ്ങളും ഉറവുവെള്ളംപോലെ പുറത്തേക്കു വന്നു. ഒരു ചെറിയ തുളയിൽനിന്നു എണ്ണിയാൽ തീരാത്ത മഴപ്പാററകൾ പുറത്തുവരുമ്പോലെ എനിക്കുതോന്നിയ നവീനാശയങ്ങൾക്കു സീമയുണ്ടായില്ല. പലവിധ പലഹാരങ്ങൾ ഒന്നിച്ചുവെച്ചു തരുമ്പോൾ ഒന്നാമതു കൈ വെക്കേണ്ടതു് ഏതിലാണെന്നറിയാത്ത ഉദരംഭരിയെപ്പോലെ ഞാൻ കുറെ പരുങ്ങി. ആട്ടെ ഇതുതന്നെ മതിയെന്നുവെച്ചു, കരു നീക്കാൻപോകുന്ന ചതുരംഗം കളിക്കാരനെപ്പോലെ, ഞാൻ ഒന്നിൽ കൈവെച്ചു. മറെറാരാൾക്കുവേണ്ടി ചോദിക്കുകയാണെന്ന നാട്യത്തിൽ ശിന്നമണിയെ അന്വേഷിച്ചു, ക്രമേണ ആ മറെറാരാൾ ഞാനാണെന്നു പറയാമെന്നു വിചാരിച്ചു ഞാൻ മിച്ചിളിക്കോട്ടു കളത്തിൽ ചെന്നു. ഞാൻ ചെല്ലുമ്പോൾ ശിന്നമണി ഒരു കസേലമേൽ ഇരുന്നു ക്രോഷെ തുന്നുകയായിരുന്നു. എന്നെ കണ്ടപ്പോൾ എന്റെ ആനന്ദത്തിന്നു എന്നോടൊന്നു മന്ദഹസിക്കുകയും എന്റെ കഷ്ടകാലത്തിന്നു അകത്തേക്കു പോകുകയും ചെയ്തു. അപ്പോൾ കാളിദാസമഹാകവിയുടെ ദീപശിഖയുടെ, ഉപമയുടെ, ഗരിമയുടെ സൂക്ഷ്മയുടെ ബോധം എനിക്കു നല്ലവണ്ണം ഉണ്ടായി. സങ്കല്പസുഖാനുഭവമെങ്കിലും ഇരിക്കട്ടേ എന്നുവിചാരിച്ചു ഞാൻ ആ ഗുരുനിതംബിനി ഇരുന്നിരുന്ന കസേലമേൽതന്നെ ചൂടാറുംമുമ്പെ ചെന്നിരുന്നു. ഉടനെതന്നെ ദേവകിയമ്മയും പുറത്തുവന്നു് അടുത്തുണ്ടായിരുന്ന ചാരുപടിമേൽഇരുന്നു. ഞങ്ങൾ അരിയുടെ വിലയെപ്പററിയും, കാളിയുടെ നുണയെപ്പററിയും, പശുവിന്റെ പാലിനെപ്പററിയും, ആരാന്റെ വരവു ചിലവിനെപ്പററിയും താന്താങ്ങളുടെ പ്രാരബ്ധത്തെപ്പററിയും കുറേനേരം സംസാരിച്ചു. ഇടക്കു് ഒരൊഴിവു കിട്ടി രണ്ടാളും കുറേനേരം മിണ്ടാ

തിരുന്നു. ഇതുതന്നെ തരം എന്നു ഞാനും ഉറച്ചു.

ഞാൻ:—ദാമോദരാ, നിങ്ങളോട് ആ നല്ല വർത്തമാനത്തെപ്പററി എന്നോട് പറവാൻ വിട്ടുപോയി.

ദേവകിയമ്മ:—എന്താണത്?

ഞാൻ: നമ്മുടെ ശിന്നാമണിക്കു ഭർത്താവ് വന്നിട്ടുള്ളതുതന്നെ.

ദേ:—ശരി, ശരി, എത്ര കാലമായി ഈ കാര്യം പറഞ്ഞു വരാൻ ഞാൻ കാത്തു നില്ക്കുന്നു. ഇപ്പോഴെങ്കിലും പുറത്തു വന്നല്ലോ.

ഞാൻ:—ആളേ മനസ്സിലായോ.

ദേ:—ഇനി എന്തു മനസ്സിലാവാനുണ്ട്. ഇത്രത്തോളം മനസ്സിലായാൽ പോരെ. എനിക്കു വളരെ സന്തോഷമായി.

ഞാൻ:—ആരും നമ്മളൊക്കെ അറിയുന്ന ആളാകകൊണ്ടായിരിക്കുമോ ഈ സന്തോഷം.

ദേ:—അതൊന്നു പറവാനുണ്ടോ. ഇത്രയൊക്കെ വളച്ചു പറയേണ്ട കാര്യമുണ്ടോ

ഞാൻ:—അപ്പോൾ ആളേ നല്ലവണ്ണം മനസ്സിലായിട്ടുണ്ട്. അല്ലേ.

ദേ:—അതിനെന്തു വാദം ഇതൊക്കെ ഞാൻ മുൻകൂട്ടിത്തന്നെ ഗണിച്ചുവെച്ചിട്ടില്ലേ.

ഞാൻ:—(സാനന്ദം) പണ്ട് ഗണിച്ചുവെച്ചപോലെ തന്നെ ഇപ്പോൾ കാര്യവും വന്നുകൂടി. അല്ലേ.

ദേ:—മറേറാ, അതൊന്നു പറയേണമോ.

ഞാൻ:—നിങ്ങൾക്കൊക്കെ ഇതിന്നു വിരോധമില്ലല്ലോ.

ദേ:—ഞങ്ങൾക്ക എന്നുവേണ്ട, ഞങ്ങളുടെ പരിചയക്കാൎക്കു കൂടി യാതൊരു വിരോധവുമില്ല.

ഞാൻ:—എനിക്കു വലിയ സന്തോഷമായി.

ദേ:—ഞങ്ങൾക്ക അതിലും.

ഞാൻ—വിവാഹം എന്നാണ് വേണ്ടത്.

ദേ—എന്നാണ് വേണ്ടത് എന്നു നിങ്ങൾ തന്നെ പറയൂ. നിങ്ങളുടെ അഭിപ്രായമല്ലേ ഈ കാര്യത്തിൽ ഞങ്ങൾക്ക അറിയേണ്ടത്.

ഞാൻ—അടുത്തുതന്നെ ആവട്ടേ.

ദേ—വിരോധമില്ല.

ഞാൻ—നിശ്ചയം, ഒരു പണിക്കരോട് ആലോചിച്ചിട്ടല്ലേ നല്ലത്

ദേ—അതത്രയല്ലേ പാടുള്ളൂ.

ഞാൻ—വേണ്ടുന്ന എല്പാടുകളൊക്കെ ചെയ്യേണ്ടേ.

ദേ:—സംശയമുണ്ടോ വിവാഹം കഴിക്കുന്നതു നിങ്ങളല്ലേ.

ഇതൊക്കെ കേട്ടപ്പോൾ ഞാൻ ബ്രഹ്മാനന്ദത്തിൽ മുഴുകിക്കൊണ്ട്, ദേവകിയമ്മയോട് യാത്രയും പറഞ്ഞു അവിടുന്നു മടങ്ങി. വഴിക്കുവെച്ചു കാശിനാഥയ്യരവർകൾക്കൊക്കെ ഈ രണ്ടുണ എടുത്തെറിഞ്ഞു പൊയ്ക്കളഞ്ഞു. എന്നോ ഇവർ പണ്ടുതന്നെ ശിന്നമണിയുടെ ഭർത്താവായി കണക്കാക്കിയിരിക്കുന്നു എന്ന കാര്യം എന്റെ ആനന്ദവും ചാരിതാർത്ഥ്യവും എത്രയോ ഇരട്ടിപ്പിച്ചു. സന്തോഷം കൊണ്ടു മതിമറന്ന ഞാൻ അന്നു വൈകുന്നേരം നാലഞ്ചു ചങ്ങാതിമാരെ ക്ഷണിച്ചു, മിസ്റ്റർ കാശ്മീർകണ്ടിയുടെ വിക്ടോറിയാ ഹോട്ടലിൽ കൊണ്ടുവന്നു, വിശേഷ വിഭവങ്ങളോടു കൂടിയ ഒന്നാംതരം ഒരു തീനിന്നിരുത്തി. വർത്തമാനമൊക്കെ, തീൻ കഴിഞ്ഞതിൽ പിന്നെ ഇവരെ ഒന്നറിയിക്കാമെന്നു ഞാൻ നിശ്ചയിച്ചു. ആമയുടെ സൂപ്പ്, കാടയുടെ ഗ്രിൽ, ചെമ്മീനിന്റെ കട്ലററ്, ആട്ടിന്റെ ചാപ്സ്, തക്കിയുടെ റോസ്റ്റ്, പ്രാവിന്റെ പൈ, പന്നിയുടെ നാവ്, കോഴിയുടെ ഭൂണം, തിരുതയുടെ മോളി മുതലായ, കൈകടിച്ചുപോകുന്ന പല സാമാനങ്ങളും കഴിക്കുന്ന മദ്ധ്യേ, പോർട്ട് വൈൻ, വെർമൂത്ത്, ക്ലാറെറ്റ്, ഷാമ്പെയിൻ, വിസ്കി, മുതലായ ചില ലഹരദ്രവ്യങ്ങളും ഓരോരുവർ കടിച്ചു തുടങ്ങി. അന്നപാത്രത്തിന്നു തൃപ്തിയും മനപ്പാത്രത്തിന്നു ഉന്മേഷവും പൊങ്ങിത്തുടങ്ങിയപ്പോൾ മദ്യങ്ങൾ ഇറക്കുന്നതിന്നു മദ്ധ്യേ ഓരോരുത്തൻ ഓരോ സംസാരവും ഇറക്കാൻ തുടങ്ങി.

ഒന്നാമൻ—എന്താണ് സാറേ! ഇങ്ങിനെ ഒരു തീനിന്ന് ക്ഷണിക്കാൻ തോന്നിയത്.

ഞാൻ—ഒന്നുമുണ്ടായിട്ടല്ല.

രണ്ടാമൻ—ഒന്നുമില്ലാതെ വെറുതേയാവില്ല.

ഞാൻ—ഇടക്കിടെ സ്നേഹിതന്മാരെ സല്ക്കരിച്ചു കൂട എന്നുണ്ടോ.

രണ്ടാമൻ—അതിന്നും എന്തെങ്കിലും ഒരു ഹേതു വേണം.

മൂന്നാമൻ—നാലഞ്ചാളെ ഒന്നിച്ചു സൽക്കരിക്കേണമെങ്കിൽ ഒരു കാരണമുണ്ടായിരിക്കാം എന്നതന്നെയാണു വിചാരിക്കേണ്ടത്.

രണ്ടാമൻ—എന്തുണ്ടായി. ഞങ്ങളും കേൾക്കട്ടെ സാറെ! പുകയുള്ളേടത്ത് തീ കാണണ്ടതല്ലേ.

ഞാൻ—കാറുള്ളേടത്ത് മഴ ഉണ്ടാകണമെന്നുണ്ടോ.

രണ്ടാമൻ—മഴയുള്ളേടത്ത് കാറില്ലാതെ ഇരിക്കയില്ല നിശ്ചയം.

നാലാമൻ:—ഓഹോ എനിക്കു കാൎയ്യം മനസ്സിലായി. അങ്ങനെ വരട്ടെ. ഇപ്പോഴാണു ഓൎമ്മയായതു്.

അഞ്ചാമൻ—എന്താണതു്

നാലാമൻ—മിച്ചിളിക്കോട്ടുകളത്തിലെ ശിന്നമണിക്കു വിവാഹം ഉണ്ടെന്നു ഇന്നുച്ചയ്ക്കു എന്നോടാരോ പറഞ്ഞു.

ഞാൻ:—(ആത്മഗതം ഈശ്വരാ! ഈ ത്തമാശ എത്ര വേഗമാണു പരക്കുന്നതു്. ഇനി ഞാനെന്തിനാണെന്റെ കാൎയ്യം ഒളിച്ചുവെക്കുന്നതു്. ആട്ടെ ഒടുവിൽ പറയാം. ഇവരുടെ നാവിൽനിന്നുതന്നെ പുറത്തുവരട്ടെ.

മൂന്നാമൻ:—ശിന്നമണിക്കു വിവാഹം ഉള്ളതുകൊണ്ടു നമ്മുടെ ചങ്ങാതിക്കെന്താ.

നാലാമൻ—ചങ്ങാതി ആ വീട്ടിൽ ഒരു നിത്യനല്ലേ-

അഞ്ചാമൻ—അതുകൊണ്ടു്?

നാലാമൻ—ചങ്ങാതിയെ കൂടാതെ അവിടെ ഒരു വിവാഹമുണ്ടോ. അവിടത്തെ വിവാഹം കഴിക്കേണ്ടുന്ന ആൾ ഇദ്ദേഹമല്ലെ.

ഇതുകേട്ടപ്പോൾ ഞാൻ സന്തോഷംകൊണ്ടു ഒരു ഇളമ്മന്ദഹാസംതൂകി.

രണ്ടാമൻ—(എന്നെനോക്കി) എന്താണു് ഹേ ഇതിനെപ്പററി ഒന്നും മിണ്ടാത്തതു്.

മൂന്നാമൻ—ഒരുസമയം ഒടുവിൽ പറയാമെന്നുവെച്ചിട്ടായിരിക്കാം.

അഞ്ചാമൻ—ഓഹോ. നമ്മുടെ ചങ്ങാതിയുടെ വിവാഹം തന്നെയാണൊ? ഇതു രഹസ്യമായി വെക്കേണ്ടതുണ്ടോ?

നാലാമൻ—അതൊന്നുമല്ല.

മൂന്നാമൻ—പിന്നെ.

നാലാമൻ—വിവാഹമുണ്ടാക്കിത്തീൎത്തതു് ഇദ്ദേഹമാണെന്നേ ഞാൻ പറയുന്നുള്ളൂ.

മൂന്നാമൻ:—അപ്പോൾ ശിന്നമണിയെ ആരാണു വിവാഹം കഴിക്കുന്നതു്.

നാലാമൻ:—ഇദ്ദേഹത്തെപ്പോലെ അവിടെ നിത്യം ചെല്ലുന്ന മററൊരാളില്ലെ?

സത്യമായിട്ടും ഞാനൊന്നു ഞെട്ടി. എനിക്കു നെഞ്ഞിടിപ്പുണ്ടായി. എനിക്കു ഒരു വല്ലാത്ത ശങ്കയും ജനിച്ചു. എന്റെ മുഖം വിളൎത്ത് പച്ചിലപോലെയായി

അഞ്ചാമൻ—ആരാണതു്.

നാലാമൻ—ഭാസ്കരമേനോൻ. ഇന്നലെയായിരുന്നു ചോദ്യവും ഉത്തരവും കൈക്കഴിഞ്ഞതു്.

മൂന്നാമൻ—ശരി, ശരി. ശിന്നമണിയുടെ അമ്മാവന്റെ മകൻ.

അഞ്ചാമൻ—മച്ചിനനല്ലെ. അവകാശപ്പെട്ട ആൾ തന്നെ.

ഈ വാക്കുകൾ എന്റെ ചെവിട്ടിന്നു ഇടയുമുരുക്കി പകൎന്നപോലെയായി. ഇന്നലെ ഭാസ്കരമേനോൻ ചോദിച്ചു സമ്മതിച്ച അവസ്ഥയ്ക്കു അദ്ദേഹത്തെപ്പററിയാണു ഞാൻ പറയുന്നതെന്നു ദേവകി അമ്മയും എന്നെപ്പററിയാണു ദേവകിഅമ്മ പറയുന്നതു് എന്നു ഞാനും തെററിദ്ധരിച്ചുപോയി ഒരൊററ ദിവസംകൊണ്ടു് അയാൾ എന്നെ പററിച്ചു. "വിവാഹം കഴിക്കേണ്ടതു് നിങ്ങളല്ലെ" എന്നു ദേവകി അമ്മ പറഞ്ഞതു അടിയന്തരം നിവൃത്തിച്ചു തരേണ്ടതു ഞങ്ങളുടെ സഹായിയായ നിങ്ങളാണു് എന്നു സൂചിപ്പിച്ചിട്ടായിരിക്കണം. ഇസ്ഥാനഭംഗംകൊണ്ടു ഞാൻ കൈകടിച്ചു. എന്റെ തലയിൽ കളിമണ്ണായിപ്പോയി. അതുകൊണ്ടല്ലെ ഞാൻ ഒന്നും തുറന്നുപറയാഞ്ഞതും അവരെക്കൊണ്ടു പറയിക്കാഞ്ഞതും ഇനിയെന്തു നിവൃത്തി. വിവരമൊക്കെ ഞാനും അറിഞ്ഞിരിക്കുന്നു എന്നു നടിക്കുകയല്ലാതെ എനിക്കു യാതൊരു നിൎവ്വാഹവുമുണ്ടായിരുന്നില്ല. തിന്നാൻകൊണ്ടുവെച്ച പദാൎത്ഥങ്ങളൊന്നും എനിക്കു തൊടാൻ തോന്നിയല്ല. ചങ്ങാതിമാർ തീററംകഴിഞ്ഞു എഴുന്നേല്ക്കുന്നവരെ ഞാൻ ഒരുവിധേന അവിടെ ഇരുന്നു. എന്റെ ദേഹത്തിൽ ആസകലം പതിനായിരം തേളുകൾ ഒന്നിച്ചു കുത്തുന്നുണ്ടെന്നു തോന്നി. "മിസ്റ്റർ കെ. എസ്സ്. കുമാരൻനായർ മിച്ചിളിക്കോട്ടുകളത്തിലെ ഒരു കുടുംബബന്ധുവായതുകൊണ്ടു ഭാസ്കരമേനവനെക്കൊണ്ടു ശിന്നമണിയെ വിവാഹംചെയ്യിപ്പാൻ ഉത്സാഹിച്ച ഒരു ധന്യനാണു്. തന്റെ ഉദ്ദേശം സാധിച്ചപ്പോൾ അതു കൊണ്ടാടാൻവേണ്ടിമാത്രം തന്റെ ചങ്ങാതിമാരായ നമ്മളെ ഇങ്ങനെ ഒരു തീനിന്നു ക്ഷണിച്ചതാണു്. നമ്മെ ക്ഷണിച്ചഈ ഉദാരശീലനും, ഇദ്ദേഹത്തിന്റെ പ്രേരണമൂലം ഭാൎയ്യാഭൎത്താക്കന്മാരാകാൻപോകുന്ന ആ രണ്ടാൾക്കും ആയുരാരോഗ്യസമ്പൽസമൃദ്ധി ഉണ്ടാകട്ടെ" എന്നും മററും ഒരു സ്നേഹിതൻ പ്രസംഗിച്ചപ്പോൾ ഞാൻഒരു പച്ചച്ചിരിയോടെ ഇതൊക്കെ കേൾക്കേണ്ടിവരെ. ചെരിപ്പില്ലാഞ്ഞിട്ടു പുറത്തിറങ്ങിക്കൂടാൻ കഴിയാത്ത ഒരുവൻ കാലില്ലാത്ത ഒരുവനെ കണ്ടപ്പോൾ കൃതാൎത്ഥനായ്വന്നപോലെ എന്റെ വിവാഹനിശ്ചയത്തെ കൊണ്ടാടാനാണു് ഞാൻ നിങ്ങളെ ക്ഷ

ണിച്ചു വരുത്തിയതു് എന്നു അവരോടു് ആദ്യം തന്നെ പറയാഞ്ഞതിനെപ്പററി അത്യന്തം കൃതാൎത്ഥനായി. അങ്ങിനെ പറഞ്ഞുപോയിരുന്നുവെങ്കിൽ എന്റെ സ്ഥിതി എന്തായിരുന്നു. ഞാനെന്തൊരു ഉണ്ണാപ്പനായിപ്പോകുമായിരുന്നു. എന്നിട്ടുംകൂടി ഞാൻ രോഷംകൊണ്ടും ഇച്ഛാഭംഗംകൊണ്ടും പല്ലുകടിച്ചു. ഏകദേശം രാത്രി ഒമ്പതര മണിക്കു എല്ലാവരും പിരിഞ്ഞപ്പോൾ ഞാൻ നിലാവെളിച്ചത്തിട്ട കോഴിയെപ്പോലെ വിഷണ്ണനായി വീട്ടിലേക്കു മടങ്ങി.

ഭാസ്കരമേനോൻ ബി. ഏ. ഓണേർസിന്നു പഠിക്കുകയാണു്. അദ്ദേഹത്തിന്റെ സഹവാസം മുഴുവനും ഇല്ലിമൂട്ടിലാണെന്നു് ഞാൻ അറിയും. അവിടെ ഒരു വൃദ്ധൻശിപായി മാധവിക്കുട്ടി എന്നു പേരായ എത്രയോ ചെറുതും സുന്ദരിയുമായ ഒരു പെൺകിടാവിനെ സംബന്ധംചെയ്തു്, സ്വന്തം വീട്ടിൽ തന്നെ കൊണ്ടുവന്നിട്ടുണ്ടു്. അവിടെ അവർ രണ്ടാളും മാത്രമേ ഉള്ളു. ഭാസ്കരമേനോൻ അവളുമായി അതിരുകവിഞ്ഞ സ്നേഹമുണ്ടെന്നു് നാട്ടോടെ ഒരു വാക്കുണ്ടു്. അങ്ങിനെ ഇരിക്കെ ഭാസ്കരമേനോൻ തൽക്കാലം വിവാഹത്തെപ്പററി ആലോചിപ്പാൻ ഇടയില്ലെന്നു് ഞാൻ ഉറപ്പാക്കിയിരുന്നു. പിന്നെ അദ്ദേഹത്തെ ഇവിടെ ചാടിച്ചതാരായിരിക്കും. ശരി, ശരി; മനസ്സിലായി. അദ്ദേഹത്തിന്റെ അച്ഛന്റെ നിൎബ്ബന്ധം തന്നെയായിരിക്കും. ദേവകി അമ്മയുടെ ഉപദേശപ്രകാരം ചെയ്തതായിരിക്കും. എന്നെപ്പററി ദേവകിഅമ്മയ്ക്കു് അങ്ങിനെ ഒരു വിചാരംതന്നെ ഇല്ലായിരിക്കും. ഏതായാലും എന്റെ കാൎയ്യം പൂജ്യമായി. ഞാൻ അന്നുതൊട്ടു് ശിന്നമണിയുടെ വീട്ടിലേക്കു പോകാറേ ഇല്ല. അങ്ങിനെ ഒരു പത്തുപതിനഞ്ചു ദിവസം കഴിഞ്ഞു. ആ സമയത്താണു് ആരംഭത്തിൽ പറഞ്ഞപോലെ ശിന്നമണിയുടെ അമ്മ ദേവകിഅമ്മ എന്നെ വിളിക്കാൻ ആളയച്ചതു്. ഞാൻ പോവാൻ ആദ്യം വളരെ മടിച്ചു എങ്കിലും അവരാരും എന്നോടു് തെററു ചെയ്തിട്ടില്ലല്ലോ എന്ന സത്യബോധം എന്നെ പോവാൻ നിൎബ്ബന്ധിച്ചു. ഞാൻ എന്റെ സങ്കടവും ഇച്ഛാഭംഗവും ഒതുക്കി, അനുരാഗത്തെ അമൎത്തിപ്പിടിച്ചുംകൊണ്ടു് കിച്ചിളിക്കോട്ടു് കുളത്തിൽ കേറിച്ചെന്നു. ഒരു നിധി കിട്ടിയവന്നു് ആ നിധി പെട്ടെന്നു പൊയ്പോയപോലുള്ള വിചാരം, എന്നെയും ഒന്നു മന്ദസ്മിതത്തോടെ ഏന്തിനോക്കി, ക്ഷണം പിന്തിരിഞ്ഞ ശിന്നമണി എന്റെ ഹൃദയത്തിൽ ജനിപ്പിച്ചു. ഒരു സൊന്നായുടെ വ്യത്യാസം ഒരു അക്കത്തിനെ വളരെ ഭേദിപ്പിക്കുംപോലെ ഒരു ദിവസത്തെ വ്യത്യാസമല്ലേ എന്റെ ജീവിതത്തെയും വളരെ ഭേദിപ്പിച്ചതു്. നിൎവ്വാഹമില്ലാത്ത കാൎയ്യത്തിന്നു വഴങ്ങുന്നതാണു് വെടിപ്പു് എന്നു നിശ്ചയിച്ചതോടുകൂടി ദേവകിയമ്മയും പുറത്തു വന്നു.

ദേവകിയമ്മ:—അല്ല. കുമാരൻനായരേ! നിങ്ങളെ ഇശ്ശിനാളായല്ലൊ കണ്ടിട്ടു്.

ഞാൻ:—കുറെ ജോലിത്തിരക്കിലായ്പോയി.

ദേ:—വിവാഹത്തിന്നു ഒരു നല്ലദിവസംകുറിക്കാമെന്നു പറഞ്ഞുപോയതല്ലെ? പിന്നെ ഇങ്ങട്ടു് കണ്ടതേ ഇല്ലല്ലൊ.

ഞാൻ:—അതു് ഞാൻ മറന്നിട്ടില്ല. ജോലികഴിഞ്ഞ ഉടനെ ആവാമെന്നു വിചാരിച്ചു.

ദേ:—എന്തുജോലി? അഞ്ചാറാളെസല്ക്കരിച്ച ജോലിയോ? ഞങ്ങൾ ആ വൎത്തമാനംകേട്ടിട്ടു വളരെ സന്തോഷിച്ചു. ശിന്നമണിക്കു ഒരു ഭൎത്താവു് വന്നതുകൊണ്ടു ഞങ്ങളെപ്പോലെതന്നെ നിങ്ങൾക്കും ഒരു സന്തോഷമുണ്ടായെന്നു തെളിഞ്ഞു.

ഞാൻ:—സംശയമുണ്ടോ? എനിക്കൊ ബന്ധുക്കളായിട്ടു ആരും ഇല്ല. എന്റെ ബന്ധുക്കൾ നിങ്ങളാണെന്നേ ഞാൻ ഇതുവരെ കരുതീട്ടുള്ളു.

ദേ:—സ്വാൎത്ഥവിചാരമില്ലാത്ത നിങ്ങളെ ഒരു ബന്ധുവായിക്കിട്ടിയതു ഞങ്ങളുടെ ഭാഗ്യമാണു്.

ഞാൻ:—എന്റേയും ഭാഗ്യംതന്നെ. എനിക്കു നിങ്ങളും ശിന്നമണിയും എന്നുവെച്ചാൽ എന്റെജീവനാണു്. നിങ്ങളെ ഒരുദിവസമെങ്കിലും കാണാതിരിക്കുന്നതു എനിക്കു വലിയ ഖേദമാണു്.

ദേ:—ഞങ്ങൾക്കും അങ്ങിനെതന്നെ.

ഞാൻ:—ഇനി ഞാനെന്തുവേണം. ഒരു പണിക്കരെ വിളിച്ചയക്കട്ടേ?

ദേ:—വേണ്ട, വേണ്ട. എനിക്കു നിങ്ങളോടു് ഒരു സ്വകാൎയ്യം പറവാനുണ്ടു്.

ഞാൻ:—എന്താണതു്?

ദേ:—ഭാസ്കരമേനോൻ ഇവിടെ നിത്യംവരുന്ന ആളാണു്. എന്റെജ്യേഷ്ഠന്റെമകനാണു്. ഇപ്പോൾ അഞ്ചുപത്തു ദിവസമായിട്ടു ഇങ്ങു തിരിഞ്ഞുനോക്കുന്നേഇല്ല. പോരാഞ്ഞിട്ടു തല്ക്കാലം വിവാഹം വേണ്ടെന്നും ഇപ്പോൾ അവൻ ശാഠ്യംപിടിക്കുന്നു.

ഞാൻ:—എന്താണു കാരണം?

ദേ:—അവൻ പറയുന്നതു ബി. ഏ. മുഴുമിപ്പിച്ചു ഒരു

ദ്യോഗം കിട്ടിയതിൻെറശേഷം മാത്രമേ സംബന്ധം പാടുള്ളു എന്നാണ്.

ഞാൻ:—സംബന്ധം ഇപ്പോൾ കഴിച്ചു വെക്കുന്നതുകൊണ്ട് എന്താണു വിരോധം? ബി. ഏ യഥാവസരം മുഴമിപ്പിക്കട്ടെ.

ദേ:—അതിന്നു അവൻ സമ്മതിക്കുന്നില്ല.

ഞാൻ:—അദ്ദേഹത്തെക്കൊണ്ടു സമ്മതിപ്പിക്കണം.

ദേ:—അതിന്നു കുറെ വിഷമമുണ്ടു്.

ഞാൻ:—എന്തുകൊണ്ട്?

ദേ:—അവന്നു വേറെ ഒരുദിക്കിൽ സേവയുണ്ടത്രെ.

ഇത്രത്തോളം പറഞ്ഞപ്പോൾ ദേവകിയമ്മയുടെ മുഖം കോപംകൊണ്ടു ഒന്നുകറുത്തു. ഞാൻ കാര്യമൊന്നും അറിയാത്തപോലെ നടിച്ചു.

ഞാൻ:—എവിടെയാണുപോലും ഈ സേവ.

ദേ:—ഇല്ലിമൂട്ടിൽ കേശവമേനോനെ അറിയില്ലേ? ഒരു ശിപായി. ആ കൊശവൻ പുതുതായി ഒരു പണ്ടത്തിനെ കെട്ടിക്കൊണ്ടുവന്നിട്ടുണ്ടു്. എന്താണു ആ പെണ്ണിൻെറ പേർ...

ഞാൻ:—ഓഹോ! മാധവിക്കുട്ടി, ചേനമഠത്തു മാധവിക്കുട്ടി.

ദേ—ആ തേവിടിശ്ശിയുമായിട്ടാണത്രേ.

ഞാൻ—(തലചൊറിഞ്ഞുകൊണ്ട്) ആളുകൾ വല്ലതും പറയും.

ദേ—വല്ലതുംഇല്ലാതെ ആളുകൾ വല്ലതും പറയുകയില്ല-

ഞാൻ—അതത്ര ഉറപ്പാക്കേണ്ട.

ദേ—ഈ കാര്യം ഉറപ്പാണ്.

ഞാൻ—(മന്ദഹസിച്ചുകൊണ്ട്) എന്തൊ.

ദേ—ഞാൻ പറയുന്നു ഇതിന്ന് വ്യത്യാസമില്ല എന്ന്. കുറേനാളായി അവൻ ഇവിടെഎത്തി നോക്കാറേഇല്ല.

ഞാൻ—അതൊരു വകയല്ലേ. വിവാഹം നിശ്ചയിച്ചാൽ പിന്നേ അതുകഴിയുന്നാവരെ പെണ്ണില്ലത്തു പോകയതെന്നല്ലേ നിശ്ചയം?

ദേ—മച്ചുനൻ ബന്ധത്തിന്നു ആ വക നിശ്ചയമൊന്നും ബാധിക്കില്ല. ഞാനും എൻെറ മകളും അവൻെറ അച്ഛൻെറക്കൂടെതന്നെ വേണ്ടവരല്ലേ?

ഞാൻ:—അതു ശരി. ആ കാര്യം ഞാനത്ര ആലോചിച്ചില്ല.

ദേ:—ഇപ്പോൾ അവൻ രാവു് പകലു് ആ വീട്ടിൽ തന്നെയാണുപോലും.

ഞാൻ:—അങ്ങിനെയായാൽ കേശവമേനോൻ വല്ലതും വിചാരിക്കില്ലേ?

ദേ:—(കോപത്തോടെ) നാണവും മാനവും ഇല്ലാത്ത ആ അസത്തു് എന്തു് വിചാരിക്കാൻ? അഥവാ വിചാരിച്ചാൽ തന്നെ മാധവിക്കുട്ടിക്കു എന്തു് പുല്ലു്? ഒരു മുൻസിപ്പുകോടതിയിലെ ശിപായിക്കു ന്യായമായി അവൾക്കു ഊണു് കൊടുപ്പാൻ സാധിക്കുമോ. ഉടുക്കുന്നതും തേക്കുന്നതും അവിടെ നില്ക്കട്ടെ. രക്ഷിക്കാൻ കഴിയാത്തവർ വല്ലതും വിചാരിച്ചാൽ ആർ കണക്കാക്കും?

ഞാൻ:—ഈ വയസ്സുകാലത്തു് അയാൾക്കു ഇങ്ങിനെ ഒരു ചെറുപ്പക്കാരിയെ കൊണ്ടുവരുവാനുള്ള ആവശ്യമെന്താണു്. പത്തമ്പതു് കഴിഞ്ഞവളേ പോരായിരുന്നോ?

ദേ:—ആവശ്യമൊന്നും ഇല്ലാണ്ടല്ല. അങ്ങിനെയല്ലാഞ്ഞാൽ ചെറുപ്പക്കാരെ പിഴപ്പിക്കാൻ സാധിക്കുമോ? പണം മോഹിച്ചിട്ടുതന്നെയാണു് ഈ പ്രവൃത്തി. അയാളുടെ മാസപ്പടി അയാൾക്കു കുടിച്ചു മൂത്രിക്കാനേ ഉള്ളു. പിന്നെ ചോറു് തിന്നാൻ പണം എവിടെന്നാണു്? അതു് അവൾ ഉണ്ടാക്കിക്കൊടുക്കണ്ടേ! അപ്പോൾ അയാൾ ഈ മാതിരി കാര്യത്തിലേക്കു അവളെ ചാടിക്കയില്ലേ! എന്തിനാണു് പറയുന്നതു്. ഈ മാതിരി ഇരപ്പന്മാരായ തെമ്മാടികൾക്കു പെൺകുട്ടികളെ വലിച്ചുചാട്ടിക്കൊടുക്കുന്ന കാരണവന്മാരെയല്ലേ കുററം പറയേണ്ടതു്.

ഞാൻ:—അവരെന്തുചെയ്യും. ഒരു സർക്കാരുദ്യോഗസ്ഥൻ അനന്തരവത്തിക്കു വന്നാൽ, കൊടുക്കില്ല എന്നുപറവാനോ? നല്ല കഥ.

ദേ:—സർക്കാരുദ്യോഗസ്ഥൻ! എനിക്കു കേൾക്കേണ്ട. എന്താ പറയുന്നു, വല്ല സബ് ജഡ്ജിയോ ഡിപ്പൂട്ടിക്കലെക്ടരോ അല്ലേ വന്നതു്. പാടവും മാടവും കൊണ്ടു് ഇങ്ങു പോരാമെന്നു കരുതീട്ടോ? ഉള്ള മാനവുംകൊണ്ടു് അവരവരുടെ വീട്ടിൽതന്നെ അടങ്ങിക്കൂടിയെങ്കിൽ എത്ര നന്നായിരുന്നു.

ഞാൻ:—ശിപായിമാർ എത്ര സമ്പാദിച്ചവരുണ്ടു്. അതു് നിങ്ങൾ അറിഞ്ഞിട്ടില്ലേ?

ദേ:—മൂക്കോളം കുടിച്ചു കാലം കഴിക്കുന്ന മുട്ടാളന്മാർ സമ്പാദിച്ചു എന്നു എപ്പോഴെങ്കിലും കേട്ടിരിക്കുന്നോ? അറുപതിൽ കാലുവെച്ചു ആ കള്ളുകുടിയൻ സമ്പാദിക്കാൻ തുടങ്ങിയാൽ എത്ര സാധിക്കും എന്നു എല്ലാവർക്കും അറിയാം. ഒരു സാധുപ്പെൺകിടാവിൻെറ നടവടി മോശപ്പെടുത്തിയ മഹാപാപമാണു് ആ കള്ളൻ സമ്പാദിച്ചതു്.

ഇങ്ങിനെയുള്ളവർ ചെല്ലുമ്പോൾ അന്തകന്ന് നരകത്തിൽ കിങ്കരന്മാരെ കുറെ ജാസ്തി വെക്കേണ്ടിവരും.

ഞാൻ — അതിന്ന് അങ്ങിനെയുള്ളവൎക്കല്ലെ ദൈവം ദീർഘായുസ്സ കൊടുക്കുന്നത്.

ദേ— അതിന്റെ ഇയ്യ മാതിരിക്കാൎക്ക നരകത്തിലും ദീർഘായുസ്സ കൊടുക്കുമായിരിക്കും. ദീർഘകാലം നില്ക്കുന്ന യാതനകളും കൊടുക്കുമായിരിക്കും.

ഞാൻ—കേശവൻനായരെപ്പററിയുള്ള സ്തുതി തല്ക്കാലം നിൽക്കട്ടെ. എന്നെവിളിച്ചതെന്തിനാണ്?

ദേ: — ഒന്നാമത് ആ കിഴവൻ കഴുവിന്റെ ചെകിട്ടത്ത് രണ്ടുകൊടുപ്പാൻ.

ഞാൻ: — അതിന്ന് ഞാൻ ആളല്ല.

ദേ. — രണ്ടാമത് ഭാസ്കരമേനോനോട് അവന്റെ നല്ലപേർ പോകുരുതെന്നും അവനെപ്പററി നാടോടെ ദുഷ്യപ്രസ്താവം നടക്കുന്നുണ്ടെന്നും മററും നല്ലകണക്കിൽ പറഞ്ഞു അവന്റെ അവിടേക്കുള്ള പോക്ക നിൎത്തണം. ആ പെണ്ണുമായിട്ടുള്ള കൂട്ടുകെട്ട മുറിക്കണം. എന്റെ മകളെ ക്ഷണം സംബന്ധംകഴിപ്പാൻ ഉത്സാഹിപ്പിക്കയും ചെയ്യണം.

ഞാൻ:—ഇതൊക്കെ എന്നാലെങ്ങിനെസാധിക്കുന്നു?

ദേ: — നിങ്ങളാലല്ലാതെ വേറെ ഒരുവനാലും ഇത് സാധിക്കയില്ല. നിങ്ങൾഎന്തെങ്കിലും ഒരുപായം കണ്ടുപിടിച്ചു എന്റെ മകളുടെ സംബന്ധം ക്ഷണം നടത്തിത്തരണം. നിങ്ങൾ ഏററു എന്നു പറയുവിൻ.

ഞാൻ: — ഉത്സാഹിക്കാൻ ഞാൻ ഏററു.

ദേ: — അതു പോര. എനിക്ക എന്റെമകളെ വിവാഹംചെയ്യാൻ പോകുന്നവൻ തെമ്മാടിത്തരത്തിന്ന പോകുന്നതു കേവലംഇഷ്ടമില്ല. അതുകൊണ്ടു എന്റെ മകളുടെ വിവാഹം ക്ഷണം നടത്തിത്തരാൻ നിങ്ങൾ ഏൾക്കുകതന്നെ വേണം.

ഞാൻ: — എന്നാൽ തെമ്മാടിത്തരത്തിന്ന പോകാത്തവരെ കണ്ടുപിടിക്കരുതോ?

ദേ: — അവൻ പോകാതിരുന്നാൽമതിയല്ലൊ അതിന് നിങ്ങൾതന്നെ ഏല്ക്കണം.

ഞാൻ — ഏററുനോക്കാമെന്നു ഞാൻ ഏററു.

ദേ — അതുപോര. എന്നോടു നിങ്ങൾ വാഗ്ദത്തംചെയ്യണം. നിങ്ങളാൽ കഴിയുന്ന എല്ലാ ശ്രമങ്ങളും നിങ്ങൾചെയ്യണം.

ഞാൻ—വാഗ്ദത്തംചെയ്യണമെങ്കിൽ ഞാൻ പറയും പ്രകാരം നടക്കും എന്നു നിങ്ങളും വാഗ്ദത്തംചെയ്യേണ്ടിവരും.

ദേ — അങ്ങിനെയാകട്ടെ. എല്ലാററിന്നും ഞാൻ ഏററു. നിങ്ങളൊ?

ഞാൻ — എന്നാൽ ഞാനുമേററു.

ദേ — അതുപോര. ഏററതു എന്തിനാണെന്നുവ്യക്തമായിപ്പറയണം.

ഞാൻ—ഭാസ്കരമേനോൻ ബി. എ. മുഴമിപ്പിക്കുംമുമ്പേ നിങ്ങളുടെ മകളുടെ വിവാഹംകഴിയണം എന്നു ഞാൻ ഏററു.

ദേ — ആവു. എനിക്കാശ്വാസമായി.

ഞാൻ—എന്നാൽ ഞാൻ ഇപ്പോൾ പോകുന്നു. അടുത്തദിവസം വന്നുകാണാം.

പടിവാതിൽ കടന്നഉടനെ മിന്നൽപ്പിണർ പോലെ എന്റെഉള്ളിൽ ഒരു യുക്തിയുംമിന്നി. ശിന്നമണിയെ കൈക്കലാക്കാനുള്ള എന്റെ മാൎഗ്ഗംകേവലം മുട്ടിപ്പോയിട്ടില്ലെന്നു എനിക്കു തോന്നി. ആട്ടെ ഒന്നു പരീക്ഷിച്ചുനോക്കാം. * *

## II.

വേണ്ടാത്തതിനൊക്കെ ചെന്നേൽക്കും. ഇതാണ് എന്റെ തെററ്. ഞാൻപറയുമ്പോൾഎതൃത്തു പറയുന്ന സ്ത്രീകളെ ഉള്ളവെങ്കിലും സ്ത്രീകൾ പറയുമ്പോൾ എതിൎത്തുപറവാൻ എനിക്ക സാധിക്കുന്നില്ല. വൈകുന്നേരമായപ്പോൾ ഞാൻ ശിപായികേശവമേനോന്റെ വീട്ടിലേക്ക നടന്നു. ചെല്ലുന്നവഴിക്കു ഞാൻ എതിരായിവരുന്ന ശിപായിയെ കണ്ടുമുട്ടി. ഞാൻ ഒരുപൊടിക്കൈ പ്രയോഗിച്ചു ഇവന്റെ അഭിമാനവും ഗൎവ്വവും ഒന്നു ഉണൎത്താൻ തക്കവണ്ണം ഇവനെ കലശലായി മൂപ്പിക്കാൻ ഉറപ്പാക്കി. വിചാരിച്ച കാൎയ്യങ്ങളിൽ ആരുമറിയാതെ പ്രവേശിച്ച് കൃതാൎത്ഥപ്പെടേണം എന്ന ഒരുതരം ഭ്രമമാണ് മനുഷ്യപ്രകൃതിയുടെ ഒഴിച്ചുകൂടാത്ത ദുസ്സ്വഭാവം എന്ന് എനിക്ക നല്ല ബോധമുണ്ട്. അതുകൊണ്ട് ശിപായിയെ മൂപ്പിച്ചു, ഭാസ്കരമേനോനോടു മേലാൽ അവിടെ കടക്കരുതെന്നുപറയിപ്പിച്ചാൽഞാൻ ജയിച്ചു. എന്തുകൊണ്ടെന്നാൽ ഭാസ്കരമേനോനും മാധവിക്കുട്ടിക്കും വാശിമൂക്കും. അന്നുമുതൽ അവരുടെ രഹസ്യസല്ലാപത്തിന്ന മാധുൎയ്യവുമേറും ആ സമയത്തിന്ന ഭാസ്കരമേനോൻ ശിന്നമണിയെ കേവലം മറക്കുകയും ചെയ്യും. അന്നേരം എനിക്കു ശിന്നമണിയുടെ നേരെ പ്രവേശനത്തിന്നു ഒരുവഴിയും കിട്ടും. ഇതാണ് എനിക്ക തോന്നിയ യുക്തി. അതുകൊണ്ടു ശിപായിയെ കണ്ട ഉടനെ ഞാൻ ഒരുവ്യസനഭാവം

അവലംബിച്ചു. എന്റെ ഗതിവേഗതയും മന്ദിപ്പിച്ചു. എന്റെ അഭിമുഖമായി ശിപായി വന്നുനിന്നപ്പോൾ ഞാനും നിന്നു.

ശിപായി–എന്താ മുഖത്തു് ഒരു വല്ലായ്മ?

ഞാൻ–ഒന്നുമില്ല.

ശിപായി–ഛീ, പറയൂ. എന്തെങ്കിലും ഒരു കാരണമില്ലാതിരിക്കില്ല.

ഞാൻ:–കാരണം കേവലം ഇല്ലെന്നില്ല.

ശി:– അങ്ങിനെ വരട്ടെ. എന്താണതു്?

ഞാൻ– എനിക്കു പറവാൻ അസാരം മടിയുണ്ടു്.

ശി:–ഛീ! എനിക്കതു് കേട്ടേകഴിയൂ. എന്താണു് കാരണം?

ഞാൻ– ഞാൻ അതു് പറയാത്തതാണു് വെടിപ്പു്.

ശി– എന്തുകൊണ്ടു്?

ഞാൻ– കാരണം കേട്ടാൽ നിങ്ങളെപ്പോലെയുള്ള സജ്ജനങ്ങൾ നടുങ്ങിപ്പോകും.

ശി– കേൾക്കട്ടെ. എന്നിട്ടല്ലേ നടുങ്ങുന്ന കാൎയ്യം.

ഞാൻ– ഉള്ളതു പറയുമ്പോൾ എന്നോടു് വിരോധമുണ്ടാകയില്ലല്ലോ?

ശി– ഒരിക്കലും ഇല്ല.

ഞാൻ– ഞാൻ നിങ്ങളോടുള്ള സ്നേഹവും വിശ്വാസവും കൊണ്ടു മാത്രം പറയുന്നതാണേ.

ശി– അതേ. അതെ. മനസ്സിലായി.

ഞാൻ– എന്നോടു് യാതൊരു മുഷിച്ചലും വിചാരിക്കരുതേ.

ശി- ഇല്ല.

ഞാൻ– എന്നാൽ ഞാൻ പറയാം. ഞാൻ ഇപ്പോൾ വരുന്ന വഴിക്കു രണ്ടാൾ ഓരോ വിശേഷം പറഞ്ഞു വളരെ നിന്ദാഭാവത്തോടെ ചിരിക്കുന്നതു കണ്ടു. ഇവർ ഇത്ര പുച്ഛമായും ഹാസ്യമായും സംസാരിക്കുന്നതു് ആരെപ്പററിയായിരിക്കും എന്നറിവാൻവേണ്ടി ഞാൻ ഒരു മരവും മറഞ്ഞു അടുത്തുചെന്നു മൂത്രിക്കാനാണെന്ന ഭാവത്തിൽ ഒരേടത്തിരുന്നു.

ശി–എന്നിട്ടു്?

ഞാൻ–നിങ്ങളെപ്പററിയാണു് പറയുന്നതു് എന്നറിഞ്ഞപ്പോൾ ഞാൻ നല്ലവണ്ണം ചെവിടോർത്തു അവിടെത്തന്നെ ഇരുന്നു.

ശി–എന്നെപ്പററിയൊ? എന്നെക്കൊണ്ടു എന്തെല്ലാമായിരുന്നു പറഞ്ഞതു്. കേൾക്കട്ടെ.

ഞാൻ–(ചെവിചൊറിഞ്ഞുകൊണ്ടു്) എനിക്കു പറവാൻ മടിയാകുന്നു കേട്ടാൽ ആൎക്കും കോപംവരും. വിശേഷിച്ചു നിങ്ങളെപ്പോലെ മാനമൎയ്യാദയുള്ള കൂട്ടക്കാർ ഒട്ടും സഹിക്കയില്ല.

ശി:—അതുകൊണ്ടുതന്നെയല്ലേ കേൾക്കേണ്ടതു്.

ഞാൻ—ആലോചിക്കുംതോറും എനിക്കു പറവാൻ ഒരു മടി തോന്നുന്നു.

ശി–ഒട്ടും മടിക്കേണ്ട; ഞാനല്ലേപറയുന്നതു്?

ഞാൻ–അതല്ല. നിങ്ങളെപ്പോലെയുള്ള മൎയ്യാദക്കാരെക്കൊണ്ടു ജനങ്ങൾ ഇമ്മാതിരി പറയുന്നതുകേട്ടപ്പോൾ എനിക്കു് വളരെ കോപമുണ്ടായി. വല്ലവരെക്കൊണ്ടുംവല്ലതുംപറയിക്കാൻ ആരും ഇട വരുത്തരുതു്.

ശി–ആട്ടെ. കെയിസെന്താണെന്നു കേൾക്കട്ടെ.

ഞാൻ–കേൾക്കുമ്പോൾ ഏതു് ആണിന്നും കോപം ജനിക്കും. നിങ്ങളെപ്പോലെയുള്ള യോഗ്യന്മാൎക്കു ഇതൊന്നും സഹിപ്പാൻ സാധിക്കില്ല.

ശി:—പറയൂ. സാറെ! എന്താണെന്നു കേൾക്കട്ടെ.

ഞാൻ:–ഒന്നുമില്ല. ഇവൎക്കു ഇങ്ങിനെപറവാൻ ധൈൎയ്യംവന്നതു് വല്ല കാരണംകൊണ്ടായിരിക്കുമോ? എന്നാണു എന്റെ ആലോചനപോയതു്. അങ്ങിനെ വല്ലകാരണവും ഉണ്ടെന്നു നിങ്ങൾ അറിഞ്ഞാൽ,ആ കാരണം മുരടോടെ നുള്ളിയെറിഞ്ഞു കളയുകയില്ലേ. അല്ലെങ്കിൽ നിങ്ങൾ അതിനൊക്കെ മടിച്ചുആളോ.

ശി:–ഒന്നാമതു് അതെന്താണെന്നു ഞാൻ അറിയട്ടെ? നുള്ളലും എറിയലുംഒക്കെ എന്നിട്ടല്ലെ?

ഞാൻ:–ഇതാ, ഞാൻ കേട്ടതു പറയുകയാണെ.

ശി:–അങ്ങിനെതന്നെ. സമ്മതിച്ചു.

ഞാൻ:–നിർബന്ധിക്കുന്നതായാൽ ഞാൻ പറയാം. അവർ പറഞ്ഞുപരിഹസിച്ചതു നിങ്ങളെപ്പററിയും നിങ്ങളുടെ ഭാൎയ്യ മാധവിക്കുട്ടിയെപ്പററിയുമാണു്.

ശി:–(ചിരിച്ചുകൊണ്ടു്) ഛൂ. ഇതാണൊ. ഞങ്ങളെപ്പററി എന്തു മണ്ണാങ്കട്ട പറവാനാണു്. ഞങ്ങൾ ഭാൎയ്യാഭൎത്താക്കന്മാരാണെന്നോ. ആ വിവരം ഇവൎക്കു് ഇനിയും കിട്ടിയിരുന്നില്ലേ?

ഞാൻ:–അങ്ങിനെമാത്രമായിരുന്നു എങ്കിൽ അത്ര ഖേദിപ്പാനുണ്ടായിരുന്നോ?

ശി:–പിന്നെ എന്താണു്?

ഞാൻ:–അതിൽ വേറെ ഒരു ഹിക്കമത്തുംകൂടി എടുത്തിട്ടുന്നില്ലേ?

ശി:–എന്തു് ഹലാക്കു്. എന്തു് ഹിക്കമത്തു്?

ഞാൻ—മറ്റൊന്നുമല്ല, ഈ പറഞ്ഞകൂട്ടത്തിൽ ഭാസ്കരമേനോനേയും കൂട്ടിപ്പറയുന്നുണ്ട്.

ശി— ഏതു വിധത്തിൽ.

ഞാൻ— എങ്ങിനെയാണ് ഈശപരാപരമെന്നത്, നിങ്ങൾ സാഹസമൊന്നും പ്രവൃത്തിക്കുകയില്ലെങ്കിൽ ഞാൻ പറയാം.

ശി— പറയൂ, മുഴുവനും പറയൂ. ഒട്ടും വിരോധമില്ല.

ഞാൻ—(പതുക്കെ) മാധവിക്കുട്ടിക്കു ഭാസ്കരമേനോനേയാണ് പോലും സ്നേഹം; അവർതമ്മിൽ സേവയാണത്രെ.

ഇത്രത്തോളം പറഞ്ഞപ്പോൾ തീമഴ പൊട്ടിത്തെറിക്കുമ്പോലെയുള്ള അട്ടഹാസവും ശകാരവും കോപാഗ്നിയും പുറപ്പെട്ടു, ശിപായി കേശവമേനോൻ ഭൂമികുലുക്കിക്കൊണ്ട് ഭാസ്കരമേനോനെ തല്ലാനും ചവിട്ടാനും ചെന്നു, മേലാൽ അവിടെ ചെല്ലരുതെന്നു അദ്ദേഹത്തെ താക്കീതുചെയ്യുമെന്നായിരുന്നു എന്റെ കാര്യമായ ഊഹം. എന്നാൽ അങ്ങിനെയുള്ള യാതൊരു ചേഷ്ടകളും അദ്ദേഹത്തെ ബാധിച്ചു കണ്ടില്ല.

ശി—(ചിരിച്ചുകൊണ്ട്) ഓഹോ! അതുകൊണ്ട് അവർക്കൊക്കെ അസൂയയായിരിക്കും.

ഞാൻ സത്യമായിട്ടും ഒന്ന് അന്ധാളിച്ചു. ആണാണവും മാനവുമില്ലാത്ത മനുഷ്യനു യാതൊരു കുലുക്കവും കാണാഞ്ഞപ്പോൾ എന്റെ യുക്തി അസ്ഥാനത്തിലായോയെന്നു എനിക്കുതോന്നി. ഞാൻ ഒന്നുകൂടി ശ്രമിച്ചു—

ഞാൻ—എന്ത്. അസൂയ നിങ്ങൾക്കല്ലേ വേണ്ടത്.

ശി—ഛീ. ആ ദുർഗ്ഗുണം എന്നെ ബാധിച്ചിട്ടില്ല. ആ പറയുന്ന ശപ്പന്മാർക്കാണ് അസൂയ ഉള്ളത്. അതു മനസ്സിലാക്കീട്ടില്ലേ.

ഞാൻ—അവർക്കെന്തിനാണ് അസൂയ. എനിക്കു മനസ്സിലാകുന്നില്ല.

ശി—നിങ്ങളൊന്നും മനസ്സിലാക്കാൻ നോക്കാഞ്ഞിട്ടല്ലേ. നിങ്ങൾക്കു ലോകപരിചയമുണ്ടോ. നിങ്ങളുടെ കണ്ണ് ഞാൻ തുറപ്പിച്ചു തരാം.

ഞാൻ—കണ്ണ് അല്പമെങ്കിലും തുറക്കേണ്ടതു് നിങ്ങളാണെന്നാണ് അക്കൂട്ടർ പറയുന്നത്.

ശി—അക്കൂട്ടർ അതേ പറയും. അതിലപ്പുറവും പറയും.

ഞാൻ—എന്തിനാണു അവരെക്കൊണ്ടൊക്കെ പറയിക്കാൻ ഇടവെക്കുന്നത്.

ശി—അവർക്കു അസൂയകൊണ്ട് നാവു് അടക്കുവാൻ സാധിക്കുമോ. നിങ്ങളെന്താണ് പറയുന്നത്. ഭാസ്കരമേനോൻ ഒരു വലിയ തറവാട്ടുകാരനാണ് സുന്ദരനാണ് ചെറുപ്പക്കാരനാണ്. പൈസക്കാരനാണ്. അങ്ങിനെ ഒരാളെ രഹസ്യക്കാരനായി അവരുടെ ഭാര്യമാർക്കൊന്നും കിട്ടിയില്ലല്ലോ. അതുകൊണ്ടുള്ള കണ്ണുകടിയും അസൂയയും അല്ലേ? ഇതൊക്കെ ഒരോരുത്തന്റെ ഭാഗ്യമല്ലേ! അവർക്കു ആ മാതിരി ഭാഗ്യം സിദ്ധിക്കാഞ്ഞതു് അവരുടെ തലയിലെഴുത്ത് ഇപ്പോൾ ആ ഭാഗ്യം എനിക്കാണ്. അവരൊക്കെ അസൂയപ്പെട്ടിട്ടെന്താണ്. ഹി. ഹി. ഹി ഹി. എന്റെ ഭാഗ്യം എനിക്കുള്ളതല്ലേ.

കേശവമേനോന്റെ തത്വം കേട്ടപ്പോൾ എനിക്കു ആദ്യം അത്ഭുതവും പിന്നെ ചിരിയും വന്നു. ഇദ്ദേഹത്തെ മൂപ്പിച്ചാലൊന്നും എന്റെ യുക്തി ഫലിക്കയില്ലെന്നു വെളിവായി. ദേവകിഅമ്മയുടെ വാക്കു പരമാർത്ഥമാണെന്നു എനിക്കു പരിപൂർണ്ണബോധ്യവും വന്നു. ഈ മാതിരി കൂട്ടരും ഉണ്ടല്ലോ എന്നു എനിക്കു ആദ്യമായി അന്നാണ് മനസ്സിലായത്.

ഞാൻ—ശരി. നിങ്ങളുടെ ഭാഗ്യം വലിയ ഭാഗ്യം തന്നെ. ഈ മാതിരി ഭാഗ്യം എല്ലാരും ആശിക്കുമെന്നു തോന്നുന്നില്ല.

ശി—ആശിക്കാത്തവരൊക്കെ വങ്കന്മാരാണ്; അതു കിട്ടാത്തവരൊക്കെ നിർഭാഗ്യന്മാരാണ്. അതിനെ പററി ദുഷിച്ചു പറയുന്നവരൊക്കെ അസൂയാലുക്കളാണ്.

ഞാൻ—അങ്ങിനെ വിചാരിക്കുന്നവരും ഉണ്ട്. എന്ന് എനിക്കിപ്പോൾ മനസ്സിലായി.

ശി—അങ്ങിനെ വിചാരിക്കുന്നവരേ ഭൂമിയിൽ ഉണ്ടാവാൻ പാടുള്ളു. നന്മവരാൻ എല്ലാവർക്കും മോഹമുണ്ടാകും. വിചാരിക്കാത്തവർ സന്യാസമെടുത്തു വല്ല കൊടുങ്കാട്ടിലുംകേറി തപസ്സ് ചെയ്തുകൊള്ളട്ടെ.

ഞാൻ—എന്നാൽ ഞാൻപോകുന്നു.

ശി—തപസ്സു ചെയ്യാനാണോ?

ഞാൻ—നിങ്ങളെപ്പോലെയുള്ളവർ നാട്ടിലുള്ളപ്പോൾ കാട്ടിൽകേറി തപസ്സുചെയ്യുന്നതാണ് നെടിപ്പു്.

ശി—എന്താണ്. നിങ്ങൾക്കു എന്നോടു അസൂയ ഉണ്ടോ?

ഞാൻ—എനിക്കു ഭാര്യയില്ലല്ലോ.

ശി.-അതു ശരി. വേഗം ഒന്നിംഗ്ന കൊണ്ടുവന്നോളു.

ഞാൻ--ഓ.

പുഷ്പമോ ഇഷ്ടാഭംഗമൊ ഏതെന്നാണു അധികം ബാധിച്ചതു് എന്നു് എനിക്കു പറവാൻ കഴികയില്ല. ഞാൻ നടന്നുപോകുന്ന ശിപായിയുടെ പുറവുംനോക്കി കുറേനേരം നിന്നു. അല്പം ചിലതൊക്കെ ആലോചിച്ചതിൽപിന്നെ ഞാൻ മെല്ലെ നടന്നു ഇല്ലിമൂട്ടിന്റെ പടിക്കൽഎത്തി. ഒരുസമയം ഭാസ്കരമേനോൻ ഇവിടെഉണ്ടെങ്കിലോ. എന്റെ യുക്തിഇവിടേയും ഒന്നു പ്രയോഗിച്ചുകൂടെ. അദ്ദേഹത്തെ വല്ലപ്രകാരത്തിലും വെറുപ്പിച്ചു് അദ്ദേഹത്തോടു ഈ വീട്ടിലുള്ള പോക്കുമുടക്കണം എന്നുപറയുമ്പോൾ പോയേ കഴിയൂ എന്നുള്ള വാശിയല്ലെ അദ്ദേഹത്തിന്നുണ്ടാകുക. ഇതുതന്നെചെയ്യാനല്ലേ ദേവകിഅമ്മ പറഞ്ഞതും. പിന്നെ ഞാനെന്തിന്നു മടിക്കുന്നു. ഞാൻ ഇല്ലിമൂട്ട് ഭവനത്തിലേക്കു എന്റെ കണ്ണുതിരിച്ചു. കോലായിൽ ആരെയും കണ്ടില്ല. ഞാൻ പടിയും നടയുംകടന്നു മെല്ലെ കോലായിൽകേറി അകത്തെക്കോലായുടെ തെക്കെഅററത്തെ അസാരം തുറന്നുകണ്ട ജനലിൽകൂടെ തെക്കേമുറിയിലേക്കു ഒന്നുനോക്കി. മാധവിക്കുട്ടി ഒരേ കട്ടിലിന്മേൽ ഇരുന്നു ഭാസ്കരമേനവന്നു് വെററിലചുരുട്ടിക്കൊടുക്കുന്നതു കണ്ടപ്പോൾഎന്റെ മുഖത്തു ഒരു മന്ദഹാസംപൊട്ടി. വെററിലയും വാങ്ങി ഭാസ്കരമേനവൻ മാധവിക്കുട്ടിയെ ചുംബിക്കുന്നതു കണ്ടപ്പോൾ ഞാൻ ഒന്നു ഞെട്ടി. മാധവിക്കുട്ടിയുടെ മുഖം പ്രേമവും പുഞ്ചിരിയും കൊഞ്ചലുംകൊണ്ടു മിന്നിയിരുന്നു. ഭാസ്കരമേനവന്റെഭാവത്തിലും കണക്കിലേറെ തൃപ്തിയും കൃതാൎത്ഥതയും കണ്ടു. ഈ യുവാവോട്ടു് ഞാൻ വന്ന കാൎയ്യം എങ്ങിനെ തുറന്നുപറയും. ഏതായാലും അദ്ദേഹത്തിനെ വെളിക്കിറക്കട്ടേ എന്നുവെച്ചു ഞാൻ മുററത്തിറങ്ങിനിന്നു, ഒന്നുരണ്ടു വട്ടം ചുമച്ചു. അപ്പോൾ പുറത്തുവന്നു നോക്കിയതു് മാധവിക്കുട്ടിയായിരുന്നു. അവളുടെമുഖത്തു് ഒരു കോപമോ വെറുപ്പോ ഉണ്ടെന്നു തോന്നി.

മാ:-ആരാണതു്?

ഞാൻ:-എന്നെ അറിയില്ലേ എന്നുണ്ടോ?

മാ:-എനിക്കറിയേണ്ട. കേശവമേനോൻ ഇവിടെഇല്ല. കല്യാണനടത്താൻ പോയിരിക്കുന്നു. എന്നു മടങ്ങും എന്നു നിശ്ചയമില്ല.

ഞാൻ:-കേശവമേനോനെ ഞാൻ ഇപ്പോൾ കണ്ടു.

മാ:-എന്നിട്ടു്?

ഞാൻ:-ഭാസ്കരമേനോൻ ഇവിടെ ഉണ്ടെന്നുപറഞ്ഞു അതുകൊണ്ടു ഇങ്ങട്ടു കേറിയതാണു്.

മാധവിക്കുട്ടിക്കു ഇതു കേട്ടപ്പോൾ എന്തോഎന്നറിഞ്ഞില്ല കലശലായ കോപമാണു് ഉണ്ടായതു്. അവളുടെ അഴകുള്ള മിഴികളിൽനിന്നു തീപ്പൊരിപാറി.

മാ:-ഇവിടെ ഒരു മേനോനുംഇല്ല. വല്ല അസംബന്ധവും ഇവിടുന്നുപറഞ്ഞാൽ ഇനിക്കിട്ടുന്ന ഉത്തരം വേറെആയിരിക്കും. വേഗം കടന്നു പൊയ്ക്കോളു-പതിവ്രതകളായ സ്ത്രീകളെ കളിയാക്കാൻ കച്ചകെട്ടിപ്പുറപ്പെടുന്നതു മൎയ്യാദക്കാൎക്കു പററിയതല്ല. നിങ്ങളോടു ഇതിനൊക്കെ ആടുന്ന പെണ്ണുങ്ങൾ നാട്ടിൽ ഉണ്ടായിരിക്കും. ആ മാതിരിക്കാരോടല്ലാതെ ഇവിടെ ആ പിത്തലാട്ടമൊന്നുംവേവില്ല. അങ്ങിനെ ഒട്ടുവിചാരിക്കയുംവേണ്ട. പാട്ടുംമിരട്ടും ഇവിടെ ഒതുങ്ങില്ല. ഒരുങ്ങിക്കോളു. തിരിഞ്ഞോളു. നടന്നോളു.

ഇങ്ങിനെപറഞ്ഞു മാധവിക്കുട്ടി അകത്തെ വാതിൽ അടച്ചു. നിൎദ്ദോഷിയായ ഞാൻ ഇളിഭ്യനായി, യാതൊരു മറുവടിയും പറവാൻ ശക്തനാകാതെ ആട്ടുകിട്ടിയ പട്ടിയെപ്പോലെ മടങ്ങാൻനോക്കി. ഛേ! അതുപോര എനിക്കു എന്റെ കോപം ശമിച്ചില്ല. ഈ പിത്തലാട്ടക്കാരത്തിയെ ഒന്നു അമൎത്താതെപോകുന്നതു ഞാൻ കണ്ടയുക്തിക്കുചിതമല്ലെന്നുറപ്പാക്കി. ഞാൻ തിരിഞ്ഞുനിന്നു് ഉച്ചത്തിൽ ഇങ്ങിനെ പറഞ്ഞു. "ഭാസ്കരമേനോനേ! ഈ പതിവ്രതയുടെ വീട്ടിൽനിന്നു മുറുക്കും മററും കഴിഞ്ഞു മടങ്ങുന്നവരെ ഞാൻ ഈ നിരത്തിന്റെ അടുക്കേയുള്ള ആലിന്തറയിൽ കാത്തിരിക്കുന്നുണ്ടു്. എനിക്കു അടിയന്തരമായി ചിലതൊക്കെ മുഖദാവിൽ കണ്ടുസംസാരിക്കാനുണ്ടു്. ദയവുചെയ്തു കുറേവേഗത്തിൽവന്നാൽ വേണ്ടില്ല. ഈ പതിവ്രതയെ- സാക്ഷാൽ ശീലാവതിയെ- നിങ്ങൾക്കു വേറെ പല അവസരത്തിലും കാണാമല്ലോ"എന്നിട്ടു ഞാൻ മടങ്ങി ആലിന്റെചുവട്ടിൽ കാത്തുനിന്നു. ഞാൻ അധികനേരം കാത്തുനിന്നു. ഒടുവിൽ ഭാസ്കരമേനോൻ എന്നെ വിട്ടൊഴിവാൻ നിവൃത്തിയില്ലല്ലൊ എന്നമട്ടിൽ എന്റെനേരെ വരുന്നതുകണ്ടു. അമൃതവും ഉപേക്ഷിച്ചു പുളിഞ്ചാറു കുടിപ്പാൻപോയ ആ അരസികനെ ഞാൻ ഒരുവല്ലാത്ത ഭാവത്തിൽ നോക്കി. അദ്ദേഹം എന്റെ അടുത്തെത്തി.

ഭാ:-നിങ്ങൾചെയ്തതു ഒട്ടും മൎയ്യാദയായില്ല.

ഞാൻ:-ഓ. ആ പതിവ്രതചെയ്യുതൊക്കെ മയ്യാദയായിരിക്കും.

ഭാ-എന്നെയുംനോക്കി ആ വീട്ടിൽവന്നതു അത്രവെടിപ്പായോ?

ഞാൻ:-നിങ്ങളെയുംനോക്കി നിങ്ങളുള്ളേടത്തല്ലാതെ ഇല്ലാത്തേടത്താണോ പോകേണ്ടതു്?

ഭാ-എന്നെ കാണേണ്ടുന്ന കായ്യമെന്താണു്.

ഞാൻ-അങ്ങിനെ ചോദിക്കു. അതല്ലെ ചോദിക്കേണ്ടതു്.

ഭാ-അതുതന്നെയല്ലെ ചോദിച്ചതു്.

ഞാൻ-നിങ്ങളെ കാണേണ്ടുന്ന കായ്യം ഉണ്ടു്. ഞാൻ വെറുതെയല്ല വന്നതു്.

ഭാ-എന്നാൽ ആ കായ്യമെന്താണെന്നു പറയു.

ഞാൻ-നിങ്ങളുടെ ഇപ്പോഴത്തെ കോലംകാണുമ്പോൾ നിങ്ങളെ കാണാതെ കഴിക്കേണ്ടുന്ന കായ്യമാണു് വെടിപ്പ് എന്നു തോന്നിപ്പോകുന്നു.

ഭാ-നിങ്ങളുടെ കൊക്കയും കൊളുത്തും എനിക്കു മനസ്സിലാകുന്നില്ല.

ഞാൻ-എൻേറതു് എന്നു വേണ്ട, ബാക്കിയുള്ളവരുടേയും തന്നെ.

ഭാ-ബാക്കിയുള്ളവരിലൊന്നും ഈ മാതിരി കൊക്കയും കൊളുത്തും ഞാൻ കണ്ടിട്ടില്ല.

ഞാൻ-അതെ. കാണാത്തതുകൊണ്ടാണു് അവിടെയൊക്കെ ചെന്നു കെണിഞ്ഞുപോകുന്നതു്.

ഭാ-ആ കെണിച്ചൽ പോക്കിക്കാൻ നിങ്ങളെക്കൊണ്ടു സാധിക്കയില്ലല്ലൊ.

ഞാൻ-നിങ്ങളെക്കൊണ്ടു സാധിക്കും.

ഭാ-എന്നെക്കൊണ്ടു് സാധിക്കുമെങ്കിൽ ബാക്കിയുള്ളവരാരും ബുദ്ധിമുട്ടേണ്ടതില്ല.

ഞാൻ-താന്താങ്ങൾക്കു ക്ഷണം സാധിക്കുന്ന കായ്യത്തിലാണു് ഓരോരുവർ ഉദാസീനത കാണിക്കുന്നതു്. അങ്ങിനെയുള്ള ഉദാസീനത പോക്കിക്കാൻ ബാക്കിയുള്ളവക്കും സാധിക്കും.

ഭാ-ഏതു കായ്യത്തിലാണു ഞാൻ ഉദാസീനത കാണിക്കുന്നതു്.

ഞാൻ-നിങ്ങളുടെ വിവാഹകായ്യത്തിൽ.

ഭാ-എൻെറ വിവാഹകായ്യം എൻെറ സ്വന്തം കായ്യമാണു്. ഞാൻ ആവശ്യപ്പെടാതെ അതിൽ യാവക്കും ഏൎപ്പെടുവാൻ പാടുള്ളതല്ല.

ഞാൻ-ആരുടെ വിവാഹകായ്യത്തിലും രണ്ടുകക്ഷികൾ വേണ്ടതാണു്. ഇതിൽ ഒരുകക്ഷി നിങ്ങളാണെങ്കിൽ നിങ്ങളെപ്പോലെ മറെറാരുകക്ഷി വേറെയും ഇരിപ്പുണ്ടെന്നകായ്യം നിങ്ങൾ മറക്കുന്നു.

ഭാ-ഏതായാലും മറെറ കക്ഷി നിങ്ങളല്ലല്ലൊ.

ഞാൻ-മറെറ കക്ഷിയുടെ പ്രതിനിധിയാണു ഞാൻ.

ഭാ-എത്രകാലമായിട്ടു്.

ഞാൻ-ഇന്നുതുടങ്ങീട്ടു്.

ഭാ-നിങ്ങൾ ജോലി നല്ലവണ്ണം നിവ്വഹിക്കുന്നുണ്ടല്ലൊ.

ഞാൻ-അതു നിങ്ങൾ ഇനിയും അറിയാറായിട്ടില്ലല്ലൊ.

ഭാ-എനിക്കു ഇപ്പോൾതന്നെ ഭാരം നേരിട്ടു തുടങ്ങി.

ഞാൻ-വേണ്ടാത്ത ഭാരം വലിച്ചെറിഞ്ഞു വേണ്ടുന്ന ഭാരം മാത്രം ചുമന്നാൽ പോരെ?

ഭാ-അതു ഞാൻ തീച്ചപ്പെടുത്തേണ്ടുന്ന കായ്യമാണു്.

ഞാൻ-ഏജണ്ടിൻെറ നിലയിൽ ആ തീൎപ്പ് ഒന്നു അറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്.

ഭ-ആട്ടെ. നിങ്ങൾക്കു ഞാനിപ്പോൾ എന്തുവേണമെന്നാണു വിചാരം.

ഞാൻ-അതുപറഞ്ഞാൽ നിങ്ങൾ അങ്ങിനെ ചെയ്യാൻ ഒരുങ്ങുമൊ?

ഭാ-അതു കേട്ടിട്ടു തീർച്ചയാക്കേണ്ടതാണു്. ഞാൻ വേണ്ടുന്നതെന്താണെന്നു പറയു.

ഞാൻ-എത്രയോ രസകരമായ ഒരു ക്രിയ നടത്തണം.

ഭാ-എന്താണതു്.

ഞാൻ-നിങ്ങൾ ക്ഷണത്തിൽ ശിന്നമണിയെ വിവാഹം കഴിക്കണം.

ഭാ-ഇതു പറവാനായി ശിന്നമണി നിങ്ങളെ ഒരു ഏജണ്ടായി അയച്ചതാണോ?

ഞാൻ-ശിന്നമണിയുടെ അമ്മയാണു് എന്നെ അയച്ചതു്. ശിന്നമണിക്കു അവളുടെ അമ്മയുടെ അഭിപ്രായത്തിന്നു എതിരായ യാതൊരു അഭിപ്രായവും ഉണ്ടാവാൻ ഇടയില്ലെന്നു ഞാൻ അറിയും. നിങ്ങളും അറിയും

ഭാ-അതു എങ്ങിനെ മനസ്സിലായി.

ഞാൻ-ആ കായ്യം അറിയിക്കേണ്ടുന്ന ഭാരം എനിക്കില്ല.

ഭാ-വിവാഹം ക്ഷണംവേണം അല്ലേ. ഞാൻ അപ്രകാരം ചെയ്യില്ലെങ്കിലൊ.

ഞാൻ-എനിക്കതു സന്തോഷമായിരിക്കും. എന്നാലും ആ വിവരം ഞാൻ അവിടെ ചെന്നറിയിക്കും.

ഭാ—അല്ലാതെ എന്നെക്കൊണ്ടു ക്ഷണംചെയ്യിപ്പാൻ ശ്രമിക്കയില്ല.

ഞാൻ—അതും അത്രതീർച്ചയാക്കേണ്ട. എല്ലാം അവർ പറയുമ്പോലെയാണ്.

ഭാ—നിങ്ങൾക്കു വേറെ വല്ലതും പറവാനുണ്ടോ.

ഞാൻ—ഉണ്ട്:

ഭാ—എന്താണത്.

ഞാൻ—ആ മഹാപതിവ്രതയില്ലേ ആ മാധവിക്കുട്ടി. അവളുടെ വീട്ടിലേക്കുള്ള പോക്കുവരവ് ഇന്നുമുതൽ ഉപേക്ഷിക്കണം.

ഭാ—ഇതു് ഒരു കല്പനയാണൊ

ഞാൻ—കല്പനയല്ല. ഒരു അപേക്ഷയാണ്.

ഭാ—ഇതു് ഇന്നു അവളോടു കിട്ടിയതിൻെറ ഒരു പ്രതികാരമാണ്. അല്ലേ.

ഞാൻ—അല്ല?

ഭാ—പിന്നെ ഈ സംഗതി ഇവിടെ പ്രസ്താവിക്കേണ്ടുന്ന കാര്യമെന്താണ്.

ഞാൻ—ഒന്നുമല്ല വിവാഹം കഴിപ്പാൻ പോകുന്നവർക്കു ഈ മാതിരി രഹസ്യം വൎജ്ജ്യമാണ്.

ഭാ—വിവാഹം കഴിച്ചവൎക്കാണ് ഈമാതിരി വൎജ്ജ്യം എന്നായിരുന്നു എൻെറ ധാരണ.

ഞാൻ—വിവാഹംകഴിച്ചവൎക്കും കഴിപ്പാൻ പോകുന്നവൎക്കും മര്യാദക്കാരായ എല്ലാവൎക്കും ഈ വക വൎജ്ജ്യമാണ്.

ഭാ—ഇതു് നിങ്ങളുടെ സ്വന്തം അഭിപ്രായമായിരിക്കും.

ഞാൻ—അല്ല, സജ്ജനങ്ങളുടെപരക്കേയുള്ള അഭിപ്രായമാണ്.

ഭാ—ഇതിലും നിങ്ങൾക്കു എജണ്ടിൻെറ സ്ഥാനം ഉണ്ടോ?

ഞാൻ—ഉണ്ട്.

ഭാ—എൻെറ ഉത്തരം നിങ്ങൾ കേൾക്കാതെ പോവില്ല.

ഞാൻ—കേൾക്കാതെപോവില്ല എന്നു ഒരു വാശിയുമില്ല. കേട്ടാൽ വലിയ ഉപകാരമായിരുന്നു.

ഭാ—എന്നാൽ ശ്രദ്ധവെച്ചുകേട്ടോളു. ഒന്നാമത്തെകാര്യത്തിൽ എൻെറ സമാധാനം എനിക്കു വിവാഹം ഇപ്പോൾ വേണ്ടെന്നുതന്നെയാണ്.

ഞാൻ—കുറെകഴിഞ്ഞാലെങ്കിലും വേണമെന്നുള്ള പക്ഷമുണ്ടോ?

ഭാ—തീൎച്ചയായിട്ടും. എന്നാൽ തല്ക്കാലം തരമില്ല എന്നേ ഞാൻ പറയുന്നുള്ളൂ.

ഞാൻ—അതിന്നു് കാരണമെന്താണാവോ?

ഭാ—കാരണം ഞാൻ നിങ്ങളോടു പറവാൻ ഭാവമില്ല.

ഞാൻ— ശരി; വേണ്ട; ആ ഭാവത്തിനാണ് ബാക്കിയുള്ളവർ അഹംഭാവം എന്നു പറയുന്നതു്. ഞാൻ അങ്ങിനെ പറയുന്നില്ല. രണ്ടാമതു പറഞ്ഞകാര്യമോ?

ഭാ—ഞാനും മാധവിക്കുട്ടിയുമായി നിങ്ങളൊക്കെ വിചാരിക്കുമ്പോലെ യാതൊരു രഹസ്യവുമില്ല.

ഞാൻ—കേശവമേനോനുംകൂടി ഉണ്ടെന്നാണ് വിശ്വസിക്കുന്നതു്.

ഭാ—ആ വിശ്വാസവും തെററാണ്.

ഞാൻ— പിന്നെ നിങ്ങളും മാധവിക്കുട്ടിയുമായി യാതൊരു ബന്ധവുമില്ലെന്നോ?

ഭാ— ഉണ്ട്.

ഞാൻ— എന്താണാബന്ധം.

ഭാ—വെറുംസ്നേഹം. ചങ്ങാതിമാർതമ്മിലുള്ള പോലേയുള്ള സ്നേഹം.

ഞാൻ— കൂടക്കൂടെ അവളുടെ വീട്ടിൽപോകുന്നതോ?

ഭാ—അവളെക്കണ്ടു സംസാരിക്കാൻ.

ഞാൻ—അവളുമായി സ്വകാര്യം ഒരു മുറിയിൽ— ഒരു കട്ടിലിന്മേൽ— തൊട്ടുംകൊണ്ടു ഇരിക്കുന്നതൊ?

ഭാ— സ്നേഹംതന്നെ.

ഞാൻ— ഇടക്കിടെ പിടിച്ചു ചുംബനം കൊടുക്കുന്നതോ?

ഭാ—സ്നേഹത്തിൻെറ കടുപ്പംകൊണ്ടുതന്നെ.

ഞാൻ—ഇതു് ഒരു അതിരുകവിഞ്ഞസ്നേഹമായിപ്പോകുന്നില്ലേ. പിന്നെ മററുള്ളവൎക്കു സംശയം ജനിക്കുന്നതിൽ കുററമുണ്ടോ?

ഭാ— സ്നേഹത്തിന്നുണ്ടോ അതിര്. ഈ മാതിരി സ്നേഹം രഹസ്യവിചാരംകൊണ്ടുമാത്രമേ ഉണ്ടാവൂ എന്നു ദുഷ്ടന്മാൎക്കേ തോന്നുകയുള്ളൂ. കളങ്കമുള്ളവർ എല്ലാ കാര്യത്തിലും കളങ്കം കാണും.

ഞാൻ— കളങ്കമില്ലാത്തവൎക്കു അന്യൻെറ ഭാൎയ്യയെ ചെന്നു ചുംബിക്കേണ്ടുന്ന കാൎയ്യമുണ്ടോ?

ഭാ— കളങ്കമില്ലാത്തവൎക്കു അന്യൻെറ ഭാൎയ്യയൊ അല്ലയോ എന്നൊന്നും നോക്കേണ്ടുന്ന കാൎയ്യമില്ല. തങ്ങളുടെ ചങ്ങാതി എന്നു മാത്രം അറിഞ്ഞാൽ മതി.

ഞാൻ— ഇതാണ് മഹാമായ എന്നു ഞാൻ പറയുന്നതു്.

ഭാ— തന്നെയായിരിക്കും.

ഞാൻ— ബാക്കിയുള്ളവരും അങ്ങിനെ അറിയാ

ത്താൽ അപകടമുണ്ട്. കോപത്തിന്നും കലശലിന്നും കാരണമായേക്കാൻ ഇടയുണ്ട്.

ഭാ– അതേ. തെററിദ്ധാരണകൊണ്ട് അങ്ങിനെയൊക്കെ വരാം.

ഞാൻ– തെററാത്ത ധാരണകൊണ്ട് വരുന്നതാണ് സൂക്ഷിക്കേണ്ടത്.

ഭാ– അങ്ങിനെയാണെങ്കിൽ ഈ കാൎയ്യത്തിൽ ഇപ്പോൾ ഗൎവ്വ് തോന്നേണ്ടതു് കേശവമേനോനാണ്.

ഞാൻ– ഗൎവ്വ് തോന്നേണ്ടതു് അദ്ദേഹത്തിന്നു തന്നെ. ഒരു പ്രകാരത്തിൽ അദ്ദേഹത്തിന്ന് അതുണ്ടുതാനും. എന്നാൽ അപമാനം തോന്നേണ്ടതു് നിങ്ങൾക്കാണ്.

ഭാ– അപമാനം തോന്നേണമെങ്കിൽ ഞാൻ വല്ലതും കുററം ചെയ്യണ്ടേ!

ഞാൻ– ചെയ്യുന്നതൊക്കെ കുററമാകുമ്പോൾ തോന്നാത്തതു് ആരുടെ കുററമാണ്?

ഭാ– അതൊക്കെ പോട്ടേ. എന്റെ ഉത്തരം രണ്ടു കാൎയ്യത്തിലും നിങ്ങൾക്കു കിട്ടിയില്ലേ.

ഞാൻ– കിട്ടി.

ഭാ– എന്നാൽ എന്റെ ഉത്തരത്തിന്റെ കാൎയ്യാകാൎയ്യങ്ങളെപ്പററി ഞാൻ നിങ്ങളോട് തൎക്കിക്കാനോ സമാധാനം പറവാനോ വിചാരിക്കുന്നില്ല.

ഞാൻ– രണ്ടിന്നും വഴിയില്ലാത്തപ്പോൾ വേണ്ടെന്നു വെക്കുകയാണ് വെടിപ്പ്.

ഭാ– എനിക്കു നിങ്ങളോട് ഇനി ഒരു അപേക്ഷ ഉണ്ട്.

ഞാൻ– ഓ.

ഭാ– മേലാൽ ഇങ്ങിനെയുള്ള കാൎയ്യങ്ങളിൽ ആരുടെ ഏജണ്ടിന്റെ നിലയിലായാലും വേണ്ടില്ല. നിങ്ങൾ എന്റെ അട്ടക്കെ വരരുത്.

ഞാൻ– ബാക്കിയുള്ളവരോടുള്ള എന്റെ പ്രാൎത്ഥനയും നിങ്ങളുടെ കാൎയ്യത്തിൽ എന്നെ ഒരു ഏജണ്ടിന്റെ നിലയിൽ അയക്കരുത് എന്നുതന്നെയാണ്.

ഭാ– രണ്ടാളുടെ അഭിപ്രായവും ഒരുപോലെ ഇരിക്കുന്നു.

ഞാൻ– അതേ, സമാസമം. ഇരട്ടപെററ കുട്ടികളെന്നപോലെ.

ഭാ– എന്നാൽ ഞാൻ പോകുന്നു.

ഞാൻ– അതേ. വഴിക്കലൊന്നും തടഞ്ഞു വീഴരുതേ. സൂക്ഷിക്കണം. നിങ്ങളെ ദൈവം നന്നാക്കട്ടേ.

---

# പ്രകൃതിചികിത്സ.

— ❋ —

(വാഗ്ദാസൻ)

(I)

കൎമ്മകുശലരാം ജൎമ്മൻ ധീരമാരിൽ
നിൎമ്മലനായുള്ള 'ലൂയ ക്രൂനെ'
വിസ്തൃതമായുള്ള വിഖ്യാതിനേടീട്ട
നിസ്തുലനായിത്തീൎന്ന "ഡാക്ടർ ജസ്റ്റ"
പ്രാകൃതമാകും ചികിത്സാസരണികൾ
വേഗേന വെട്ടിത്തുറന്നു വീരർ,
ഈരണ്ടുപേർമൂലമെത്രയോ രോഗികൾ
സൈ്വരം ചികിത്സകൾ വിട്ടിരിപ്പൂ.
കാലത്തെഴുന്നേററു പച്ചവെള്ളം ചവി–
ച്ചാലസ്യമററുടൻ തുള്ളിച്ചാടി
കാലുമടക്കീട്ടു പൃഷ്ഠമുറപ്പിച്ചു
ചേലോടു വെള്ളത്തിൽ ചെന്നിരുന്ന്
കൈകൊണ്ടുതട്ടിയ വെള്ളമുദരത്തി–
ലാകെത്തെറിപ്പിച്ചു പത്തുവട്ടം
ഏകപാണിതലംകൊണ്ടു വയററത്തു
വേഗാൽ കുറുകെത്തിരുമ്മിടുന്നു.
കാണുന്നവരു കിറുക്കെന്നു ചൊല്ലും മാ–
റാണിത്തിരുമ്മൽ മുറക്കു ചെയ്വൂ.
സ്നാനംകഴിഞ്ഞിട്ടു നാരങ്ങതൻനീരും
പാനീയവും ചേൎത്തു പാകംപോലെ
പാനം ചെയ്തീടുന്നു സ്വല്പംവിയൎപ്പാ–
ന്നുനംവിട്ടുള്ളതാം വ്യായാമങ്ങൾ
ദൈനംദിനം രോഗിയാചരിച്ചീടുന്നു
മാനിച്ചുജൎമ്മനിജസ്റ്റിൻ ക്രൂണിയേയും.
ആഹാരരീതികൾ കേട്ടാൽച്ചിരിവരും
മോഹമുണ്ടെങ്കിൽ രസിപ്പാൻ കൊള്ളാം.
പാതിവേവിച്ച മലക്കറി പച്ചരി
കാതിനു ഹൃദ്യമാകാക്കറിയും
പൂവൻപഴത്തിനോടാത്തി ഗൃദ്ധ്യം കാംക്ഷിക്കും
ഞാവൽപഴങ്ങളും പച്ചപ്പാലും.
ആവുന്നപോലെ കഴിക്കുന്നതോൎക്കുകി–
ലാവതല്ലേ മററുമാനുഷൎക്ക്
പച്ചനേന്ത്രക്കാ തൊലികളയാതെ മു–
റിച്ചുള്ള ചെണ്ണനത്തേച്ചിട്ടതു
പച്ചരിച്ചോററിൽ പ്പതിഞ്ഞു ചെലുത്തുന്ന–
താശ്ചൎയ്യമെന്നേ പറയാനുള്ളു.
അച്ഛനമമ്മയും കണ്ണുനീർവാൎത്തതെന്റെ

കൊച്ചേ! നീ ഞങ്ങടെകാലശേഷം
നിശ്ചയിച്ചൊത്തപോലെന്തെങ്കിലുംചെയ്യു
വച്ചേയ്ക്കുത്തു വരെക്കോക്കമ്പിച്ചി
എന്നചൊന്നാകിലും തെല്ലിളച്ചീട്ടവാൻ
തോന്നാതെന്തൊരന്തസ്സു ബാധിക്കയാൽ
ഇന്നത്തെയാഗ്യരായുള്ള യുവാക്കളോ
നന്നായ് വലയുന്ന ചിത്രമത്രേ!
മണ്ണിലൊട്ടുമുത്തറയിലരാത്രിയിൽ
കണ്ണടച്ചു കിടന്നുറങ്ങും.
പാതിരാവാകമ്പൊഴാം പ്രാണൻപൊരികയാൽ
ചാത്തുരമ്പാവിച്ചെണീററിരിക്കും
ആത്തുരന്മാക്കാണംകക്കമധികമെ–
ന്നോർത്തുംതൻവാസ്തവം മൂടിവെയ്പാൻ
നേരംവെളുത്തെങ്കിൽവെള്ളംകുടിച്ചിടാ–
മാരംഭിക്കാംപിന്നെ സ്നാനമെന്നും
ഓരോന്നുചിന്തിച്ചു തന്നെപുലർച്ചയായ്
തീരംവരയ്ക്കു മിഴിച്ചിരിക്കും
ആരിലുംസ്നേഹമില്ലെ ാന്നിനുംശേഷിയി–
ല്ലോരുമൊഴിക്കൂട്ടർ ഭൂമിഭാരം
ജീവിതക്ലേശമിരട്ടിക്കുവാൻകൊള്ളാം
കേവലം'സിസ്റ്റം' അനുഷ്ഠിക്കുവിൻ!!

(II.)

പ്രാകൃതമായചികിത്സാരീതിയി–
ലാകൃതിഭേദംപ്രാപിച്ചിട്ടും
സ്വീകൃതമാഗ്ഗംകൈവിട്ടവാൻമടി–
യാകുന്നൊന്നുകഥിപ്പവരായി
ക്രൂണികളെന്നുംജസ്റ്റികളെന്നും
കാണാമിപ്പോൾചിലമാനുഷരെ.
ഫോണോഗ്രത്തുംതജ്ജനിമേലും
കിണമായ് തീന്നിതുകഷ്ടംവെച്ച്
കാണുന്നോർബതസഹതാപത്താൽ
കേണവലഞ്ഞുകഴിഞ്ഞുവരുന്നു
ഊണിനുവേണ്ടീജ്ജീവിതമെന്നു
ണ്ണൂണിഹജീവിപ്പതിനാണെന്നും
ഈവകരണ്ടിലുമേശാതുള്ളൊരു
ജീവനമത്രെസിസ്റ്റക്കാക്ക്.
ആവതുപോൽപണിനോക്കുവതിന്നതി
വൈവശ്യംപോൽക്രൂനിജനാനാം
കേവലമൊന്നുനിരന്നുനടപ്പാ–
നാവാത്തോരിവർ "ക്രൂനി"കൾ തന്നെ.
ആവശ്യത്തിനുധനമുണ്ടെന്നി–
ട്ടീവിധപാന്മാർപട്ടിണിതന്നെ.

ദൈവബലംതാനിതിനൊരുഹേതു
നൈവവിവാദംനിരുപിക്കുമ്പോൾ
ഉപ്പുംമുളകുംപുളിയുംചേരാ–
തപ്പംസാപ്പാടെത്രവിചിത്രം!
കപ്പച്ചീനിമുറിച്ചുപുഴുങ്ങി
ക്കപ്പിത്തിന്മാനെന്തൊരുവിധിയോ?
കാച്ചിയപർപ്പടമുപ്പേരികളും
പച്ചടികിച്ചടിനാരങ്ങായും
മെച്ചമെഴുന്നൊരുകാളൻസാമ്പാ–
റിച്ചൊന്നൊരുപദാത്ഥമശേഷം
വെച്ചുംവെച്ചു വെറുംചോറുണ്മാ–
നച്ചതിയൻ വിധി നീട്ടിവരച്ചു.
പച്ചവെള്ളവും തേങ്ങാപ്പൂം മധു–
രിച്ചു തുടങ്ങിയ പച്ചപ്പഴവും.
വെച്ചൊരുദിക്കിലടുക്കലിരുന്നു ച–
വച്ചു തുടങ്ങും കഴിമടിയൻപോൽ
പച്ചപ്പാലു കറച്ചു കുടിപ്പാ–
നിച്ഛിച്ചീടുക്കും ചിലരിക്കൂട്ടരിൽ
നിശ്ചയമിവരുചവപ്പത്തുകണ്ടാൽ
കൊച്ചുങ്ങൾക്കുമനംമറിവുണ്ടാം
തീററികഴിഞ്ഞാൽ കാലുതിരുമ്മി
ച്ചെററൊരുചൂടുവരുത്തീടാഞ്ഞാൽ
ഏററുനടപ്പാൻ കഴിവില്ലെന്നായ്
തെററല്ലോതിവരുന്നിതുപലരും
കൊററുചെലുത്തിത്തീന്നാലുദരം
പററിയിരിക്കും നട്ടെല്ലിന്മേൽ
കുററംചൊല്ലുകയല്ലവിശപ്പും
മുററുന്നാത്തിയുമൊഴിയുകയില്ല
ഊററക്കാരവർപറയും ദീപന
മേററംകൂട്ടുക മൂലമിതെന്നും
മററൊരുകൂട്ടക്കെന്തുനേരത്തരി–
വററുഭുജിപ്പാൻ വിഷമംതന്നെ.
പാററിനവയറും പൂണ്ടവർനോമ്പുകൾ
നോററവനൊപ്പ മിഴഞ്ഞുനടപ്പു
തീർത്തുകഥിക്കാം "സിസ്റ്റ"ത്തിൻഗുണ–
മോർത്താലാരിതനുഷ്ഠിക്കാത്തു?

---

എ.–വക്കീലന്മാരും പട്ടികളും ഒരുപോലെയാണ്.

ബി.–അതെങ്ങിനെ?

എ.–ഇരുകൂട്ടരും ക്രാസ്സുചെയ്യും.

*           *           *

# ബഹുരസം.

—*—

രാമൻ ഒരുദിവസം കുളത്തിൽകുളിക്കുമ്പോൾ അവൻെറ ചെറുവിരലിന്മേലിട്ടിരുന്ന മോതിരം വെള്ളത്തിൽ വീണുപോയി. കുറച്ചുദിവസംകഴിഞ്ഞിട്ടു് ആ കുളത്തിൽനിന്നു പിടിച്ച ഒരു മത്സ്യത്തെ കീറിനോക്കിയപ്പോൾ എന്താണുകണ്ടതെന്നൂഹിക്കാമോ?

എന്താ മോതിരം കിട്ടി ഇല്ലേ?

ഇല്ല, മത്സ്യത്തിൻെറ ഉള്ളിൽകണ്ടതു് മുള്ളായിരുന്നു.

* * *

ഒരു വാദ്ധ്യാർ ക്ലാസിൽ കുട്ടികളോടു്:- ചിലപ്പോൾ ചില പൂവൻകോഴികൾ ഒരുകാലിൽ നിൽക്കുന്നതായി നിങ്ങൾ കണ്ടിട്ടില്ലേ? അതെന്താണെന്നു പറയാമോ?

ഒരു സമർത്ഥനായ കുട്ടി:-പറയാം സാർ. ആ കോഴി ആ ഒരുകാലുംകൂടി പൊക്കിയാൽ തറയിൽ വീണുപോവും. അതുകൊണ്ടാണു ഒററക്കാലിൽ നിൽക്കുന്നതു്

* * *

ജേലിലെ പുസ്തകത്തിലെ ഏതോ തെററുകാരണം ഒരു തടവുകാരൻെറ ശിക്ഷ യവധിയിലധികം ഒരാഴ്ച അവനെ വെച്ചുപോയി. അതുകൊണ്ടു് അവനെ ജേലിൽനിന്നുവിടുന്ന അവസരത്തിൽ ജയിലധികാരി അവനോടു "ശിക്ഷ യവധിയിലധികം ഒരാഴ്ച ജയിലിൽകിടക്കേണ്ടിവന്നതിൽ അത്യന്തം വ്യസനിക്കുന്നു" എന്നുപറഞ്ഞു. അതിന്നു് അവൻ "അതു് സാരമില്ല. ഏനിയത്തെ ആവശ്യം വരുമ്പോൾ അതു കിഴിച്ചുതന്നാൽമതി"

* * *

ഒരു സ്കൂൾ പരിശോധിക്കാൻ ചെന്ന ഇൻസ്പെക്ടർ കുട്ടികളോടു് "വിദ്യാർത്ഥിജീവിതത്തെ"പ്പററി വളരെ ഒക്കെ പ്രസംഗിച്ചു പറഞ്ഞതിൻെറ ശേഷം തനിക്കു ഇപ്പോഴും ഒരു വിദ്യാർത്ഥിയായിരിക്കാൻമോഹമുണ്ടെന്നും അതിൻെറ കാരണം നിങ്ങൾക്കറിയാമോ എന്നും കുട്ടികളോടു ചോദിച്ചു. എല്ലാകുട്ടികളും ഒന്നും പറയാതെയിരുന്നപ്പോൾ ഒടുവിലിരുന്ന ഒരു കുട്ടി:-

"സാറു പഠിച്ചതൊക്കെ മറന്നുപോയി. അതുകൊണ്ടാണു് ഒന്നുകൂടി വിദ്യാർത്ഥിയാവാൻമോഹം" എന്നുത്തരം പറഞ്ഞു.

* * *

രാമൻ:-അയ്യയ്യോ, ഇതെന്തൊരു സങ്കടമാണു്. സഹിക്കവയ്യ.

നാണു- അതെന്താണു് ചങ്ങാതി?

രാമൻ- തൊട്ടതും പിടിച്ചതും എല്ലാം ഒരുപോലെ. ഇങ്ങിനെയാണെങ്കിൽ ലോകത്തിലെങ്ങിനെ പൊറുക്കും?

നാണു- എന്താണു്. കാര്യംപറയെടോ? പറയുമ്പോലെ അത്രയുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നില്ല

രാമൻ- അതു ആ കഴുത ചുപ്പുപ്പട്ടർ പററിച്ചതാണു. അവന്റെ ബുദ്ധിയും വകതിരിവും അട്ടത്തുകൂടി പ്പോയിട്ടില്ല.

നാണു- എന്താ, കാര്യംപറയാനേ?

രാമൻ- അതോ, ഞാൻ ആ പട്ടരോടു എൻെറ വീട്ടിൽ ഞാനാണു സർവ്വാധികാരി എന്നുപറഞ്ഞു. ആ വങ്കൻ അങ്ങിനെതന്നെ എൻെറ ഭാര്യയോടു പോയിപ്പറഞ്ഞു.

* * *

കാരണവർ അനന്തിരവളെ വിളിച്ചു് ഇപ്രകാരം പറഞ്ഞു:-കുഞ്ഞേ ലക്ഷ്മിക്കുട്ടീ! നിന്നെപ്പററി എനിക്കു അതിരററ വാത്സല്യമുള്ളതുകൊണ്ടു ഞാൻ പറയുന്നതു നിൻെറ നന്മയ്ക്കാണെന്നു വിചാരിച്ചു അനുസരിക്കണം കേട്ടോ. പാറപ്പുറത്തെ വല്യജമാനനെക്കൊണ്ടു നിന്നെ സംബന്ധം ചെയ്യിക്കണമെന്നു വിചാരിക്കുന്നു. അദ്ദേഹത്തിനു വയസ്സു് ൭൦-എന്നൊരു തരക്കേടേ ഉള്ളൂ. അതു് അത്ര സാരമായി വിചാരിക്കാനും ഇല്ല.

ലക്ഷ്മിക്കുട്ടി:-അമ്മാവനു എന്നെപ്പററി വല്യ കാര്യമാണെന്നു എനിക്കു അറിയാം. അമ്മാവൻ എന്തുപറയുന്നോ അതുപോലെ ഞാൻനടക്കും. പാറപ്പുറത്തെ വല്യജമാനൻെറ കാര്യത്തിൽ ൭൦ വയസ്സു് ഒരു തരക്കേടാണെങ്കിലും അതു സാരമില്ലെന്നും അമ്മാവനു അതിൽ നിർബന്ധവും ഉള്ളസ്ഥിതിക്കു് ൩൫ വയസ്സുള്ള മൂന്നുപേരെക്കൊണ്ടു എന്നെ സംബന്ധം ചെയ്യിക്കരുതോ?

* * *

ഏ -വെളിച്ചെണ്ണ മേത്തുണ്ടാക്കിയ പലഹാരങ്ങളും, ജലദോഷം പിടിച്ചവരും വലിയ പണക്കാരും ഒരുപോലെയാണു്.

ബി.-അതെന്താണു്?

ഏ - എല്ലാം കാറിപ്പോകും.

* * *

"വരാൻപോകുന്ന കാൎയ്യങ്ങളെപ്പററി നമുക്കെന്തറിയാം. നാം ഒന്നുവിചാരിക്കുന്നു, ദൈവം അതു് വേറൊരുവിധം കലാശിപ്പിക്കുന്നു" എന്നു് ഒരാൾ പറഞ്ഞു.

അതിന്നുമറുപടിയായി അയാളുടെസ്നേഹിതൻ ഇങ്ങിനെപറഞ്ഞു:—"അതു് വളരെവാസ്തവംതന്നെ. സുമാർ മുപ്പതുവൎഷങ്ങൾക്കുമുമ്പെ ഞാനെന്റെപേരിന്റെ ആദ്യത്തെ അക്ഷരം ഞാൻ പഠിച്ചിരുന്ന പാഠശാലയിലെ ഡെസ്കിന്മേൽ പേനാക്കത്തികൊണ്ടു കുത്തിയപ്പോൾ ഞാനൊരിക്കലും ഈ നിലയിൽ കേൾവി സമ്പാദിക്കാത്ത ഒരുവനായിത്തീരുമെന്നു സ്വപ്നേപി വിചാരിച്ചിരുന്നില്ല.

* * *

ക്ലാസിൽതാമസിച്ചുവന്ന ഒരു കുട്ടിയോടു് വാദ്ധ്യാർ:—

എന്താണു താൻ ഇത്ര താമസിച്ചതു്.

കുട്ടി:—ഞാൻ വരുന്ന വഴിയിൽ ഒരു കാൺസ്റ്റബിളിന്റെ കയ്യിൽനിന്നും ഒരു അരരൂപാത്തുട്ടു കളഞ്ഞതിനെ അയാളും മററുചിലരുംകൂടി അവിടെല്ലാം നോക്കിയിട്ടും കിട്ടിയില്ല.

വാദ്ധ്യാർ:—അതിന്നു തനിക്കെന്തുവേണം; ഇങ്ങുപോരരുതായിരുന്നോ?

കുട്ടി:—എങ്ങിനെപോരും സാർ? ഞാനതു ചവിട്ടിപ്പിടിച്ചിരിക്കയായിരുന്നു.

* * *

കുറച്ചധികം അവധിയെടുത്തു ദേശാടനത്തിന്നു പോയിരുന്ന ഒരു ഉപാദ്ധ്യായനും അദ്ദേഹത്തിന്റെ ഭാൎയ്യയും, തങ്ങളുടെ രണ്ടുകോഴിക്കുഞ്ഞുങ്ങളെ അയൽപക്കക്കാരായ രണ്ടു ശിഷ്യക്കുട്ടികൾക്കുകൊടുത്തുപോയി ആ കുട്ടികൾ മേല്പടിദാനത്തിന്നു തങ്ങളുടെ നന്ദിയെ പ്രകടിപ്പിപ്പാനായി ആ കോഴിക്കുഞ്ഞുകൾക്കു ആ ഉപാദ്ധ്യായന്റെയും അദ്ദേഹത്തിന്റെ ഭാൎയ്യയുടേയുംപേർവിളിച്ചു. അവധികഴിഞ്ഞുമടങ്ങിയെത്തിയതിന്നുശേഷം. ആ ഉപാദ്ധ്യായൻ ആ കോഴികൾ എങ്ങിനെയുണ്ടെന്നുചോദിച്ചു. അതിന്നു ആ കുട്ടികൾ:—"അതിന്റെകാൎയ്യമൊന്നും പറയേണ്ട. ഞങ്ങൾ അവററകൾക്കു നിങ്ങളുടെ പേർകൊടുത്തു. പക്ഷെ, ഉപാദ്ധ്യായന്റെപേർ പിടക്കോഴിക്കും അവിടുത്തെ ഭാൎയ്യയുടെപേർ പൂവൻകോഴിക്കുമായിപ്പോയി എന്തുചെയ്യാം" എന്നു പറഞ്ഞു.

* * *

ജയിലധികാരി, ഭവനഭേദനക്കുററത്തിന്നും കളവിന്നും ശിക്ഷിക്കപ്പെട്ടിരുന്ന ഒരു തടവുകാരനോടു്, അവനെ ജയിലിൽനിന്നു വിട്ടയക്കുമ്പോൾ വീണ്ടും ആവിധകുററം ചെയ്യാതിരിപ്പാൻവേണ്ടി വളരെ വിശദമായി സദുപദേശപ്രസംഗംചെയ്തു എന്നാൽവിട്ടതിന്നുശേഷം ആ തടവുകാരൻ പിന്നെയും അവിടംവിട്ടുപോയില്ല. "അപ്പോൾ നീ എന്തിന്നാണു് കാക്കുന്നതു്" എന്നു ജയിലധികാരി ചോദിച്ചു. അതിന്നു മറുപടിയായി അവൻ "എന്റെ ആയുധങ്ങൾക്കു്" എന്നുപറഞ്ഞു.

* * *

ഒരാൾ തന്റെ മകളെ തീവണ്ടികയററി അയപ്പാനായി റെയിൽവേസ്റ്റേഷൻവരെപ്പോയി. അവളെ ഒരു മുറിയിൽ കയററിയിരുത്തിയതിന്നുശേഷം വണ്ടിയിൽ പരിചയക്കാരാരെങ്കിലുമുണ്ടോ എന്നുനോക്കുവാനായി പ്ലാററ്ഫോറത്തിൽക്കൂടെ നടന്നു വണ്ടിയിലകവാനായപ്പോൾ മകളോടു യാത്രപറയാമെന്നുവിചാരിച്ചു അവൾ ഇരുന്നിരുന്ന മുറിയുടെ അടുക്കലേക്കു നടന്നു. അപ്പോഴേക്കു ഗാർഡിന്റെ വിസിലുംകേട്ടു. ബദ്ധപ്പെട്ടു അവിടെ ഓടിയെത്തി "പ്രിയെ, ഒരു ചുംബനവുംകൂടിതരാ" എന്നുപറഞ്ഞു. ഇതിന്നുമറുപടി "ഫോ ചെററെ" എന്നായിരുന്നു. സൂക്ഷിച്ചുനോക്കിയതിൽ മകൾ ഇരുന്നിരുന്ന സീററിൽ വേറൊരു സ്ത്രീയെയും മകൾ ഒരു സ്നേഹിതത്തിയോടു് ആ മുറിക്കുള്ളിൽ വേറൊരുസ്ഥലത്തു സംസാരിച്ചിരിക്കുന്നതും കണ്ടു.

* * *

'ഗുളിക എട്ടുക്കാം പക്ഷെ കാലെടുക്കാൻ പറയരുതേ.'

ഒരുവൻ ഒരു വൈദ്യന്റെ ശിഷ്യനായി കുറേനാൾ നടന്നു അപ്പഴപ്പഴായി ഒന്നും രണ്ടും ഗുളികകൾ മോഷ്ടിച്ചെടുത്തതെല്ലാം കൂടി ഒരു നാഴി ആയപ്പോൾ "ഇനി വൈദ്യന്റെ കൂടെ നടന്നിട്ടാവശ്യമില്ലെന്നും സ്വന്തമായി ചികിത്സ തുടങ്ങാം" എന്നും തീൎച്ചപ്പെടുത്തി ഒരു ഡെപ്പിയിൽ ഗുളികകളെല്ലാംനിറച്ചു് ഒരു ശിഷ്യനേയും ഉണ്ടാക്കി മരുന്നും പെട്ടിയും ഏല്പിച്ചു സഞ്ചരിക്കാൻ തുടങ്ങി. നാട്ടുംപുറത്തു ഒരു വീട്ടിൽ ജ്യേഷ്ഠാനുജന്മാർ രണ്ടുപേരുമാത്രമേ ഉണ്ടായിരുന്നുള്ളു. അതിൽ ജ്യേഷ്ഠനു കാളറാ തുടങ്ങിയിരുന്നു. അനുജൻ വിഷമിച്ചു വഴിയിൽനില്ക്കുമ്പോളാണു് നമ്മുടെ വൈദ്യനും ശിഷ്യനും കൂടി അതിലേ വന്നതു്. ആരാണെന്നുചോദിച്ചു. വൈദ്യനാണെന്നറിഞ്ഞമാത്രയിൽ അകത്തുകൊണ്ടുപോയി രോഗിയെ കാണിച്ചു. വൈദ്യൻ നാഡി മുതലാ

ദേഹപരിശോധിച്ചതിന്റെ ശേഷം ശിഷ്യനോട് “എടോ ഒരു ഗുളിക” എന്നു പറഞ്ഞു. അവൻ എടുത്തുകൊടുത്ത ഗുളിക കഴിക്കുകയാൽ നീരോളമോ രോഗം ഭേദമായിരുന്നതിനാൽ ഗുളിക അകത്തു ചെല്ലേണ്ട താമസമേ ഉണ്ടായിരുന്നുള്ളു ദീനക്കാരൻ ശവമായി. വൈദ്യന്റെ കറാമത്തല്ലേ! ആയുസ്സില്ലാഞ്ഞതാണെന്നും. അവരെല്ലാം സമാധാനപ്പെട്ടു. എന്നാൽ ദീനക്കാർ ദരിദ്രരായതുകൊണ്ടു നാട്ടുകാരാരും ശവത്തിന്റെ സംസ്കാരം കഴിച്ചുകൊടുക്കുന്നതിനു തന്നെ സഹായിക്കയില്ലെന്നു അറിഞ്ഞുകൊണ്ടു വൈദ്യനും ശിഷ്യനും കൂടി ഒന്നു സഹായിക്കണമെന്നും വീട്ടുകാരൻ അപേക്ഷിച്ചു. അവരപ്രകാരം സമ്മതിച്ച് മൂന്നുപേരും കൂടി ശവവും എടുത്തു കുറച്ചു ദൂരെ ഒരു കുന്നിന്റെ മുകളിൽ ആളില്ലാത്ത സ്ഥലം നോക്കി നടന്നു. ശവത്തിന്റെ തല വൈദ്യനും നടുവ് അവകാരനും കാലു ശിഷ്യനും ആണ് ചുമന്നിരുന്നത്. കുന്നിലോട്ടു കൊണ്ടുകയറിയപ്പോൾ ശവം കുലുക്കപ്പാടെ ഒന്നു ചുമക്കയും ദീനത്തിന്റെ ബാക്കി വയറ്റിൽ ഉരുകി കിടന്നിരുന്നതു മുഴുവൻ പുറത്തേയ്ക്കു ചാടുകയും കാലു എടുത്തിരുന്ന ശിഷ്യനെ അഭിഷേകം കഴിക്കയും ചെയ്തു. വല്ലവിധത്തിലും പ്രേതം മറവുചെയ്തു വന്നു അടിച്ചുനനച്ചു കുളിച്ചു വൈദ്യനേയും ശിഷ്യനേയും അഞ്ചെട്ടുപത്തുറുപ്പികയുംകൊടുത്തു വീട്ടുകാരൻ യാത്രപറഞ്ഞയച്ചു. പിറ്റേദിവസം വേറൊരു ദിക്കിൽ ഒരു വീട്ടിൽ ഒരു രോഗിയെ നോക്കാൻ വൈദ്യനും ശിഷ്യനും കൂടി പോയി. വൈദ്യൻ പഴയ ചട്ടങ്ങളനുസരിച്ചു ദേഹപരിശോധനയും നടത്തി ശിഷ്യനോടു “എടോ ഗുളിക” എന്നു പറഞ്ഞപ്പോളാണ് ശിഷ്യൻ “ഗുളിക എടുക്കാം. പക്ഷെ ഇപ്പോഴും കാലു എടുക്കാൻ പറയരുതേ” എന്നു പറഞ്ഞതു.

* *

രാമൻ:–കൃഷ്ണാ ഭാരതരാജ്യമായ ഈ ഇൻഡ്യയിൽ കലിയുഗകാലത്തു “ഘോഷൻ” എന്നൊരാൾ ഭരണം നടത്തുമെന്നു പണ്ടേ പറഞ്ഞിട്ടുണ്ട്. അതു ഇപ്പോഴത്തെ മദ്രാസ് ഗവർണ്ണർ ‘ഘോഷൻപ്രഭു’ വന്നതോടുകൂടി സാർത്ഥമായി.

കൃഷ്ണൻ:–അതെങ്ങനെ? എവിടെ പറഞ്ഞിരിക്കുന്നു.

രാമൻ:–ഭാഗവതത്തിൽ ഭാരതത്തിലെ കലിയുഗ രാജാക്കന്മാരെ പറഞ്ഞകൂട്ടത്തിൽ,

“സഞ്ജാതനാം പുളിന്ദൻ ഘോഷനരം പിന്നെ”

എന്നു പറഞ്ഞിരിക്കുന്നു.

ഒരുവൻ:–(തന്റെ സ്നേഹിതനോടു) ൧൧൦൦–ാമാണ്ടു മേടം ൧ ഒരു ദിവാൻ എത്തുമെന്നുകേട്ടു. അതിലിന്നെ ദിവാൻ നിന്നെക്കണ്ടു.

സ്നേഹിതൻ–എന്താടോ! വിഡ്ഢി പറയുന്നോ. ദിവാൻ എന്നും ഇതേവരെ കണ്ടിട്ടില്ലാ.

ഒന്നാമൻ:–കുറച്ചു ആലോചിച്ചു നോക്കു. ൧൧൦൦– മേടം ൧ ദിവാൻ സാമി അല്ലേ. ഇപ്പോഴത്തെ ദിവാൻ സാമി ആണ്.

* * *

മുൻസിഫ്:–(തന്റെ കോർട്ടിലുള്ള ഗുമസ്ഥന്മാരോടു) എല്ലാവരും എല്ലാ സെക്ഷനിലും ജോലി ചെയ്വാൻ പരിചയമുള്ളവരായിരിക്കണം. അതുകൊണ്ട് അപ്പഴപ്പോൾ നിങ്ങളെ സെക്ഷൻ മാറുന്നതാണ്.

ഒരു വിധിനടത്തുഗുമസ്തൻ:–പൊന്നെജമാനനേ! സങ്കടമാണ്. ഞാൻ എന്റെ പഴക്കവും പരിചയവും മറവും മറന്നുകൊണ്ടാണ് ഈ ജോലി വഹിച്ചുകൊണ്ടു പോകുന്നതു. എനിക്കു വേറെ ഒന്നും പരിചയമില്ലാ. അല്ലാതെ പ–ണ–ഒ–ന്നി–ലും ഇല്ലാ. കൂടാതെയും ഞാൻ വളരെ വലിയ കുഞ്ഞുകുട്ടിപരാധീനക്കാരനാണ്: സങ്കടമാണ് സാധുവാണ്.

* * *

ജഡ്ജിമെന്റിനു വിപരീതമായി ഡിക്രി തയ്യാറാക്കിയ ഒരു ക്ലാർക്കിനോടു മുൻസിഫ് സമാധാനം ചോദിച്ചതിനു ക്ലാർക്കിന്റെ സമാധാനത്തിലെ ഒരു ഭാഗം.

“അന്യായം തള്ളി വിധിച്ചതിനു വിപരീതമായി ഞാൻ ഡിക്രി എഴുതിയതു ശരിയാണെങ്കിലും അതിന്മേൽ സമാധാനം ചോദിച്ചതു ലജ്ജാവഹവും ആയതു മാപ്പുതരേണ്ടതുമാകുന്നു”.

* * *

ഒരു കക്ഷി:–(ഒരു വക്കീൽഗുമസ്തനോടു) ഹേ! ലാസ് ഡിലേസ് കമ്മറ്റി എന്നാലെന്താണ്.

വ–ഗു:–അതല്ലേ! നാം കൊടുക്കുന്ന കേസ്സുകളെല്ലാം ഇപ്പോൾ വളരെ താമസിച്ചല്ലേ വിധിക്കാറുള്ളതു. ഇനി അതിന്മേൽ നഷ്ടവും [ലാസ്] കൂടി വരുത്താനുള്ള പണി എന്താണെന്നു ആലോചിക്കാനുള്ള കമ്മിറ്റിയാണ്.

* * *

കാൺസ്റ്റബിൾ: (പോലീസ്സ്ഇൻസ്പെക്ടരോടു) യജമാനനേ: സങ്കടമുണ്ട്.

ഇൻ.–ആട്ടെ സല്യൂട്ടുചെയ്തിട്ടു പൊയ്ക്കോളു.

—*—

## *താരുണ്യത്താരാട്ട്

—*—

(ബാലഗോപാലൻ)

പ്രേമപീയൂഷകകടമേ!—കേൾക്ക
മാമകരാഗതടമേ!
നല്ലചെറുതേൻകുഴമ്പേ!—കള-
കല്ലൽനറുംപാൽക്കുഴമ്പേ!
ആശാന്തയാകനീസാരേ!—മദീ-
യാശാലസൽ...ഞ്ചസാരേ!
എന്നോട്ടവേർ പിരിഞ്ഞോളായ്—പാപ്പി-
തെന്നോമന ബദ്ധനാളായ്.
ഭാവൽക്കമാകുംവിരഹ—മെനി-
യ്ക്കുഃവ്വതുല്ല്യായതസഹം.
സൂര്യന്റെ ശോഭയതെന്നു—മിങ്ങു
പാരമിരുളായിട്ടുന്നു.
മങ്കമാർമൌലികമാലേ—ഭവ-
ദങ്കംവെടിഞ്ഞൊരിക്കാലേ
ചെങ്കതിരോനെന്നപോലെ—യഴൽ
തിങ്കളുംചേർപ്പൂസുശീലേ!
യാനന്തവരമ്യമത്രേ—മറി-
മാനഞ്ചുംചഞ്ചലനേത്രേ!
നിന്നുടയാടതൻവാത—മെനി-
യ്ക്കെന്നുംപരിമളോപേതം
വാസകനന്ദനാനീത—ശുഭ-
വാസന്തികമരുൽപോതം!
മുൻപുനാം കണ്ടൊരുനേര—മിവൻ
നിൻപുണ്യഭ്രൂവാമധരം
അൻപുചേന്നൊന്നുനുകന്നു—മല-
രമ്പുള്ളോനങ്കുതകന്നു.
ആ നല്ലവേളയിലെന്മേ—ലെന്തൊ-
രാനന്ദംവാച്ചിതുമെന്മേൽ
നിന്നളകാഞ്ചിതവക്ത്രം—തന്നി-
ലന്നയി!ചുംബിച്ചമാത്രം.
എന്മനസ്സൊന്നാകമാനം—ധൃത-
ചിന്മയാനന്ദമായ്ത്തന്നം
മേല്ക്കണ്ണി! മന്മഥംമാറി—പന-
ങ്കല്ക്കണ്ടമോ, യഴലാറി.
ഗന്ധമാദിപപ്രൌഢയാനേ:—സുഖ-
ഗന്ധമയസുമോദ്യാനേ!
കേശപാശംതവലേശം—ഗത
ക്ലേശമയയ്ക്കു ഭൂതാശം
പല്ലവപാണികൾചേരും—തവ
വല്ലതുമാകില്യം പോരും;
കഷ്കനെഞ്ഞിനെവഷ്—മപ്പോൽ
ഹർഷത്താലിഞ്ഞൊരുൽക്കർഷം
സന്ദേഹമില്ലുളവാകും—മറി-
ച്ചെൻദേഹം വിട്ടുഞാൻചാകും.
താവകചാരുകടാക്ഷ—മൊന്നു
കേവലംമാമകമോക്ഷം.
നിൻകിളിക്കൊഞ്ചലതെല്ലാം—നിറം
തങ്കിടുംമുത്തുകൾ, ചൊല്ലാം.
എൻചിത്തവല്ലി മതല്ലീ—നീയെൻ
സഞ്ചിതസൌഭാഗ്യമല്ലീ!
കാമതാപത്തിൻമരുന്നേ!—ദൃഢ-
പ്രേമവീരുത്തിൻ കുരുന്നേ!
ഓമനേ! നിന്നെനിനയ്ക്കും—പൊഴു-
താമയമെങ്കുലുദിയ്ക്കും.
എന്തിനു, മന്മതിക്കൂടി—സ്സമം
ചെന്തിയ്യിലെന്നോണം വാടി.
നാഡികളൊക്കെത്തളന്നു—വിധി-
താഡിതൻഞൊന്നിടരാന്നു.
നമ്മസംഭാഷിണിയിന്നു—മമ
മമ്മങ്ങളും പിളരുന്നു.
ഹാ! മമസന്തോഷവായ്പേ! വരി-
കാമഞ്ജുകാമപ്പടപ്പേ!
ഒന്നെനിനിശപസിച്ചായി—തെംകി-
ലെന്നുമിങ്ങാശപാസമായി.
ഹേമവണ്ണാമലകായേ! ഹ! ഹ!
മാമകീന ഗതിനീയേ.
.......................................
.......................................
വണ്ടാരണിവേണി! നീയി—ന്നിങ്ങോ-
ട്ടുണ്ടാകുമെംകിലതായി.

---

* ഇതു് ഇതിനിടെ കൂശ്മാണ്ഡനഗരത്തിൽ ൧൦-ാം വീഥിയിലുള്ള ൧൨-ാം നമ്പ്ര ഭവനത്തിലെ മാളികയിൽ തെക്കുവടക്കെമുറിയിൽ കിഴക്കുപടിഞ്ഞാറായി ഇട്ടിട്ടുള്ള ആകാശമേശയിലെ ഇടത്തുവലത്തെ വലിപ്പിന്റെ അകത്തുപുറത്തെക്കള്ളറയിൽ പററിപ്പിടിച്ചു കിടക്കുന്നതായിക്കണ്ടു കിട്ടീട്ടുള്ള ഒരു പ്രേമലേഖനമാകുന്നു. ഇതിനു വിഷയീഭവിച്ചിട്ടുള്ള കാമുകീകാമുകന്മാർ അങ്ങേതിലെ കഞ്ഞിക്കാവും ഇങ്ങേതിലെ കോന്തിമേനവനും ആണെന്നു അന്വേഷണത്തിലും അറിയുന്നു. ലേ.

# ഡോക്ടരുടെ ഭാഗ്യം.

—*—

ഒരു പ്രഹസനം.

(ഈ. ഐ. പി. ഏ.)

(രംഗം-൩. തുടർച്ച)

ക-ഇപ്പോൾ അതൊന്നും വരില്ല.

ക-അതും ശരിതന്നെ. 'കവിതാവനിതാചൈവസ്വയമേവാ ഗതാവരാ' എന്നാണല്ലോ.

പ-വനിതയും അങ്ങിനെവരുമ്പോൾ മതിയൊ? പറയട്ടെ.

ക-എന്തിനാ ഇതൊക്കെ പറയുന്നതു്. ഞാൻ എന്തിനും ഒരുക്കമാണു്. കമലാക്ഷിക്കു എന്താ വേണ്ടതു്.

ക-ഒരു ശ്ലോകം.

പ-ഡോക്ടരെ വേണ്ടാ.

ക-എന്തൊരുവക്കീലാ.

ക-അതുതന്നെ പറയണ്. ഞാനെന്താ ചിലപ്പോഴൊക്കെ എഴുതും. അത്രയ്ക്കു നുണവുമില്ല.

ക-അഃ അതുമതി. മാതൃക നോക്കാനാണു്.

പ-അപ്പൊ-ഒരു വിഷയം വേണ്ടെ.

ക-അതിനാ പ്രയാസം. എന്താ ഒന്നുപറയിൻ.

പ-എന്തിനു ദൂരെയൊക്കെ പോണു. കമല തന്നെയായിക്കോട്ടെ.

ക-ഞാനൊ! അതത്ര ശരിയാവ്വൊ?

പ-എന്താ ഡാക്ടരേ പറയൂ.

ക-നോക്കാം.

പ-ശരി. അങ്ങിനെ വരട്ടെ.

ക-(ആലോചിച്ചിട്ടു) ഐഃ വരുന്നില്ല.

പ-അതൊന്നും പററില്ല.

ക-വിഷയം പററിയില്ലെന്നുണ്ടോ?

പ-ഇതിലധികം പററിയവിഷയമൊ? ഇതുതന്നെ മതി.

ക-"കല്യൻ വിത്തവിഭൂഷിതൻ ബാങ്കർ മേനോൻ ചിരം"

പ-ഹഃ എന്തൊരുശയ്യ. വൃത്തമൊ "സൂര്യാശ്വൈർമ്മസജസ്തതസ്സഗുരുവശാർദ്ദൂലവിക്രീഡിതം! അല്ലെ കമലാക്ഷി."ബാങ്കർമേനോൻ"സന്ധികണ്ടില്ലെ.

ക-കൊല്ലം താപമൊട്ടും വളൎന്നിട്ടുന്ന മകളാം കമലാക്ഷി സൽരത്നമെ!

പ-കൊല്ലംതാപമെത്രഭേഷ്. വലിയതാപം എന്നർത്ഥം പിന്നെ.

ക-നിങ്ങളോടു വ്യാഖ്യാനം ചോദിച്ചുവൊ?

ക-മല്ലാർസായകമേററ മതിയുംകെട്ടങ്ങുവാഴുന്നമാം

പ-അടി ബലെ: ശൃംഗാരമുഴമ്പുതന്നെ. ഇതും കയ്യിലുണ്ടോ. അമ്പാ. രസിക.

ക-നിങ്ങൾ അദ്ദേഹത്തെ നന്നായി മനസ്സിലാക്കിയിട്ടില്ല.

ക-ഞാൻ ഇതുപോലെ എത്രയോ പണിക്കരെ കണ്ടു. ഇനിയെത്ര കാണാൻപോണു. ഇതാണു ഡോക്ടരോടു മുട്ടിയാൽ.

പ-അതല്ല. വൈദ്യവും സാഹിത്യവും തമ്മിൽ എന്തൊരു ഭേദമുണ്ടു്. എന്നിട്ടും ഈ വിദ്വാൻ.

ക-ഇതെന്താ. ഒരാളുടെ സ്വത്തല്ലല്ലൊ.

ക-ആക്കം ആകാം! ഭയപ്പെടേണ്ട. ഇനി നാലാമത്തെപാദം.

ക-മാലാററാന്തകന്നതാകിലധികം ശ്രേയസ്സുവർദ്ധിച്ചിടും.

പ-ഭേഷ്. പഠിക്കട്ടെ കണ്ടിട്ടു് ഇപ്പോഴത്തെ കവികുഞ്ഞരമ്പാരു്. വള്ളത്തോളും ഉള്ളൂരും എല്ലോളം കൊള്ളാതെ തള്ളണം. ഡാക്ടരെ ഇതാ വന്ദനം. എന്തൊരു ഭംഗി.ഒഴുക്കു്, പ്രാസം അർത്ഥം, അലംകാരം-കമലാക്ഷി എന്താ ഒന്നും മിണ്ടാത്തതു്.

ക-"സൽരത്നമെ" എന്നതു സംബോധനയൊ?

പ-അതൊക്കെ പിന്നെ. നിങ്ങൾ തമ്മിൽ കൂടുമ്പോൾ—ഞാൻപോണു. നേരമായി. കരുപ്പിനു താമസമുണ്ടായിരിക്കാം.

ക-ഇല്ല. ഞാനും പോകയായി കളത്തിലേക്കു പോണം.

പ-എന്നാൽ ഒററന്നാൾ. എന്താ കമലാക്ഷി? കരപ്പെ എണീയ്ക്കു. എന്താഭ്രമം?

ക-ഒന്നുമില്ല. ഇതാവരികതന്നെ. (എഴുന്നീററു പണിക്കരും കരുപ്പും പോയി)

കമലാക്ഷി-ഈ വിഡ്ഢ്യാനെ ഒരു പാഠം പഠിപ്പിക്കണം. ആട്ടെ. ഇമ്മാതിരി മനുഷ്യർ ഈ ഇരുപതാം നൂററാണ്ടിലുമുണ്ടല്ലൊ. കഷ്ടംതന്നെ. ആ പണിക്കരു ആ വിദ്വാനെ കരങ്ങിനെ

---

ശേഷം മുഖദാവിലാവാം- സവിശേഷം....................മാവാം.
ഈവിധമാനന്ദമേന്തി- ക്കഞ്ഞിക്കാവിനായിക്കൊണ്ടു കോന്തി-

—*—

കളിപ്പിക്കുംപോലെ കളിപ്പിക്കുന്നു. ഇതൊന്നറിയില്ലേന്നിരിക്കുന്നു. കല്യാണം കഴിക്കാതെയാണു. വീട്ടിൽ പട്ടിണിയാണത്രെ. ഇനി ബന്ധുവഴിനോക്കി ഉണ്ണാം എന്നായിരിക്കും വിചാരം. ആട്ടെ. പോയല്ലൊ പാപം. അമ്മയുടെ സുകൃതം. ഓ നേരം സന്ധ്യയായിപ്പോയല്ലൊ. അമ്മു പോകേണ്ട നേരമായി (എന്നുപോയി)

## രംഗം ൪

(കൃഷ്ണമേനോന്റെ വീട്. മിസ്റ്റർ മേനോനും പണിക്കരും കമലാക്ഷിയും പ്രവേശിക്കുന്നു.)

കൃ—എന്താ പണിക്കർ. ഒരുക്കങ്ങളൊക്കെ ശരിയായില്ലേ. കല്യാണക്കാരൻ എത്താറായല്ലൊ.

പ—ഓ. ഒക്കെ ശരിയായി. കമലാക്ഷി! കുട്ടി എന്താ ഇവിടെ നിൽക്കുന്നതു്.

ക—അദ്ദേഹം വരുന്നതുവരെ എനിക്കിവിടെ നിൽക്കരുതോ?

കൃ—നിന്നോളൂ. അപ്പോഴും അമ്മുവിന്റെ അരികിലായോ?

ക—അതിനൊക്കെ ആളുണ്ടു്.

പ—ഇപ്പോ വരാം. കൂടെ ആരെങ്കിലും വേണമെന്നു് ഞാൻ പറഞ്ഞതു്. ഗോപാലൻമാത്രമേ ഉണ്ടാവൂ. അതിനകം ഭേദമായിട്ടൊന്നും വേണ്ടെന്നും പറഞ്ഞു.

കൃ—അതു നന്നായി. ഇവിടെ നടക്കുന്ന കഥ അധികംപേർ അറിയാതിരിക്കുന്നതല്ലെ നല്ലതു്?

പ—അതെ. എന്നോടായിരിക്കും ദേഷ്യം മുഴുവനും പക്ഷെ ഇമ്മാതിരി വിടന്മാരെ ഒന്നു പറ്റിക്കാതെ വിട്ടാൽ പന്തിയല്ല. വഴിയിൽക്കൂടെ പോകുന്ന പെൺകുട്ടികളെ കൈക്കൊണ്ട ഭ്രമിച്ചുവശായാ. പിന്നെ സംബന്ധം ആലോചിയ്ക്കാ. എന്താ വല്ല ചന്തസ്സാമാനങ്ങളാണോ. ഇന്നാളും ഇവിടെ വന്നില്ലെ. അന്നു് ഈശ്വരാ അതിനെ ഇട്ടു കൊട്ടയാട്ടി. മൂപ്പർക്ക് അതൊന്നും മനസ്സിലായതുമില്ല. വിഡ്ഢ്യാൻ.

ക—ശരിതന്നെ. നിങ്ങൾ അയാളെ കുറെ ബുദ്ധിമുട്ടിച്ചു.

പ—എന്താ ഇങ്ങനെ പറയണു്. ആ വരുന്നതു വല്ലതും മനസ്സിലായോ. അതൊക്കെ നേരെന്നല്ലെ ആ വിദ്വാൻ മനസ്സിലാക്കിയതു്.

കൃ—എന്തൊക്കെയാ ഉണ്ടായതു്?

പ—മോഷ്ടിയ്ക്കാ മകളോടു തന്നെ. സാധു വല്ലാതെ വഷളായി.

ക—വഷളാക്കി എന്നു പറയിൻ.

പ—ആ അങ്ങനെയെന്നു

കൃ—എന്താതു്. പറയിൻ

പ—അതു പറയാം. (മുന്നോട്ടുനോക്കിയിട്ടു്) അതാ വരുന്നു. അതൊക്കെ പിന്നെപ്പറയാം. കമലാക്ഷി പോവൂ. അമ്മുവിന്റെ അടുക്കലേക്കു പോവൂ

(കമലാക്ഷി പോയി)

(ഡോക്ടർ കുറുപ്പും ഗോപാലനും പ്രവേശിക്കുന്നു)

കൃ—ആ വരിൻ. ഡാക്ടരെ ഇരിക്കിൻ.

ക—പണിക്കരെ എന്താ നേരത്തെ എത്തീട്ടുണ്ടെന്നു തോന്നുന്നു.

കൃ—പിന്നെ! ചുക്കില്ലാതെ കഷായമുണ്ടോ? പോരെങ്കിൽ ഞങ്ങൾക്കു ഈ ഭാഗ്യം ഉണ്ടാക്കിത്തന്ന ആളല്ലെ.

പ—അങ്ങനെ ആണെന്നു വിചാരിക്കുന്നോർ അങ്ങിനെയല്ലെ.

കൃ—എന്താ നില്ക്കണതു്? ഇരിക്കിൻ.

(എല്ലാവരും ഇരിക്കുന്നു. ഗോപാലൻപോയി)

കൃ—ഇന്നുവല്ല വിശേഷ കേസ്സും ഉണ്ടായിരുന്നോ?

ക—ഓ. ഒരു ഡലിവരി കേസ് വളരെ ഡെയിൻജറസ് ആയിരുന്നു.

പ—എന്താ തനിയേ പ്രസവിച്ചുവോ?

ക—ഇതാണു് പണിക്കരുടെ കുറുക്കു്.

പ—സത്യം പറയുന്നതല്ലെ?

ക—ഇവിടെ അങ്ങാടിയിൽ വേറെ ചില ഡാക്ടർസും വന്നിരുന്നു. അവരൊക്കെ ആകില്ലെന്നു മടങ്ങി. എന്നിട്ടാ എനിക്കു ആളുവന്നതു്.

പ—എന്നിട്ടുപറയിൻ. അവിടെ ചെല്ലുമ്പോളു ക സ്ത്രീ സുഖമായി പ്രസവിച്ചുകഴിഞ്ഞിരിക്കുന്നോ ആട്ടെ വല്ലതും കിട്ടിയോ?

ക—അവിടെയ്ക്കു എത്തില്ല. അപ്പോഴേക്കും ആളെ വഴിയിൽ കണ്ടു.

കൃ—വരണ്ടെന്നു പറഞ്ഞുകൊണ്ടോ?

ക—അതെ.

കൃ—പിന്നെന്തുകിട്ടാനാ?

ക—ഇമ്മാതിരിതന്നെ ഇവിടുത്തെ കേസ്സൊക്കെ.

പ—അല്ലെങ്കിൽ പിന്നെ അവരൊക്കെ മരിയ്ക്കുണ്ടോ?

ക്രു:—അതെന്തിനു?

പ:—ഭേഷായി. ഇവരൊക്കെ ചികിത്സിച്ചിട്ടു സുഖക്കേടു ഭേദമാകയോ. മരണം തീച്ചയാണു്.

ക:—അതൊക്കെ സ്റ്റാൻററൽ പറയുകയാണു്.

ക്രു:—ഞാനും അതിനോടു യോജിക്കുന്നു.

പ:—ആട്ടെ. ഡാക്ടർ ഇതുവരെ എത്ര ആളെ കൊന്നിട്ടുണ്ടു്. പറയട്ടെ.

ക:—നിങ്ങളോടു അതൊക്കെ ചോദിച്ചുവോ? ആട്ടെ. നിങ്ങളും പിടിച്ചു എത്ര കേസ്സു തോററു.

പ:—അതു മുനിസിപ്പന്മാർക്കു കേസ്സു മനസ്സിലാവാഞ്ഞിട്ടല്ലേ. ഞങ്ങളുടെ കുററമല്ലല്ലോ.

ക്രു:—കുറിനോക്കാതെ വെടിവെയ്ക്കുകയോ. വക്കീൽ.

പ:—അതുപോലെ ഒരു ചാരുമരം ഇദ്ദേഹത്തിനുണ്ടോ? സ്വയംകൃതമല്ലേ. ഈ കലയൊക്കെ.

ക— അതിൽ ദൈവവും പങ്കുകൊള്ളുന്നുണ്ടെന്നു വെച്ചോളിനെ.

ക്രു— അതു വളരെ ശരി. "ദൈവഗതിയ്ക്കു പ്രവാഭുവനേസ്മിൻ- നൈവകവാടനിരോധമൊരേടം" എന്നല്ലേ ആപ്തവാക്യം.

ക— അതേ. നളൻക്രടി അങ്ങിനെയാണു പറയുന്നതു്. ഉണ്ണായിവാരരു് മിടുക്കൻതന്നെ. എന്തൊരു കവിത.

പ— ഇതു. ഉണ്ണായിയും മക്കായിയും അല്ലാഹേ. തമ്പുരാന്റെതാണു്. നല്ല മിടുക്കൻ.

ക— ഓ. ശരിതന്നെ. തമ്പുരാന്റെ തന്നെ. കോട്ടയത്തു തമ്പുരാന്റെ. ഞാൻ ആദ്യം ഒന്നു ഭ്രമിച്ചു. ഉത്തരാസ്വയംവരമല്ലേ?

ക്രു— അദ്ദേഹത്തിന്റേതുമല്ല. ഇതു കേരളവർമ്മന്റെയാണു്.

പ— ഉത്തരാസ്വയംവരം. കരുപ്പുസ്വയംവരം. അളകാതിരിയ്ക്കുഹേ. നിങ്ങൾക്കു എന്താ ഇന്നു തലയ്ക്കു ക്രുക്കുണ്ടോ.

ക— ഞാൻ എന്തോ വിചാരിച്ചു പറഞ്ഞതാണു്.

പ—(ക്രു. മേനോനോടു) എന്നാൽ ഉഴണു് ക്രിയ നടന്നിട്ടെന്നല്ലെ തീർച്ചയാക്കിയതു്. ഇതാ മുഹൂർത്തമായി. നടത്തുകയല്ലേ?

ക്രു— ശരി. നടത്തുകതന്നെ. എന്താ മിസ്റ്റർ കുറുപ്പു്.

ക— സമയം ആയാൽ പിന്നെന്തിനു വൈകിയ്ക്കുന്നു?

പ— ആ. ഒന്നു പറയാൻ മറന്നു. ഡോക്ടരെ. ഞങ്ങളുടെ ഇവിടെയൊക്കെ വരൻ വധുവിന്റെ മുഖം കാണാൻ പാടില്ലെന്നാണു മര്യാദ. അതുകൊണ്ടു വധുമുഖം കാണിക്കാതെ ഒരു മുണ്ടുകൊണ്ടു മൂടിയിട്ടേ വരു. ഭ്രമിയ്ക്കരുതു്. കേട്ടോ?

ക— ഹേ. അതാതുരാജ്യത്തിലെ നടപടിയ്ക്കനുസരിച്ചു നടക്കുന്നതല്ലേ യോഗ്യത.

ക്രു—എന്നാൽ വക്കീൽ പോയി കമലാക്ഷിയെ കൂട്ടിക്കൊണ്ടു വരു. (പണിക്കരു പോയി)

ക്രു— എന്തൊക്കെ ചടങ്ങാണു ഇട്ടിക്കിൽ. അതൊന്നും തെററിയ്ക്കാൻ പാടില. എന്നാൽ ജാതിവഴക്കായി. കുട്ടവും കറിയുമായി.

ക— അതും ഭയപ്പെടണം. എന്നല്ല ഒരു ശുഭാവസരത്തിൽ അമ്മാരിര കശപിശ കൂട്ടുന്നതും നന്നല്ല.

ക്രു— അങ്ങിനെതന്നെ. അതാണിത്ര ഭയം.

[പണിക്കരും, കമലാക്ഷി ഇവർ വരുന്നു. പിന്നാലെ ഗോപാലൻ പ്രവേശിക്കുന്നു]

ക്രു— കുറുപ്പു്, എണീയ്ക്കു. ഇതാ ഇവിടെ കിഴക്കോട്ടു തിരിഞ്ഞു നില്ക്കു.

പ— കമലാക്ഷി, ഇവിടെ വരു ഇതാ ഇങ്ങിനെ നിൽക്കു (എന്നു പിടിച്ചു നിർത്തുന്നു)

ക്രു— ഡോക്ടരുടെ മോതിരം കയ്യിലില്ലേ. അതിനെ ഇട്ടുകൊടുക്കുക (ഡാക്ടർ അങ്ങിനെ ചെയ്യുന്നു)

പ— കമലാക്ഷി. ഈ മോതിരം അങ്ങട്ടും ഇട്ടുകൊടുക്കു. (അങ്ങിനെ ചെയ്യുന്നു)

ക്രു— ഇതാ. ഈ മാലയും ഇട്ടു. (ഡോക്ടർക്കു കൊടുക്കുന്നു. ഡോക്ടർ അതിനെ ഇടുന്നു)

പ— (കമലാക്ഷിയോടു) ഇതാ ഈ മാലയും ഇട്ടു. (കമലാക്ഷി മാല ഇടുന്നു)

പ— ആ. ശരി. ഇനി മാറി നില്ക്കിൻ. (അവർ മാറി നിൽക്കുന്നു)

കമലാക്ഷി (പ്രവേശിച്ചു്) അല്ലാ ഡാക്ടർ, ഞാൻ വരുമ്പൊഴേക്കു ഇതൊക്കെ കഴിഞ്ഞുവോ. നല്ല മിടുക്കനല്ലേ. പറഞ്ഞു തോല്പിക്കുകയാണല്ലെ ചെയ്തതു്. ഇനിമേൽ ഞാൻ വിശ്വസിക്കുകയില്ല.

(ഡോക്ടരും ഗോപാലനും ഭ്രമിച്ചു നിൽക്കുന്നു)

ക— ഇതേതൊ നാരി (എന്നു അമ്മുവിന്റെ മൂടുപടം എടുക്കുന്നു)

(അമ്മു ഡോക്ടരുടെ അരികിലേക്കു മാറി ഡാക്ടരെ ചേർന്നിരുന്നു കൈപിടിയ്ക്കുന്നു.)

ഡോ— അയ്യോ! ഇതെന്തൊരു മറിമായം.

അ— ശബ്ദിയ്ക്കരുതു്.

ഗോ— ഹാ. ദൈവമേ! എന്റെ അമ്മു! നീ എന്നെ ഇങ്ങിനെ ചതിച്ചുവല്ലോ. ഞാനെന്തൊക്കെ വി

ചാരിച്ചിരുന്നു. ഇതെന്തൊരു ക്രൂരപ്പാ, എന്റെ ഭാര്യയെ —

അ– ഗോപാലാ! അധികപ്രസംഗം പറയരുത്. നി ന്റെ ഭാര്യയോ? പോ വീട്ടിലേക്ക്. ഞങ്ങളിതാ വരാം. (കുറപ്പിനോട്) പോകുക. നേരമായി. എന്താ ഇങ്ങിനെ ഭ്രമിക്കുന്നത്. നടക്കിൻ. (എന്നു വലിച്ചുകൊണ്ടു പോകുന്നു)

(സമ്പൂർണ്ണം)

---

## ആരോഗ്യലക്ഷ്മിയുടെ അവതാരം

അഥവാ

# മദനസുധാ

എന്ന അപൂർവ്വശക്തിയുള്ള ഒരു ആയുർവ്വേദജീവരത്നം.

ക്ഷീണന്മാൎക്കും ബലഹീനന്മാൎക്കും ഒരു ദിവ്യവരം.

സുപ്രസിദ്ധന്മാരായ വലിയ സിവിൽസർജന്മാരും, പ്രമാണപ്പെട്ട മററു പല ഡാക്ടർമാരും കേരളത്തിലെ കേൾവികേട്ട ആയുർവ്വേദവൈദ്യന്മാരും ഒരുപോലെ സമ്മതിച്ചു സർട്ടിഫൈ ചെയ്തിട്ടുള്ളതാകുന്ന ഞങ്ങളുടെ

## "മദനസുധാ"

ഇതിനെപ്പററി മലയാളത്തിലെന്നല്ല ഇന്ത്യയിലെ കീൎത്തിപ്പെട്ട വളരെ പത്രങ്ങൾ പ്രശംസിച്ചിരിക്കുന്നു. ഇതിന്റെ ഫലത്താൽ സ്വാനുഭവം വന്ന രാജാക്കന്മാർ പ്രഭുക്കന്മാർ, ഉദ്യോഗസ്ഥന്മാർ, വൎത്തകന്മാർ തുടങ്ങിയുള്ള അനേകം മാന്യമഹാജനങ്ങൾ സാക്ഷിപത്രങ്ങളും, അനുമോദനക്കത്തുകളും തന്നിരിക്കുന്നു. ഈ ഔഷധം ഉപയോഗിച്ചവരുടെ എല്ലാം പ്രേമഭാജനമായി തീൎന്നിരിക്കുന്നു.

## "മദനസുധാ"

ഇപ്പോൾ ഇന്ത്യയിലെ പലേസ്ഥലങ്ങളിലും, സിലോൺ, ബൎമ്മ, മലയാസ്റ്റേയിററ്, ഫെഡറേററ് മുതലായ ഇതരരാജ്യങ്ങളിലും അനേകംപേർ നിത്യമായി ഉപയോഗിച്ചുവരുന്നുണ്ട്. ഇതിനെക്കുറിച്ച്

കൊച്ചി വലിയ തമ്പുരാൻതിരുമനസ്സുകൊണ്ട്

വിശേഷമായ സ്വൎണ്ണമെഡൽ കല്പിച്ചു തന്നിരിക്കുന്നു.

## "മദനസുധാ"

അസഹനീയങ്ങളായ ഓരോതരം ക്രൂരരോഗങ്ങൾകൊണ്ടും, അതിയായ ഔഷധപാനംകൊണ്ടും, പ്രകൃതിക്കനുകൂലമല്ലാത്ത ഓരോതരം പ്രവൃത്തികൾകൊണ്ടുമുണ്ടാകുന്ന ക്ഷീണത്താൽ നാഡികൾക്കും ധാതുക്കൾക്കുമുള്ള ശക്തിമുഴുവനും ക്ഷയിച്ച്, ദേഹത്തിന്റെ ആരോഗ്യം മുഴുവനും നശിച്ച് മെലിഞ്ഞ് തളൎന്നും, വിളൎത്തും, കഠിനമായ വേദനയോടും മനഃക്ലേശത്തോടുംകൂടി ജീവിതച്ചുമടേററുന്ന മനുഷ്യൎക്ക് അല്പദിവസംകൊണ്ടു രോഗങ്ങളെല്ലാം നിശേഷംമാററി ശരീരത്തിനും അവയവങ്ങൾക്കും ശക്തിയെ വരുത്തി, ചൈതന്യം വെപ്പിച്ച്, സൎവ്വധാതുക്കൾക്കും പൂൎണ്ണപുഷ്ടിയെവരുത്തി, നശിച്ചുപോയ ആരോഗ്യത്തെ വീണ്ടെടുത്തു, യഥാൎത്ഥമായ ജീവിതസുഖത്തെ ദാനംചെയ്യുന്നതാണ്.

| | |
|---|---|
| ഒരു റാത്തൽ മരുന്നടങ്ങിയ കുപ്പി ൧-ക്കുവില ക. ൧൮—൦—൦ | തപാൽചിലവ് പുറമേ. |
| അരറാത്തൽ മരുന്നടങ്ങിയ കുപ്പി ൧-ക്കുവില ക. ൩—൦—൦ | |
| ൬ തോല മരുന്നടങ്ങിയ കുപ്പി ൧-ക്കുവില ക. ൮--൮—൦ | |

ചില സർട്ടിഫിക്കററുകൾ.

ക്യാപ്ടൻ എ. ആർ. പൊതുവാൾ, ബി. എ., എം., ബി., സി. എം., എൽ. ആർ. സി. പി. എം. ആർ. സി. എസ്സ്. സിവിൽസർജൻ:–

"മദനസുധാ....ഞാൻ ഉപയോഗിച്ചു ഫലം സിദ്ധിക്കുകയും ചെയ്തു. ഈ മരുന്നു വേണ്ടവിധത്തിൽ ഉപയോഗിക്കുന്ന യാവനൊരുത്തനും ദേഹപുഷ്ടിയും ഇന്ദ്രിയബലവും കൊടുക്കുന്ന ഒന്നാണെന്നു തൃപ്തിപ്പെട്ടമെന്നു സംശയമില്ല"

സി. പി. നമ്പൂതിരിബ്രദേഴ്സ്,

സിദ്ധൌഷധരത്നാലയം, തൃശ്ശിവപേരൂർ.

# ജീവരക്ഷാമണി വൈദ്യശാലയിലെ

## ചില ദിവ്യൌഷധങ്ങൾ

### ചന്ദനാദിതൈലം

തലയ്ക്കും തലച്ചോറിനും നരമ്പുകൾക്കും കണ്ണിനും പീനത്തിനും കണ്ണുരോഗങ്ങൾക്കും ചൊറിചിരങ്ങുകൾക്കും നീക്കേട്ടുകൾക്കും തേമൽ ചുണങ്ങു വാടതാമര പൊരികണ്ണി രക്തവാതം പ്രമേഹം പിത്തസംബന്ധമായ ചുട്ടുനീറക്കം ഈ എല്ലാ സുഖക്കേടുകൾക്കും ഒന്നുപോലെ ഫലിക്കുന്ന ഒന്നാംതരം തൈലം. ചന്ദനതൈലം കസ്തൂരി വെരികിൻപുഴ്ക് മുതലായ അനവധി സുഗന്ധദ്രവ്യങ്ങളും വിലയേറിയ അങ്ങാടിമരുന്നുകളും ദിവ്യമൂലികകളും ചേർത്തുണ്ടാക്കീട്ടുള്ള ഈ തൈലം നിത്യത ഉപയോഗിച്ചാൽ യാതൊരു സുഖക്കേടുകളും ഉണ്ടാകയില്ലെന്നു മാത്രമല്ല മനസ്സിന്നു സന്തോഷവും ഉത്സാഹവും ഉണ്ടാകും. ശരീരത്തിലേയും വായിലേയും ദുർഗ്ഗന്ധങ്ങൾ മാറും. കണ്ണിന്നു കുളൎമ്മയുണ്ടാകും. ഓൎമ്മകേടുള്ളവൎക്കു ഇത്ര നല്ല തൈലം വേറെയില്ല. മുഷിഞ്ഞു പുസ്തകം വായിക്കുന്നവൎക്കുണ്ടാകുന്ന സകല സുഖക്കേടുകൾക്കും ഇതു കൈകണ്ട ഒരു തൈലമാണ്. പ്രാസംഗികന്മാരും വക്കീലന്മാരും വാദ്ധ്യാന്മാരും ഉപയോഗിക്കേണ്ടതു ഈ തൈലംവേണം ഏതുവിധത്തിൽ ശരീരത്തിലുണ്ടാകുന്ന ക്ഷീണവും ചൂട്ടും ഇതു മാറ്റും. സ്ത്രീസംയോഗംകൊണ്ടു ശരീരം ക്ഷീണിച്ചവരുടെ സകല സുഖക്കേടുകൾക്കും ഇതൊരു കല്പകം. ഗർഭിണികൾക്കും കുട്ടികൾക്കും ഇതുപോലെ ഗുണപ്രദമായ ഒരു തൈലം ഇല്ല. പിത്തരോഗങ്ങൾ കണ്ണുപുകച്ചിൽ തലച്ചൂട് കൈകാൽചുട്ടുനീറക്കം വയററുകത്തൽ മൂത്രദോഷം വസ്തിയിലുള്ള ചൂടുകൾ മൂത്രച്ചൂടിൽ അസ്ഥിയുരുക്കം പഴുപ്പുപോക്ക ഇവകൾ ഈ തൈലം ഉപയോഗിച്ചാൽ ഒരിക്കലും ഉണ്ടാകുന്നതല്ല.

കുപ്പി ൧-ക്കു രൂ ൧

### ശിരോരോഗതൈലം

കണ്ണിനും, ചെവിക്കും, പല്ലിനും മറെറല്ലാ മുഖരോഗങ്ങൾക്കും ശിരസ്സിനും ഒന്നുപോലെ പററിയതും നിത്യത തേച്ചുകുളിക്കാൻ ഉപയോഗിക്കാവുന്നതുമായ ഒരു ഫലപ്രദമായ എണ്ണ. ഈ എണ്ണ തേച്ചുകുളിച്ചാൽ ഉള്ള ഗുണങ്ങൾ ചില്ലറയൊന്നുമല്ല. മനസ്സുകൊണ്ടു മുഷിഞ്ഞു പണിഎടുക്കുന്നവൎക്കും രാപ്പകൽ മുഷിഞ്ഞു പുസ്തകംവായിക്കുന്നോൎക്കും, വിദ്യാൎത്ഥികൾക്കും കവികൾക്കും ഉപാദ്ധ്യായന്മാൎക്കും വക്കീലന്മാൎക്കും രാത്രിയിൽ ഉറക്കം ഒഴിക്കുന്നവൎക്കും മററും ഇതുപോലെ ഉപകരിക്കുന്നതായി മറെറാരെണ്ണയും ഇല്ല. അന്ധനെ ഗരുഡനാക്കുകയും വലികത്തെ കോകിലമാക്കുകയും ചെയ്യും. തലച്ചോറിന്നു കുളൎമ്മയും മാർദ്ദവവും വർദ്ധിപ്പിക്കും. ബുദ്ധിക്കു കൂൎമ്മതയുണ്ടാകും. പരീക്ഷണാൎത്ഥം ഓരോ കുപ്പിവരുത്തി തേച്ചു പരിശോധിക്കുവിൻ

വില കുപ്പി ൧-ക്കു രൂ ൧

### സാലാമിസിറിലേഹ്യം

അമിതഭോഗം, വേശ്യാസംഗം, പ്രകൃതിവിരോധം മുതലായ പ്രവൃത്തികളാൽ ശരീരംമെലിഞ്ഞു, അവയവങ്ങൾ ക്ഷീണിച്ചു, കൈകാലുകൾ തളൎന്നു കാഴ്ച നശിച്ചു കഷ്ടപ്പെടുന്ന സഹോദരന്മാർ ഈ ലേഹ്യത്തെ വിധിപ്രകാരം ഒരു മണ്ഡലം സേവിച്ചുനോക്കുവിൻ. ഗൃഹസ്ഥാശ്രമധർമ്മം സന്തോഷത്തോടുംയോജിപ്പോടുംക്രീഡ നടത്തണമെന്നുദ്ദേശമുള്ള സ്നേഹിതന്മാർദമ്പതികൾ തമ്മിൽവിരോധത്തിന്നുള്ള ആദികാരണം എന്താണെന്നു കണ്ടുപിടിച്ചു അതിനെശരിപ്പെടുത്തുകയാണുവേണ്ടതു്. സ്ത്രീകളെ വെറുതെ പഴിക്കുന്നതുകൊണ്ടുള്ള പ്രയോജനമെന്താണു് തന്റെബാല്യകാലത്തെഅനാവശ്യമായി വിനിയോഗിക്കകാരണം ശരീരത്തിന്റെ ഓജസ്സും തേജസ്സും നശിച്ച ഒരു പുരുഷനിൽനിന്നും അവന്റെ ഭാൎയ്യ എന്തു സുഖമാണ് അനുഭവിക്കാനുള്ളതു്. വിന്തുവിട്ടാൻ നൊന്തുകിട്ടാൻ എന്നു തമിഴിൽ ഒരു പഴംചൊല്ലുള്ളതു് എത്രയോ അൎത്ഥവത്താണു്. അതായതു ഇന്ദ്രിയത്തെ അമിതമായും അനാവശ്യമായും ചിലവുചെയ്യുവൻ ദുഃഖാഗ്നിയിൽ കിടന്നുവലയുമെന്നാണു്.

ഈ സാലാമിസിറിലേഹ്യം ബാതാം, പിക്താക്, സൽക്രജാ, അക്ക്റോട്ട, പിസ്തേർ, സാലാമിസിറി മുതലായി ഉത്തരഇൻഡ്യയിൽമാത്രം കിട്ടുന്ന നാല്പതുവിധ പരിപ്പുവകകളെക്കൊണ്ടും മററനേകം മൂലികകളെക്കൊണ്ടുംതയ്യാർചെയ്തിട്ടുള്ളതാകുന്നു ഇന്ദ്രിയബലം നശിച്ചുഭാൎയ്യയുടെ മുഖത്തുനോക്കാനോവെളിക്കുപോ

# ബട്ട്‌ലിവാലായുടെ

## ൪൪-കൊല്ലത്തെ പ്രസിദ്ധിയുള്ള ഔഷധങ്ങൾ

ഇൻഡ്യൻ വ്യവസായപ്രദർശനങ്ങളിൽ സ്വർണ്ണമെഡലുകളും വെള്ളിമെഡലുകളും ലഭിച്ചിട്ടുള്ളത്.

ബട്ട്‌ലിവാലായുടെ ഏഗ്‌മിക്സ്ച്ചർ:—ഇൻഫ്ളുവൻസാ, മലമ്പനി മുതലായ എല്ലാത്തരം പനികൾക്കും നല്ലതു്. കുപ്പി ൧-ന്നു രൂപാ ൧. ഡസന്നു രൂപാ ൧൧.

ബട്ട്‌ലിവാലായുടെ ഏഗ് ഗുളികകൾ:—ഇൻഫ്ളുവൻസാ, മലമ്പനി മുതലായ എല്ലാത്തരം പനികൾക്കും നല്ലതു്. കുപ്പി ൧-ന്നു റിലരൂപാ ൧. ഡസന്നു രൂപാ ൧൧.

ബട്ട്‌ലിവാലായുടെ ബാലാമൃതം:—ക്ഷീണിച്ച കുട്ടികൾക്കും ശോഷിച്ചവർക്കും നല്ലതു്. കുപ്പി ൧-ന്നു അണ ൧൨. ഡസന്നു രൂപാ ൮.

ബട്ട്‌ലിവാലായുടെ സർവ്വശമനക്കുഴമ്പു്:—തലവേദന, നടുവുവേദന, കാലുവേദന, നെഞ്ചുവേദന. മുതലായി വാതസംബന്ധമായും മററുമുള്ള സർവവേദനകൾക്കും നല്ലതു. കുപ്പി ൧-ന്നു അണ ൧൨. ഡസന്നു രൂപാ ൬.

ബട്ട്‌ലിവാലായുടെ കോളറമരുന്നു:—വിഷൂചികാ, അതിസാരം, ഛർദ്ദി മുതലായവയ്ക്കു നല്ലതു്. കുപ്പി ൧-ന്നു അണ ൧൨. ഡസന്നു രൂപാ ൯.

ബട്ട്‌ലിവാലായുടെ കൊയിനാഗുളികകൾ:—ഒരു ഗ്രെയിൻഗുളിക ൧൦൦-എണ്ണമടങ്ങിയ കുപ്പി ൧-ന്നു രൂപാ ൧. ൫. ൪. രണ്ടുഗ്രെയിൻ കുപ്പി ൧-ന്നു രൂപാ ൧. ൭. ൧൨.

ബട്ട്‌ലിവാലായുടെ ധാതുപുഷ്ടിഗുളികകൾ:—വിളർച്ച ബലക്ഷയം, രക്തക്കുറവു്. മുതലായവയ്ക്കു നല്ലതു്. കുപ്പി ൧-ന്നു രൂപാ ൧. ഡസന്നു രൂപാ ൧൧.

ബട്ട്‌ലിവാലായുടെ പുഴക്കടിമരുന്നു:—പുഴക്കടി. ചൊറി, ചിരങ്ങു മുതലായവയ്ക്കു നല്ലതു്. കുപ്പി ൧-ന്നു അണ ൬. ഡസന്നു രൂപാ ൪.

ബട്ട്‌ലിവാലായുടെ ദന്തചൂർണ്ണം:— പല്ലു ശുദ്ധിയാക്കുന്നതിനും ബലപ്പെടുത്തുന്നതിനും നല്ലതു്. കുപ്പി ൧-ന്നു അണ ൬. ഡസന്നു രൂപാ ൪.

എല്ലാസ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ടു്.

വില വിവരപ്പട്ടികയ്ക്കു അപേക്ഷിക്കുക. കച്ചവടക്കാർക്കു നല്ലകമ്മീഷൻ നല്കപ്പെടും.

DR BATEIWALLA SONS & CO. LTD,
P. O. CADELL ROAD. BOMBAY 14.

ഡാക്ടർ ബട്ട്‌ലിവാലാസൺസ്
ആൻറു കമ്പനി ക്ലിപ്തം,
പി. ഒ. കാഡൽറോഡ്,
ബാംബേ നമ്പർ ൧൪

കമ്പിമേൽവിലാസം:—CAWASHAPUR, BOMBAY

നേകം മൂലിലകകളെക്കൊണ്ടും തയ്യാർചെയ്തിട്ടുള്ളതാകുന്നു. ഇന്ദ്രിയബലം നശിച്ചു ഭാര്യയുടെ മുഖത്തു നോക്കാനൊ വെളിക്കു പറവാനൊ നിവൃത്തിയില്ലാതെ മനസ്സിടിഞ്ഞു വലയുന്ന പുരുഷന്മാർക്കു ഈ സാലാമിസ്രിലേഹ്യം ഒരു കുലദൈവമാണെന്നു വിചാരിക്കണം. ഈ ലേഹ്യം സേവിച്ചു ഗുണം കിട്ടിയിട്ടുള്ള പലരുടേയും നല്ല നല്ല സർട്ടിഫിക്കററുകൾ ഞങ്ങൾക്കു കിട്ടിക്കൊണ്ടിരിക്കുന്നു. ഏതു കാരണത്താലെങ്കിലും നശിച്ചുപോയ ധാതുവിനെ ഈ ലേഹ്യം അതിശയിക്കത്തക്കവണ്ണം ബലപ്പെടുത്തും. പുരുഷൻ എന്ന പേരിനെ അന്വർത്ഥമാക്കിച്ചെയ്യു ദുഃഖത്തെ ദൂരത്തകററുന്ന ലേഹ്യം ഇതൊന്നു മാത്രമാണു്. ധാതുക്ഷയിച്ചു സ്ത്രീകളെ കാണുകയൊ വിചാരിക്കയോ സ്പർശിക്കയൊ ചെയ്യുമ്പോൾ ഉടനെ സ്ഖലനമുണ്ടായി നാണംകെടുന്ന സ്നേഹിതന്മാർക്കു ഇതൊരു ആപൽബന്ധുവാണു്.

വില ഡപ്പി ൧-ക്കു രൂപാ ൩.

ആവശ്യപ്പെടേണ്ടും മേൽവിലാസം:—
ജീവരക്ഷാമണിവൈദ്യശാല,
മെയിൻറോഡ്,—കൊല്ലം.

ഉയർന്നജമ്മൻ

# ടിക്ക് ടാക്ക് ഘടികാരം.

റജിസ്റ്റർ ചെയ്യപ്പെട്ടതു്.

ജർമ്മനിരാജ്യത്തുണ്ടാക്കിയതു്.



സമയം ശരിക്കു കാണിക്കുന്നതു്. വില വളരെ സഹായം. ചുമരിന്മേൽ തൂക്കാവുന്നതു്. വളരെ സുഖമായിട്ടുള്ളതു്. ഏററവും ഉയറന്നതെന്നു ശ്രുതിപ്പെട്ടതു്.

റജിസ്റ്റർചെയ്ത

"ടിക് — ടാക്"

എല്ലാസ്ഥലങ്ങളിലും ഉപയോഗിച്ചു വരുന്നു.

വില ഒന്നിനു ക. ൩—മാത്രം.

മേൽവിലാസം:—



പീററർവാച്ച്കമ്പനി തപാൽപെട്ടി നമ്പ്ര് ൨൭ മദിരാശി.

---

ഒരു സൌജന്യം.

"സി" രജിസ്റ്റേർഡ് ടൈംപീസ് വിലകൂടാതെ കൊടുക്കും.



ഞങ്ങളുടെ രജിസ്റ്റേർഡ് താരാലിവ്വർ പാക്കററ് വാച്ച് (ഫൈവ് കാററ് റോൾഡ് ഗോൾഡ്) അഞ്ചുവർഷത്തെ കാറൻറി ഉള്ളതു്. ൫ രൂ വിലയുള്ളതു ഒന്നു വാങ്ങുന്നവൎക്കു ഞങ്ങളുടെ ഒരു "സി" രജിസ്റ്റേർഡ് ടൈംപീസ് സൌജന്യമായി നൽകുന്നതാണു്. ക്ലിപ്തകാലത്തേക്കുമാത്രം. ഒരു പാക്കററു വാച്ചിനു ആർഡർ ചെയ്യുക.

വില സൌജന്യമുൾപ്പെടെ രൂ ൫.

ക്യാപ്ററൻ വാച്ച്കമ്പനി തപാൽപെട്ടി ൨൬൭, മദിരാശി.

## [illegible]ശക്തി.

### എങ്ങിനെ നശിച്ചു? എങ്ങിനെ വീണ്ടും ലഭിച്ചു?

നിങ്ങളെ ഒരു യഥാർത്ഥ മനുഷ്യനാക്കട്ടെ.

നിങ്ങളുടെ നശിച്ചുപോയ ശക്തി വീണ്ടും ലഭിക്കുന്നതിനു നിങ്ങളെന്തു ചെയ്യും? മുമ്പിലത്തെപ്പോലെ പ്രവൃത്തിപ്പാനുള്ള കരുത്തുണ്ടാവുന്നതിനും, പഴയ ഉന്മേഷവും ഉത്സാഹവും വീണ്ടും സിദ്ധിക്കുന്നതിനും, നല്ല പ്രസരിപ്പും വേണ്ട ശക്തിയും മാത്രമല്ല ആനന്ദവും ആഹ്ലാദവും ശരീരപുഷ്ടിയും ധാതുബലവും വർദ്ധിക്കുന്നതിനും നിങ്ങൾ ഏതു തന്നെ ചെലവാക്കുകയില്ല? നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പൌരുഷം ഇപ്പോൾ ഇല്ലെന്നും അതു ഇനിയും പ്രാപിക്കാനാഗ്രഹമുണ്ടെന്നും നിങ്ങൾക്കറിയാമല്ലൊ. അതു എളുപ്പത്തിൽ സാധിക്കാവുന്നതാണ്. തീരെ നശിച്ചുപോയ ശരീരങ്ങളിൽ ഞങ്ങൾ അനേകം ബലവാന്മാരെ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. അതുപോലെ നിങ്ങളെയും പൂർവ്വ ശക്തിയോടുകൂടിയ മനുഷ്യനാക്കിത്തീർക്കാവുന്നതാണ്.

അതിലേക്കു ഞങ്ങൾ നവീനമായി കണ്ടുപിടിച്ച സിദ്ധൌഷധമാണ്

## “വിഗോറാ”

പല പച്ചമരുന്നുകളെക്കൊണ്ടു പ്രത്യേകമായുണ്ടാക്കപ്പെട്ട പൌരുഷാരോഗ്യാമൃതം (ടോണിക്ക്)

ദഹനക്കേട്, വയറുവേദന, മലബന്ധം, ബലക്ഷയം, മുതലായവയെ അതിശയകരമായവിധത്തിൽ മാററുന്ന ഒന്നാന്തരം ഔഷധം. ശരീരപ്രകൃതിയെ അടിപ്പാടെമാററി യൌവ്വനത്തെ പ്രദാനിക്കുന്നതു.

ഒരിക്കൽ പരീക്ഷിച്ചാൽതന്നെ ഇതിന്റെ ഗുണങ്ങൾ ബോദ്ധ്യമാവുന്നതാണ്.

൩൦-ഗുളികയുള്ള ഒരു ഡപ്പിക്കു വില രൂ. ൨ (പോസ്റ്റേജും മററും പുറമെ) നാലണ അഡ്വാൻസയക്കുക. ബാക്കിക്കു വി. പി.

ഏജൻറന്മാരെ ആവശ്യമുണ്ട്.

അഡ്വാൻസയക്കുമ്പോൾ “വിദൂഷക”ൻറെ പേരുകൂടി കാണിക്കുക. എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽവേണം.

### സൌജന്യം സൌജന്യം

൧. ഒരു നല്ല ബ്ലോട്ടിംഗ്പാഡ്

൨. “ആരോഗ്യവും ബലവും സിദ്ധിക്കുന്നതിനുള്ള ഏററവും എളുപ്പമായ മാർഗ്ഗം.” എന്നൊരു ചെറുപുസ്തകം.

൩. കാററലോഗ്, ഷോ കാർഡുകൾ മുതലായവ.

ഇവ താഴെകാണുന്ന മേൽവിലാസത്തിൽ മൂന്നണസ്റ്റാമ്പയച്ചുതരുന്നവർക്കു സൌജന്യമായി അയച്ചുകൊടുക്കുന്നതാണ്.

(എഴുത്തുകുത്തുകൾ ഇംഗ്ലീഷിലായിരിക്കണം.)

**Indian Medical Depot** (Va 23)
Bhavnagar [Kathiawar]


PRINTED AND PUBLISHED BY S. S. CHETTIYAR, AT THE V. V. PRESS PARAVOOR QUILON